# അകന്നുപോകുന്ന ചക്രവാളം

എ. കെ. അബ്ദുൾഖാദർ
I P D C.

ഒരിക്കൽകൂടി ജമാൽ ആ കത്ത് വായിച്ചു. വേദനയിൽ കുളിച്ചുനിൽക്കുന്ന ആ മുഖത്തുനോക്കി ആർക്കും ആ കത്തിലെ ഉള്ളടക്കം വായിക്കാം. അകലെ, നാട്ടിൻപുറത്തെ ഓലമേഞ്ഞ, പട്ടിണിയിൽ മുങ്ങിയിരിക്കുന്ന ഒരു കുടുംബത്തെ നേരിൽ നോക്കി കാണാം.

ഒരു ദീർഘശ്വാസം വിട്ടുകൊണ്ടവൻ വെളിയിൽകടന്നു. ശബ്ദായമാനമായ ലോകത്തുനിന്നും സ്വല്പസമയത്തെ മോചനത്തിനുവേണ്ടി അറിയാതെതന്നെ ആ പാദം, പ്രകൃതിസൗന്ദര്യം പ്രതിബിംബിച്ചുനിൽക്കുന്ന ചാലിയാറിന്റെ തീരത്തേക്കു നീങ്ങി.

വിജനമായ തീരം. ഒന്നു പൊട്ടിക്കരയാനുള്ള അഭിനിവേശമുണ്ട് ഉള്ളിൽ. ചുററിലും മുഴച്ചുനിൽക്കുന്ന മൂകത, ഓർമ്മകളിലെ കറുത്ത മാലപ്പടക്കങ്ങൾക്ക് തീകൊളുത്തുകയാണോ? ഈശ്വരാ...ഇതെന്തൊരു പരീക്ഷണമാണ്...

അകലെ, ചക്രവാളത്തിനു് തൊട്ടു താഴെ, അകന്നകന്ന് വിസ്മൃതിയിലേക്കു പറക്കുന്ന പറവകൾ.....

ഒരു ഞെട്ടലോടെ അവൻ ഓർത്തു. ഇല്ല, ഒരിക്കലും എനിക്ക് മോചനമില്ല. മരണംവരെ ഈ അസ്വാസ്ഥ്യംതന്നെ പിന്തുടരും. പരപ്പിൽചിറേറാളം പടർത്തി താണുപോകുന്ന, കുളത്തിലെ കല്ലാണ്, അല്ല; ഓളങ്ങളാണ് എന്റെ ഏററവും വലിയ ദൗർബ്ബല്യം! മോചനമില്ലാത്ത ചിന്താതരംഗത്തിന്റെ നിലയ്ക്കാത്ത നാദം!

തളർച്ച തോന്നിയപ്പോൾ അടുത്തുകണ്ട കല്ലിൽ ഇരുന്നു. അകലെ, നാഴികകൾ [illegible] തിരശ്ശീലക്കപ്പുറം നാട്ടിൻപുറത്തെ തന്റെ ഇരുണ്ട കുടിലിലേക്ക് അവൻ നോക്കി. നിത്യ ദാരിദ്ര്യത്തിന്റെ പ്രതീകങ്ങളായ ഉമ്മയും കുഞ്ഞു പെങ്ങളും! അവരിപ്പോൾ എന്തു ചെയ്യുകയാവും? വടുകൾ വീണ്, ദീനം പിടിച്ച കൈകൾകൊണ്ട് ഇപ്പോഴും തൊണ്ട തല്ലി ചൂടി പിരിക്കയാകുമോ? ആകാനെ തരമുള്ളൂ. മൂന്നാത്മാക്കൾ ആ ദുർബലമായ വിരൽത്തുമ്പിലല്ലേ തൂങ്ങിനിൽക്കുന്നത്? ബാപ്പയുണ്ടായിരുന്നെങ്കിൽ!...

ഒന്നും ഓർത്തുകൂടാ. ലക്ഷാധിപതിയായ അമ്മാവന്റെ കണ്ണുകളിലേക്ക് ആശ്വാസത്തോടെ നോക്കിക്കൊണ്ടാണ് ബാപ്പ ഞങ്ങളെ വിട്ടുപോയത്. എസ്റ്റേററും, കാറും ലോറിയുമൊക്കെയുള്ള അമ്മാവൻ! ഒരു വലിയ ഉദ്യോഗസ്ഥനായ മകനെയായിരിക്കാം ബാപ്പ ആ കണ്ണുകളിലൂടെ നോക്കിക്കണ്ടത്. പ്രിയപ്പെട്ട ബാപ്പ!...അവിടത്തെ ആത്മാവിനു് നിത്യശാന്തി ലഭിക്കട്ടെ.

സൂര്യന്റെ അവസാനത്തെ ദുർബലമായ കനകരശ്മിയിൽ ജമാലിന്റെ നനഞ്ഞ കൺതടത്തിലെ ഉരുണ്ടുകൂടിയ ബാഷ്പബിന്ദുക്കൾ വെട്ടിത്തിളങ്ങി...

പുഴയിലെ തള്ളിക്കയറുന്ന ഓളങ്ങളിൽ ആ ചിന്താനേത്രം തറഞ്ഞുനിന്നു. ഓർമ്മകളിലെ ഓളങ്ങൾ മനസ്സിന്റെ ഭിത്തിയിൽ തട്ടി വിള്ളുമ്പോൾ അറിയാതെ തേങ്ങിപ്പോകുന്നു. ഓ! അന്നത്തെ ആ സംഭവം......

പട്ടിണിയിൽ കുളിച്ചുകിടക്കുന്ന വീട്. അകത്ത്, വെറും തറയിൽ ഉണങ്ങാത്ത കണ്ണീർപാടുകളോടെ തളർന്നുറങ്ങുന്ന പൊന്നുപെങ്ങൾ. മുതുകുവളഞ്ഞ ഉമ്മ തൊണ്ട്തല്ലുന്നു. വിശപ്പുകൊണ്ട് നേരെ നിവന്നു നിൽക്കാൻ വയ്യ. എത്രനേരം വിശപ്പുമൊതുക്കി കഴിച്ചുകൂട്ടും?

ഇന്നും ആ ഓർമ്മകൾ എത്ര സൂക്ഷ്മമാണ് മനസ്സിൽ തെളിയുന്നത്!

അന്ന് ഞാനൊമ്പതാംക്ലാസിൽ പഠിക്കുന്നു. അമ്മാവന്റെ മകനും അതേ ക്ലാസ്സിൽ. വിശപ്പിന്റെ വിളികേട്ട് ആദ്യമായി വീടിന് വെളിയിലിറങ്ങുകയാണ്. വെയിലിന് ചൂട് പിടിച്ചിട്ടില്ല. ഉച്ചയാകുമ്പോഴെക്കും അമ്മാവന്റെ വീട്ടിലെത്താം. അരിയിട്ട് തിളപ്പിച്ച ഒരു തവി കഞ്ഞി കുടിക്കാനാണ് യഥാർത്ഥത്തിൽ ഞാനങ്ങോട്ടു പോകുന്നത്. തരപ്പെട്ടെങ്കിൽ വീട്ടിലേക്ക് അരിവാങ്ങാൻ വല്ലതും......

അമ്മാവന്റെ മകൻ വരാന്തയിൽ റേഡിയോ ഗാനംകേട്ടു കിടക്കുന്ന ശുഭകരമായ ദൃശ്യവും കണ്ടാണ് ഞാൻ അകത്തേക്ക് കയറിയത്. എന്നെ കണ്ടപാടെ റേഡിയോവിൽ പ്രത്യേകം പ്രതിപത്തി തോന്നിയപോലെ. ജാള്യത മറച്ചുകൊണ്ട് ഞാൻ ചിരിച്ചു. എന്റെ കുശലാന്വേഷണങ്ങൾക്ക് അവജ്ഞാപരവും, അവ്യക്തവുമായ മറുപടി. അമ്മായി വരാന്തയിലേക്കു വന്നപ്പോൾ സന്തോഷം തോന്നി. പക്ഷെ, ആ മകനെ വാർത്തെടുത്ത ശിൽപശാലക്ക്, സ്വഭാവത്തിൽ ഒരു തെറ്റും പിണഞ്ഞിട്ടില്ലെന്ന് പെട്ടെന്നുതന്നെ ബോധ്യമായി. ബാപ്പയുടെ മരണത്തോടെ കുടുംബക്കാരിൽ ഉളവായ ഈ പ്രത്യേക സ്വഭാവപ്രകടനം കണ്ടു ഞാൻ സ്തംഭിച്ചുപോയി. എന്റെ കുശലാന്വേഷണങ്ങൾക്കു മറുപടി പോയിട്ട്, ഞാൻ അവിടെ ഉണ്ടെന്ന ബോധ്യംപോലും അമ്മായിക്കില്ലായിരുന്നു. എന്തൊക്കെയോ മകനോട് സംസാരിച്ച് മതിയായെന്നു തോന്നിയപ്പോൾ ഉള്ളിലേക്കു വലിഞ്ഞു. ഇനി ഒരു നിമിഷവും അവിടെ നിന്നുപോകരുതെന്നു തോന്നിയതിനാൽ പിടക്കുന്ന വയറുമായി ഇറങ്ങിനടന്നു. കുറെ ചെന്നപ്പോൾ പിന്നിൽനിന്ന് ആരോ വിളിക്കുന്നെന്നു തോന്നി. അമ്മാവന്റെ വീട്ടിൽനിന്നാണ്. മകൻതന്നെയാണ് വിളിക്കുന്നത്. അമ്മായിയുമുണ്ട്. അമ്മാവൻ ഒച്ചയെടുത്ത് എന്തൊക്കെയോ പറയുന്നു. ദരിദ്രനാണെങ്കിലും, എന്റെ അഭിമാനബോധം അപ്പോൾ ഫണം വെച്ചുണരുകയായിരുന്നു. തിരിച്ചു വിളിച്ചേടത്തേക്കുചെല്ലാൻ ഞാനവരുടെ വേലക്കാരനായിരുന്നില്ല. ധൃതിവെച്ചു മുമ്പോട്ടുതന്നെ നടന്നു. തളർന്നു വീഴുമെന്നു തോന്നിയപ്പോൾ അടുത്തുകണ്ട കൽക്കലുങ്കിലിരുന്നു.

ലോകം കണ്ണിൽകൂടി കറങ്ങുന്നതായിതോന്നി. കണ്ണ തുറന്നപ്പോൾ കണ്ണിൽ കണ്ണീരുമായി ഉമ്മ. ഗൗരവ വിടാത്ത മുഖവുമായി അമ്മാവൻ. ഉൽകണ്ഠയോടെ, സഹതാപത്തോടെ, അമ്മായിയും മകനും. എല്ലാവക്ക ഇപ്പോൾ എന്റെ കാര്യത്തിൽ സഹതാപമുണ്ട്.

ഡാക്ടർ മരുന്നിന്റെ കുറിപ്പ് കൊടുക്കുമ്പോൾ അമ്മാവനോട് പറഞ്ഞു. ''വളരെ സൂക്ഷിക്കണം രക്തം വളരെ കുറവാണ്'' പട്ടിണി കൊണ്ടുണ്ടായ രോഗമാണിത്. പോഷകപ്രദങ്ങളായ ഭക്ഷണം ക്ര ത്തിന് കൊടുക്കണം.'' ഉമ്മയുടെ വിളറിയ മുഖ വീണ്ടും വിളറി. അമ്മാവൻ ഉമ്മോയോടായി പറഞ്ഞു 'അവൻ ഇനി എന്റെ കൂടെ താമസിക്കട്ടെ. രോഗ ക്കെ സുഖായിട്ട് അങ്ങ് 'പോന്നാമതി' അർദ്ധപ്രാണനെങ്കിലും ഞാൻ അമ്മാവന്റെ ഗൗരവം സ്ഫുരി ക്കുന്ന മുഖത്തുനോക്കി ഗർജ്ജിച്ചു. 'അങ്ങോട്ട് ഞാൻ വരണമെന്നുണ്ടെങ്കിൽ എന്റെ കഴുത്ത് അറുത്ത്കൊണ്ട പൊയ്ക്കോളൂ. വിശന്നുപൊരിഞ്ഞുവന്നപ്പോൾ ഒരിറ്റ വെള്ളം തരുന്നത്പോയിട്ട്, ഒരു വാക്ക് സംസാ ക്കാൻപോലും മനസ്സ് വരാത്തവരുടെ വീട്ടിലേക്ക് ഈ ജന്മത്തിൽ ഇനി ഞാൻ കാലുകുത്തില്ല.'

അമ്മായിക്കും മകനും അതുകൊണ്ടു ഒരു ചുക്ക വരാനില്ലെന്നറിയാം.

എന്നിട്ടും ആ മുഖങ്ങൾ വെളുത്ത് വെളുത്ത് വെള്ളിലയാവുന്നതു ഞാൻ കണ്ടു. ആ സംഭവം കഴിഞ്ഞിട്ട് ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞുപോയി. ലക്ഷാധിപതിയായ അമ്മാവൻ സസുഖം കഴിയുന്നു. മകൻ പഠിപ്പുനിർത്തി ധൂർത്തനായും.

അകലെയകലെയെങ്ങോ നിന്നും അവ്യക്തമായി, നേർത്തില്ലാതാവുന്ന, കണ്ടുമറന്ന സ്വപ്നം മാതിരി നീണ്ടുനിൽക്കുന്ന പശുവിന്റെ കരച്ചിൽ...

ആകാശത്ത് നക്ഷത്രങ്ങൾ മിന്നുന്നുണ്ടായിരുന്നു. പരിസരബോധം വീണ്ടുകിട്ടിയപ്പോഴാണ് ഓർമ്മ കളുടെ ഇഴകളിൽ താൻ കുരുക്കിയിട്ട സമയത്തെകു ച്ചുള്ള ബോധമുണ്ടായത്. എത്ര നേരമായി ഞാനി വിടെ തനിയെ ഇരിക്കുന്നു? ധൃതിപെട്ടെഴുന്നേറ്റു. മടിയിൽനിന്നും പെങ്ങളുടെ ഉറച്ചിട്ടില്ലാത്ത കയ്യക്ഷ രമുള്ള എഴുത്ത് നിലത്തുവീണു.

''പൊന്നിക്കാക്കാക്ക്, ഉമ്മക്ക് സുഖല്ലാതെ കിട പ്പിലാണ്. അതുകൊണ്ട് രൂപ അയക്കാൻ കൊറച്ച് താമസിക്കും''

''ലോറിയുള്ള അമ്മാവനുള്ള നിങ്ങൾ P. B. F സ്കോളർഷിപ്പിന്ന് അർഹനല്ല! കഴിഞ്ഞമാസം മു ത്തടിച്ചപോലുള്ള പ്രൊഫസറുടെ വാക്കുകൾ! പ്രൊഫ സറുടെ പരിചയക്കാരനാണ് അമ്മാവനെന്ന് വേ നയോടെ അപ്പോഴാണ് ഓർത്തത്.

അകലെ നീങ്ങിയകലുന്ന നിറമില്ലാത്ത മേഘ ങ്ങളിലേക്ക് നോക്കിക്കൊണ്ടു തിരിഞ്ഞുനടന്നു. വഴി കളിൽ ഇരുട്ടിന്ന് കട്ടി കൂടുന്നുണ്ടായിരുന്നു.

# ചിരിക്കുന്ന തീരം

ശ്രീധരൻ വേക്കോട്ട്,
M. Com. (Final)

നീലത്ത് നീളമുള്ള നിഴൽ വരച്ചുകൊണ്ട് അയാൾ നടന്നു; അയാളുടെ ഇടത്തുകൈ പിടിച്ചു തുള്ളിച്ചാടിക്കൊണ്ട് ബിന്ദുമോളും. കടൽപ്പുറത്തെ തണുത്ത പൂഴിയിലൂടെ എന്തൊക്കെയോ ആലോചിച്ചു നടക്കുന്ന അയാൾക്ക് തിരമാലയുണ്ടാക്കുന്ന ശബ്ദം പേടിയായിയായിരുന്നു. കാല്ക്കീഴിൽ തണുത്ത പൂഴി അമർന്നരഞ്ഞുകരഞ്ഞു. സാന്ധ്യവെളിച്ചം വെള്ളത്തിലും പൂഴിയിലും പരന്നൊലിക്കുന്നുണ്ടായിരുന്നു. എല്ലാം അയാൾക്കു് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നു.

"ഇവിടെ ഇരിക്കാം." ബിന്ദു നിർദ്ദേശിച്ച സ്ഥലത്ത് എന്തോ ആജ്ഞ സ്വീകരിക്കുന്നതുപോലെ അയാൾ ചെയ്തു. പക്ഷേ ഒരു കാര്യം മാത്രം അയാൾ തെററിച്ചു. ഇരിക്കാൻ പറഞ്ഞതിന്നു് അയാൾ കയ്യും കാലും നിവർത്തി പൂഴിയിൽ മലർന്നുകിടന്നു. അടുത്തു തന്നെ അവളും. അയാൾക്ക് ഒന്നും സംസാരിക്കാനുണ്ടായിരുന്നില്ല. നിശ്ശബ്ദത നീണ്ടുപോകുമ്പോൾ ബിന്ദുവിനു് ആകപ്പാടെ വിഷമം തോന്നി.

"ഇന്നു് മാഷ് വാലില്ലാത്ത കുറുക്കൻെറ കഥ പറഞ്ഞു തന്നു." അവൾതന്നെ തുടക്കം കുറിച്ചു.

"............"

"ആ കുറുക്കന്മാരെല്ലാംകൂടി തപസ്സുചെയ്തു."

"............"

"കുറെക്കാലം തപസ്സുചെയ്തപ്പോൾ ദേവൻ പ്രത്യക്ഷപ്പെട്ടു."

"............"

ഞാൻ പറയില്ല. അച്ഛൻ അനങ്ങാതെ ഇരുന്നാൽ ബിന്ദുമോളും അനങ്ങാതിരിക്കും. അവൾ കെറുവിച്ചു ഒരിടത്തു പോയിരുന്നു. ശരിയാണ്; കഥ പറയുന്നതിന്നു് മുമ്പ് ഒരു കരാറുണ്ടായിരുന്നു. ഓരോ വാചകം പറയുമ്പോഴും 'ഉം' എന്നു് മൂളിക്കൊടുക്കണം. അയാൾ ഉടൻ എഴുന്നേററു് ബിന്ദുവിനെ കൂട്ടി അടുത്തിരുത്തി കഥ തുടർന്നുപറയാൻ നിർബ്ബന്ധിച്ചു. കാരണം അവളെ വേദനിപ്പിക്കുക എന്നതു് അയാൾക്കു് ചിന്തിക്കാൻകൂടി കഴിയുന്നില്ല. ആകക്കൂടെ അയാളുടെ ജീവിതം അവളുടെ സുഖത്തിന്നു് വേണ്ടി മാത്രമുള്ളതാണ്.

"ഇനി അച്ഛൻ കഥ പറയണം"

"ബിന്ദുമോൾ പറഞ്ഞാൽ മതി. കുറുക്കൻെറയും, സിംഹത്തിൻെറയും കഥ."

"അമ്മയാണെങ്കിൽ കഥ പറഞ്ഞുതരുമായിരുന്നു. നല്ല പാട്ടുംപാടി ഈ കടപ്പുറത്തുകൂടി ഓടിക്കളിക്കാമായിരുന്നു. ഈ അച്ഛൻ... കെറുവിച്ചു് അവൾ ഓടിക്കളിക്കുന്ന ഞണ്ടുകളുടെ പിന്നാലെ ഓടി.

വെളുത്ത മേഘങ്ങൾ പ്രേതങ്ങളെപ്പോലെ ആകാശത്തിലൂടെ ഒഴുകുന്നതു് കണ്ടപ്പോൾ അയാൾ ആകക്കൂടെ അസ്വസ്ഥനായി. സിന്ധുവിൻെറ രൂപമുള്ള പ്രേതങ്ങൾ. കടൽക്കാററ് ചുണ്ടിൽ ഉപ്പുരസം പുരട്ടി. തിരമാലകൾ സിന്ധുവിനെപ്പോലെ പൊട്ടിച്ചിരിച്ചു. അവൾക്കും എന്നും ചിരിക്കാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളു. ചിരിച്ചു ചിരിച്ചു ശ്വാസംമുട്ടിക്കുമായിരുന്നു അവൾ. അവൾ ആകാശത്തിലിരുന്നു് ചിരിക്കുന്നു; പിന്നെ കാററിലും, തിരമാലയിലും ഒളിഞ്ഞിരുന്നു പൊട്ടിച്ചിരിക്കുന്നു.

"–എത്ര വിഷമമായാലും അവളുടെ സാന്നിദ്ധ്യത്തിൽ എല്ലാം ഉരുകി ഒലിച്ചുപോകും–" അയാൾ ഓർമ്മിക്കുകയായിരുന്നു......

"ഇന്നു് കഴിഞ്ഞാൽ കഴിഞ്ഞു. നാളെ വരാനിരിക്കുന്നല്ലേയുള്ളു. അതിനെക്കുറിച്ചു നിങ്ങൾ എന്തിനു് മനസ്സു പുണ്ണാക്കണം ?" അവൾക്കെപ്പോഴും അതേ പറയാനുണ്ടായിരുന്നുള്ളു.

"സ്ത്രീകൾ സ്വതേ ഹ്രസ്വദൃഷ്ടികളാണ്. ഒന്നിനെപ്പററിയും കൂടുതൽ ചിന്തിക്കില്ല."

"മതി മതി ഒരു പ്രാരബ്ധക്കാരൻ; വയസ്സായ മട്ടുണ്ട് സംസാരമൊക്കെ. നമുക്ക് പുറത്തുപോയിരുന്നു് വല്ല കഥയും വായിക്കാം."

അവൾ കൈപിടിച്ച് പ്ലാവിൻെറ ചുവട്ടിലി രുന്നു കഥ വായിക്കും. അവളുടെ മടിയിൽകിടന്ന് സൂര്യവെളിച്ചം ഇലകളുടെ ഇടയിലൂടെ വന്നു നിലത്ത് ചിത്രം വരക്കുന്നത് നോക്കിയിരിക്കും.

ആ ജീവിതം ബിന്ദുമോളിലൂടെ വളർന്നു ചിരിച്ചു കളിച്ചു ഒഴുകിപ്പോയി. അതിന്നിടക്ക് എല്ലാം നശി പ്പിക്കാൻവേണ്ടി ആതു സംഭവിച്ചു. ഇതുപോലുള്ളൊരു സന്ധ്യയിൽ അവളും ബിന്ദുവുമൊത്ത് അയാൾ ഈ കടൽപ്പുറത്തിരുന്നു എന്തൊക്കയോ ചിന്തിക്കുകയായി രുന്നു.

"ഹോ! നിങ്ങൾ ഒരു കഠിനഹൃദയൻതന്നെ. അങ്ങോട്ടുനോക്കൂ! കാമുകീകാമുകന്മാരായ കടൽകാക്ക കൾ കാട്ടുന്ന വിക്രിയകൾ." ഒരു വശത്തേക്ക് ചൂണ്ടി അവൾ ചിരിച്ചു.

അവളുടെ ശബ്ദത്തിലും ചിരിയിലും ഒരായിരം മണിവീണക്കമ്പിയുടെ പ്രകമ്പനം കുടികൊണ്ടിരുന്നു. സ്പ്രിംഗ്പോലെ നെററിയിലേക്കും, കവിളിലേക്കും ഒടിഞ്ഞുവീണ കുട്ടിയുള്ള മുടിയിഴകളിലായിരുന്നു അയാളുടെ കണ്ണ്. വിയർപ്പുമണികൾ പൊടിഞ്ഞ നീണ്ട ചെത്തിമിനുക്കിയ ചിരിക്കുന്ന മുഖം കണ്ട പ്പോൾതന്നെ അയാൾ മറെറല്ലാം മറന്ന് അവളിൽ ലയിച്ചുകഴിഞ്ഞിരുന്നു. അവളോടൊപ്പം തിരമാല കളും ചിരിച്ചു. അവൾ കൊച്ചു കുട്ടികളെപ്പോലെ ബിന്ദുവിൻെറകൂടെ തുള്ളിച്ചാടി നടക്കുകയായിരുന്നു.

"ദേ......ഇങ്ങോട്ട് വന്നേ......നമുക്കാ കരിമ്പാ റമേൽ ചെന്നിരിക്കാം."

അകലെനിന്ന് അവൾ വിളിച്ചുകൂവി.

"അതപകടം പിടിച്ച വിനോദമാണ്. ഞാനില്ല."

അതിൻെറ പ്രതികരണം അവളുടെ കെറുവിച്ചുള്ള മുഖം വെട്ടിക്കലായിരുന്നു.

"നിങ്ങളില്ലെങ്കിൽ ഞാനും ബിന്ദുവും......" അവൾ ബിന്ദുവിൻെറ കൈപിടിച്ചു നടന്നു. ഒടുവിൽ അയാളും പിന്നാലെ ഓടി.

കടലിൽ മുട്ടു മടക്കിയിരിക്കുന്ന കരിമ്പാറയുടെ മുകളിൽ ഇരിക്കുന്നത് പ്രത്യേക സുഖംതന്നെയാണ്. ഇരമ്പുന്ന തിരമാലകളും പറന്നുകളുന്ന കടൽക്കാക്കയും സുന്ദരകാഴ്ചകൾതന്നെ.

പച്ചപ്പായൽ പിടിച്ച വഴുക്കലുള്ള കറുത്ത പാ മേൽ അയാൾ പൊത്തിപ്പിടിച്ചുകയറി.

നിഴലുകളില്ലാത്ത ചുകന്ന സന്ധ്യ കടൽക്ക യിൽ മയങ്ങിവീണു. ശബ്ദമില്ലാത്ത ഉപ്പുകാററ് ആ ഞ്ഞടിച്ചപ്പോൾ അയാൾ ടവ്വൽകൊണ്ട് അമർത്തി തുടച്ചു. കടലിൻെറ വായിൽ എന്തോ തങ്ങിയ പോലെ ചിരിയുടെ ഇഴകൾക്ക് ശക്തി കുറഞ്ഞു.

"ബിന്ദുവിനെ പൊക്കിക്കോളൂ ഞാൻ കൈ പിടിക്കാം. സൂക്ഷിക്കണം" അയാൾ താഴോ നോക്കി നിർദ്ദേശിച്ചു.

അഴിഞ്ഞുതൂങ്ങിയ സാരിത്തലപ്പ് വലിച്ച് ചു ററിട്ട് ബിന്ദുവെ ഉയർത്തി. അയാൾക്ക് അവളു കൈ എത്തിപ്പിടിക്കാൻ കഴിഞ്ഞിരുന്നില്ല.

തിരമാലയുടെ വെളുത്ത നുരകരിമ്പാറയുടെ ഇ യിലൂടെ വന്ന് തുള്ളിക്കളിക്കുകയായിരുന്നു. അവ മറെറാരു പാറമേൽ കാൽവെച്ച് ബിന്ദുവെ ഉയർ ബിന്ദുവെ കോരിയെടുത്ത് അയാൾ ഉമ്മവെച്ചു. പ പ്പുറ്റിൽ കാലുരച്ച് രസിക്കുകയായിരുന്ന ബിന്ദു വിൻെറ കവിളത്ത് അയാളൊന്നു നുള്ളി.

"അയ്യോ......" ഉച്ചത്തിലുള്ള ശബ്ദം വെള്ള ത്തിൽ മുങ്ങി. കറുത്ത തിരകളിലൂടെ സിന്ധു ഉ വലിഞ്ഞു.

—നിലവിളിച്ചുകൊണ്ട് പാറയുടെ വക്കത്തെത്തി ബിന്ദുവെ കെട്ടിപ്പിടിച്ച് നിസ്സഹായനായി നോക്ക നില്ക്കാനെ അയാൾക്ക് കഴിഞ്ഞിരുന്നുള്ളു.

അയാളുടെ മനസ്സിലൂടെ ഇടിമിന്നൽപോലെ ആ സംഭവം മറഞ്ഞു. പ്രജ്ഞയററപോലെ നി ത്തൊട്ടിപ്പോയ അയാൾ കണ്ണുതുറന്നുനോക്കി. ഇ ട്ടിൻെറ മങ്ങിയ വെളിച്ചം അയാളുടെ ചുററും ഞ്ഞിരുന്നു. ശബ്ദം നശിച്ച മങ്ങിയ രാത്രി. പരക്ക പാഞ്ഞ കണ്ണുകൾ അയാളിൽ ഭീതി ജനിപ്പിച്ചു ചാടിയെഴുന്നേററു ചുററും നോക്കി. ഒടുവിൽ ഭ്രാ മായ ശബ്ദത്തിൽ അയാൾ അലറി. "ബിന്ദൂ......

ചിരിക്കുന്ന തിരമാലകൾക്കപ്പുറം ബിന്ദുവ നേയും തോളിലേററി അവളും ചിരിക്കുകയായി രുന്നു; അവരോടൊപ്പം തീരവും.

# ഇന്നു കല്യാണമായിരുന്നു

സുധാകരൻനായർ കെ. പി.
III B. Sc. Physics, Farook College.

അപ്പു ഇപ്പോഴും കരയുകയായിരിക്കുമോ?

ഒരുപക്ഷെ, ഇ പ്പോ ഴ വ ൻ കരയുന്നുണ്ടായിരിക്കയില്ല. കുറേ കരഞ്ഞുകരഞ്ഞു ഒടുവിലവൻ നിറുത്തികാണും. കണ്ണീരൊഴുക്കലും അത്ര എളുപ്പമുള്ള കാര്യമല്ല. കുറേനേരം ഏങ്ങലടിക്കുമ്പോൾ ആരും ക്ഷീണിച്ചുപോകും. പ്രത്യേകിച്ചു് അപ്പു.

പാവം! അവൻ എൻെറ അനുജനാണു്. എനിക്കവനോടു സ്നേഹമുണ്ടു്. എനിക്കെൻെറ പൊന്നനുജനോടോ വാത്സല്യനിധിയായ അമ്മയോടോ ആരോടാണു് കൂടുതൽ സ്നേഹമെന്നു പറയുക വിഷമമാണു്.

ഇതുവരെ അവനെ ഞാനെടുത്തു താലോലിച്ചിട്ടില്ല. എൻെറകൂടെ കളിക്കാനും ഞാനവനെ അനുവദിക്കാറില്ല. എപ്പോഴും കർശനമായേ പെരുമാറാറുള്ളൂ. മററുള്ള കുട്ടികളോടു് എത്ര ശാന്തനായാണു് ഞാൻ പെരുമാറാറുള്ളതു്! എന്നാൽ ആ ക്ഷമയെല്ലാം എൻെറ അനുജൻ അടുത്തു വരുമ്പോൾ, അവൻ വല്ല വികൃതിയും കാണിക്കുമ്പോൾ എവിടെയാണു് പോയൊളിക്കുന്നതു?

അനുജൻമാരോടു് സ്നേഹമുള്ള ഏട്ടൻമാർ ഒരുപക്ഷെ അങ്ങിനെ ആയിരിക്കാം; യഥാർത്ഥവാത്സല്യത്തിനു് താലോലിക്കുവാൻ അറിഞ്ഞുകൂടായിരിക്കാം.

അമ്മക്കു് അവനോടൊട്ടും കനിവില്ലെന്നുതോന്നും. ഏട്ടൻ മാത്രംമതി അമ്മക്കെന്നു് അവൻെറ ഹൃദയം നൊമ്പരപ്പെടുന്നുണ്ടാകും.

അമ്മക്കു് അവനോടും എന്നെപോലെതന്നെ ഇഷ്ടമാണെന്നു അവനറിയോ? അതിനവസരം കിട്ടീട്ടു വേണ്ടെ! എപ്പോഴും ഏട്ടനാണു് മുൻഗണന.

വാസ്തവം എന്താണു്?

എൻെറ അമ്മയെപോലെ നീറുന്ന ഹൃദയം മറേറതെങ്കിലുമൊരു സ്ത്രീക്കുണ്ടോ? സൂക്ഷിച്ചുനോക്കിയാൽ ആ മുഖത്തു് ദുഃഖത്തിൻെറ കരിനിഴൽ കാണാം. ആ ഹൃദയം നീറുന്നുണ്ടെങ്കിലും എൻെറ അച്ഛനെ ഒരിക്കലെങ്കിലും ശപിക്കുന്നതായി ഞാൻ കണ്ടിട്ടില്ല.

അച്ഛൻ!

അദ്ദേഹം വീടുമായി ബന്ധം വിട്ടിട്ടു് കാലംഎത്ര കഴിഞ്ഞു! വല്ലപ്പോഴും അങ്ങിനെയൊന്നു ണ്ടാ യിരുന്നെന്നു് ഓർക്കാറുണ്ടോ എന്നുപോലും സംശയിക്കണം. ഓർക്കാതിരിക്കയില്ല. കാരണം, അതെല്ലാം ജീവിതത്തിൽ കഴിഞ്ഞുപോയതാണല്ലോ. ജീവിതത്തിൽ കഴിഞ്ഞതെല്ലാം എങ്ങിനെ മറക്കാൻ കഴിയും. പ്രത്യേകിച്ചു ഒരു സ്ത്രീയേയും അവളിൽ തൻെറ രക്തത്തിൽനിന്നു് ജീവൻകൊണ്ട രണ്ടു കുട്ടികളേയും.

അച്ഛൻ അമ്മയെ സ്നേഹിച്ചിരുന്നു. കുട്ടികളെ സ്നേഹിച്ചിരുന്നു. വീടിനെ സ്നേഹിച്ചിരുന്നു. എന്നിട്ടും എങ്ങിനെ അതെല്ലാം ഉപേക്ഷിക്കാൻ കഴിഞ്ഞു?

ഒരു ശിപായിക്കു് കവിഞ്ഞാൽ എന്തു വരുമാനം കാണുമെന്നു് ഊഹിക്കാം. പ്രത്യേകിച്ചു് വില്ലേജാപ്പീസിൽ പണിയെടുക്കുന്ന ഒരു കോൽക്കാരനു്.

എൻെറ അച്ഛൻ ഒരു കോൽക്കാരനായിരുന്നു. സ്വന്തമായി അരഏക്ര പറമ്പും അതിൽ ചെറിയൊരു ഓലപ്പുരയുമാണു് ആകെയുള്ള സമ്പാദ്യം. ആ പുരയിലാണു് ഇന്നും ഞങ്ങൾ താമസിക്കുന്നതു്. പക്ഷെഅവിടേക്കു് എൻെറ അച്ഛൻ കയറിയിട്ടു് വർഷം പലതും കഴിഞ്ഞുപോയി. അപ്പുവിനു് രണ്ടുവയസ്സു് പ്രായമുള്ളപ്പോഴാണു് അവസാനമായി അച്ഛൻ ഈ വീടുകാണുന്നതു്. ഇന്നു് അവൻ ജനിച്ചിട്ടു് പത്തുവർഷം കഴിഞ്ഞുപോയി. അതിനുശേഷം ഞാനും അച്ഛനെ കണ്ടിട്ടില്ല.

എനിക്കറിയില്ല, ഞങ്ങളെന്തു തെററുചെയ്തെന്നു്. അമ്മക്കു് ദ്വേഷ്യം വേറെ ചിലരോടാണു്. അവർക്കു് അസൂയയാണെന്നാണു് അമ്മ പറയുന്നതു്. അതിനു കാരണമുണ്ടു്.

അച്ഛൻ ഒരു കോൽക്കാരൻ, കോൽക്കാരൻെറ ഭാര്യ വെളുത്തതുടുക്കുന്നു. അവിടെ ഒരു നേരമെങ്കിലും തീകൂട്ടുന്നു, ശരിക്കും. കോൽക്കാരൻ മീൻ നല്ലതു വല്ലപ്പോഴും വാങ്ങുന്നു.

ആ വീടിനകത്തു് ഐശ്വര്യം ഉണ്ടായിരുന്നു. വല്ലമങ്കമാർക്കും അതു കണ്ണുകടി ഉണ്ടാക്കികാണും. പക്ഷെ അമ്മ വിളിച്ചുപറയുന്നതുപോലെ 'അവൾ മുടിഞ്ഞുപോകാൻ കൂടോത്രം ചെയ്തുകൊണ്ടോ'ന്നമായിരിക്കയില്ല അച്ഛൻ ചക്കാത്തിയുടെ കൂടെ പാപ്പാക്കിയതു്.

അ മ്മ ആ ച ക്കാ ത്തി യേ യു ം പ്രാ വ റു ണ്ടു്. അപ്പോഴും അച്ഛനെ നല്ലവനെന്നേ പറയാറുള്ളൂ. ഒരു

ദിവസം ആ ചക്കാത്തി തല്ലിപ്പായിക്കുമ്പോൾ അച്ഛൻ ദേവകിയുടെ അടുത്തേക്കുതന്നെ പാഞ്ഞുവരുമെന്നാണു് അമ്മ കരുതുന്നതു്.

അമ്മക്കിന്നും സ്നേഹമാണു് ആ പുരുഷനെ. അപ്പുവിനെ രാത്രി പിടിച്ചുകെട്ടികിടക്കുമ്പോൾ ഒരുപക്ഷെ അമ്മ അച്ഛനെകുറിച്ചു് ഓർക്കുന്നുണ്ടായിരിക്കും. ആ നിർമ്മലഹൃദയം ചിലപ്പോഴൊക്കെ തേങ്ങുന്നുണ്ടായിരിക്കാം. അങ്ങിനെ ഉറക്കംവരാതെ നീറുന്ന നിമിഷങ്ങൾ, ചില മണിക്കൂറുകൾ തള്ളിനീക്കുമ്പോൾ ആയിരിക്കാം ചിമ്മിനിവിളക്കും കത്തിച്ചുവെച്ചു വായിക്കുന്ന എന്നെ 'ഇനി മതിമോനെ, നേരം കുറേയായി, കിടന്നോ' എന്നു് നിർബ്ബന്ധിക്കാറുള്ളതു്.

ഈ വർഷംകൂടെ കഴിഞ്ഞാൽ കഴിഞ്ഞു എന്റെ സ്കൂൾജീവിതം. പത്താംതരംതന്നെ പൂർത്തിയാക്കുവാൻ ആയതുകൊണ്ടല്ല, മോഹംകൊണ്ടു മാത്രമാണു്. നേരത്തിനു തിന്നാൻ തരാനാരാണുള്ളതു്? എന്റെ ഒരമ്മ മാത്രമുണ്ടു് അടുത്ത മാളികവീട്ടിൽപോയി വീട്ടുപണിയെടുത്തു് വല്ലതും കൊണ്ടുവരുവാൻ. അപ്പുവിനോ? അതൊന്നും അറിയുകവേണ്ട. എന്തിനും വാശിമാത്രം. കഴിയാത്തകാര്യത്തിനു് ശാഠ്യംപിടിച്ചു് അടിവേടിക്കുന്നതാണു് അവന്റെ സ്വഭാവം.

ഇക്കൊല്ലംകൂടെ കഴിഞ്ഞാൽ വല്ല പണിയും തരപ്പെടുമെന്നാണു് അമ്മയുടെ വിചാരം. അതോടുകൂടി എല്ലാ കഷ്ടപ്പാടും നീങ്ങിക്കിട്ടും. എന്നാണു് അമ്മ ആശ്വസിക്കുന്നതു്. അതൊന്നും ഉണ്ടാകാൻ പോകുന്നില്ലെന്നു് അമ്മക്കുണ്ടോ വല്ല ഊഹവും!

ആകെയുള്ളതു് അരയേക്രയല്ലേ. അതിൽ ഒരു കണ്ടം മുഴുവൻ പാറയാണു്. കഴിഞ്ഞകൊല്ലം നാലഞ്ചു തൈവെച്ചതു് അടുത്തകൊല്ലത്തോക്കു് കിളിയോല വിരിയും. ശനിയും ഞായറും മുടക്കി ഒരു കണ്ടം പുളകുത്തിയതു് ഇന്നലെ പൈക്കുട്ടിയും ശരിപ്പെടുത്തി.

എന്തായാലും ശരി തടിക്കുകേടില്ലാത്തതു ഭാഗ്യം. ഗവർമ്മേണ്ടു പണിയൊന്നും കിട്ടിയില്ലെങ്കിലും, കട്ടംചായയും വേവാത്ത പുളങ്കിഴങ്ങും തിന്നുണ്ടാക്കിയതാണെങ്കിലും മെയ്യനങ്ങി പണിയെടുക്കും ഞാൻ അങ്ങിനെ എന്റെ വീടു പുലർത്തും. അമ്മ പിന്നെ പട്ടിണികിടക്കേണ്ടിവരില്ല. അപ്പുവിനു് പുതിയ കുപ്പായവും കിട്ടും. അങ്ങിനെയൊരു കുപ്പായത്തിനുവേണ്ടി അവൻ പലപ്പോഴും കരഞ്ഞിട്ടുള്ളതാണു്—ഇന്നും അവൻ കരഞ്ഞു.

ഇന്നു കല്യാണമാണു്.

എല്ലാവരും കല്യാണത്തിനു പോകുന്നുണ്ടു്. അവിടെനിന്നു് സ്പീക്കറു പാടുന്നുണ്ടു്. ഇമ്പമുള്ള സിനിമാപാട്ടുകൾ. കുഴലൂത്തും, പിപ്പിപ്പീം...,ടണ്ടടം... ഉണ്ടു്.

അഴകുള്ള വസ്ത്രങ്ങളണിഞ്ഞ, മുഖം നിറയെ പൗഡറുപൂശിയ, കണ്ണുനിറയെ കരിതേച്ച, തലമുട നിറയെ പൂചൂടിയ പെണ്ണുങ്ങൾ, ആണുങ്ങൾ. ചെറിയ വരും വലിയവരും എല്ലാം ഉണ്ടു്.

രാവിലെപെണ്ണുകൊണ്ടുവരാൻപോയസംഘം വ നിറയെ പരിമളം പൊഴിച്ചുകൊണ്ടു് കടന്നുപോയി രണ്ടുവീടപ്പുറമാണു് കല്യാണപ്പന്തൽ.

കല്യാണം! അതു വല്ലതെന്നുമാണു്. അവി തിക്കുണ്ടു്. തിരക്കുണ്ടു്. ആഹ്ലാദമുണ്ടു്. മത്സരമുണ്ടു് സദ്യയുണ്ടു്.

കല്യാണത്തിനു് അപ്പുവിനും പോകണം.

അമ്മക്കു ദേഷ്യം പിടിക്കാതിരിക്കുമോ? അച്ഛ ചക്കാത്തിയുടെകൂടെ. മോനു് ഇപ്പോൾ വേലന്റെ വീട്ടിൽ കല്യാണത്തിനും പോകണം. ദരിദ്രയെങ്കില ആഭിജാത്യമുള്ള അമ്മ പൊറുക്കുമോ? അപ്പുവിനുണ്ടോ പറഞ്ഞാൽ ഏശുന്നു!

ഒടുവിൽ ചൂടുള്ള രണ്ടുസമ്മാനം വാങ്ങിച്ചു. അമ്മ യിൽനിന്നു് അവൻ വീണുരുണ്ടു് കയ്യുംകാലുമടിച്ചു ആർക്കുകയാണു് ഞാൻ പുസ്തകവുമെടുത്തു് പടിയിറങ്ങുമ്പോൾ.

കഷ്ടം!

അമ്മ എത്ര വേദനിക്കുന്നുണ്ടായിരിക്കും! ദാരിദ്ര്യ കടുത്തദുഃഖം. അപമാനം. മിഥ്യാബോധം. എല്ലാ കൊത്തിവലിക്കുകയാണു്. എന്നിട്ടും ജീവിച്ച പോരുന്നു.

കല്യാണം വേലന്റേതാണെങ്കിലും കല്യാണ മാണു്. അവിടെയുമുണ്ടു് സദ്യയും സദസ്സുമൊക്കെ പക്ഷെ ജാതി. അതെത്ര വിഡ്ഢിത്തമാണെന്നു ബോധ മായാലും ശരി പിന്നെയും സങ്കോചവും പുറംപൂച്ച സ്പന്ദിക്കുന്നു.

വേലൻവൈശ്യൻ ശങ്കുണ്ണിപെണ്ണുകെട്ടുന്നു. ദഹ ക്കേടിനുപോലും മരുന്നുകൊടുക്കാൻ അറിഞ്ഞുകൂടാത്ത അവൻ വൈശ്യൻ ശങ്കുണ്ണിയാണു്. അവന്റെ അച്ഛന്റെ അപ്പനോ മറ്റോ അല്പം ആയുർവേദ മൊക്കെ അറിഞ്ഞിരുന്നതുകൊണ്ടു് ഇവനും ഇവന്റെ അച്ഛനുമൊക്കെ വൈശ്യനായിതീർന്നു. പടവലാ യെന്നും തിക്തമെന്നുമൊക്കെ പേരുപറഞ്ഞു ക അപ്പയും കുറുന്തോട്ടിയും, വള്ളിയും നാരും പറിച്ച കൊത്തിക്കുറഞ്ഞു വിററു കാശുണ്ടാക്കുന്നു.

അവിടെ അനവധി ആളുകൾ കൂടുന്നുണ്ടു്. പുതി പെണ്ണു് വരാൻ പോവുകയാണു്. ഒരു ദാമ്പ ജീവിതം പൊട്ടിവിടരുന്നു.

എൻെറ അമ്മയേയും ഇങ്ങിനെ ആളും മേളവും കൂടി ആഹ്ലാദത്തോടെ പുടവകൊടുത്തു കൊണ്ടുവന്നതായിരിക്കും അച്ഛൻ. ആദ്യമൊക്കെ ആ ജീവിതം താളാത്മകമായി ചലിച്ചു. ഒരുദിവസം അതു് കീഴ്മേൽ മറിയുകയും ചെയ്തു.

അതെല്ലാം എൻെറ അമ്മ അപ്പുവിൻെറ തേങ്ങൽ കണ്ണുകളിൽ വന്നു തട്ടുമ്പോൾ ഓർത്തുപോയോ ആവോ..................

രാത്രി പിഞ്ഞാണം നിറയെ മഞ്ഞുപോലെ വെളുത്ത, തണുത്ത ചോറു് മുന്നിൽവെച്ചുതന്നു അമ്മ. വായുവിൽ സാമ്പാറിൻെറ മണവും പൊങ്ങി.

ഇത്രയധികം ചോറു് എവിടെനിന്നു കിട്ടി? ഒരു നിമിഷം ഞാൻ സംശയിച്ചുനിന്നു. ആശ്ചര്യം തോന്നി. സന്തോഷവും അധികനേരം ഞാനങ്ങിനെ നോക്കി നിന്നില്ല. ആ ചോറു് എവിടെനിന്നു കിട്ടിയെന്നു ചോദിച്ചുമില്ല. ആ ചോദ്യം അമ്മ ചിലപ്പോൾ പ്രതീക്ഷിച്ചുകാണാം.

ചോറു വയറുനിറച്ചുണ്ടു. കൈകഴുകുമ്പോൾ ഞാൻ അറിയാതെ മന്ത്രിച്ചുപോയി. “ഇന്നു കല്യാണമായിരുന്നു.”

അതാരെങ്കിലും ശ്രദ്ധിച്ചുവോ എന്തോ.

—0—

# ഇൻറർവ്യൂ

P. Ubaid I B A (English)

എന്താടാ ഇനിയും, കിടന്നുറങ്ങുകയാണോ? അമ്മയുടെ ദേഷ്യപ്പെട്ടുകൊണ്ടുള്ള ചോദ്യംകേട്ടപ്പോഴാണ് രണ്ടുകയ്യും ചുരുട്ടിയകാലുകൾക്കിടയിൽവെച്ച് കണ്ണും മിഴിച്ച് സ്വപ്നംകണ്ടുകിടന്ന ഞാൻ നേരംവെളുത്തിട്ടുണ്ടെന്ന് അറിഞ്ഞത്. ഭാര്യയുണ്ടായിരുന്നെങ്കിൽ ഒരു തിരുപ്പൻ കിട്ടാൻവേണ്ടിയെങ്കിലും പഞ്ചാരവാക്ക് പറഞ്ഞുകൊണ്ട് എന്നെ എണീപ്പിക്കുമായിരുന്നു. വയസ്സ് രണ്ടിടങ്ങഴിയായിട്ടും കല്യാണം കഴിപ്പിച്ച് തരാത്ത അമ്മയെ ശപിക്കാൻതോന്നി. പക്ഷെ ശപിച്ചില്ല. അവസാനം അമ്മ ശപിക്കപ്പെട്ടതു് ഒരു ബീഡിക്കുററിക്ക്പോലും വകയില്ലാത്ത ഞാൻ കണ്ടുകൊണ്ടിരിക്കേണ്ടിവരും എന്നു കരുതി.

പ്യൂണിനെ തെരഞ്ഞെടുക്കാനുള്ള ഇൻറർവ്യൂ നടക്കുന്നദിവസം ഒന്നുപോയി നോക്കാമെന്നു തോന്നി. കഷ്ടിച്ച് ബസ്സിന്കൊടുക്കാനുള്ളകാശേ എൻെറ കയ്യിലുള്ളു. കിട്ടിയ ഒരു കാലിഹാഫ് കട്ടനും അകത്തോട്ടാക്കി യാത്രയായി. ഒരു പ്യൂണായാൽ കിട്ടുന്ന കൈക്കൂലിയെ കുറിച്ചാലോചിച്ചാണ് നടന്നതു്. മരിച്ചുപോയ അച്ഛനെക്കുറിച്ചാലോചിച്ചപ്പോൾ ഈ ജോലിയിൽ ഒരു കുറവുണ്ടെന്നു തോന്നി. അച്ഛൻ ധരിച്ചിരുന്ന തൊപ്പിയും, ട്രൗസറും, വടിയും, കുപ്പായവും മീശയും ഒക്കെ എനിക്കും ദൈവം തന്നെങ്കിൽ എനിക്കും ഈ നാടിനെ ഒന്നടക്കി ഭരിക്കാമായിരുന്നു. കവിഞ്ഞൊഴുകുന്നതുവരെ അകത്താക്കാമായിരുന്നു. വലിക്കാമായിരുന്നു. ഇഷ്ടമുള്ള പെണ്ണിനെ ഭീഷണിപ്പെടുത്തി പാട്ടിലാക്കാമായിരുന്നു. ഹ! എന്തൊരു സുഖമായിരിക്കും. കൈക്കൂലി പുറമെയും!

അതൊക്കെ പോട്ടെ. കാലിച്ചായക്ക് വഴിയുണ്ടാക്കണമല്ലൊ. പോക്കററടിച്ചാൽ എന്നും നേരത്തിന് ഭക്ഷണം കാർക്കൽകൊണ്ട് വന്നുതരും. പക്ഷെ ഒരു കാരാഗൃഹവാസിയായി കിടക്കണ്ടെ? ആരെങ്കിലും അറിഞ്ഞാൽ! ഹെ! അതിലും നല്ലതു് പത്തു് പൈസക്ക് നൂലുവാങ്ങി ഒഴിഞ്ഞ ടെലിഫോൺകമ്പി നോക്കുകയാണ്. ആളൊഴിഞ്ഞ സ്ഥലംനോക്കി ഭിക്ഷാടനത്തിനൊരുങ്ങിയാലൊ. അതിനാണെങ്കിൽ മുസ്ലിയാർമാർ സിനിമയിലെ സെക്സ്കാണാൻവേണ്ടി തലയിലെ മുണ്ട് എടുത്തു അരയിൽ ഷർട്ടിനടിയിൽ കെട്ടി താടി താല്ക്കാലികമായി ഷേവ് ചെയ്യുന്നതുപോലെ ഞാൻ എൻെറ തുലഞ്ഞ ബി. എ. സർട്ടിഫിക്കററ് തൂക്കിവില്ക്കുകയും മററുമൊക്കെ വേണ്ടെ?

ഒരു കുളക്കരയിലെത്തിയപ്പോൾ വർക്കിംഗ് മെഷീൻ പെട്ടെന്ന് ''ഔട്ട് ഓഫ് വർക്ക്'' ആയിപ്പോയി. കണ്ടാൽകരളിനെ കവരുന്നവരും, മനസ്സിനെ വഞ്ചിക്കുന്നവരും, അധരം നനപ്പിക്കുന്നവരും കണ്ണഞ്ചിപ്പിക്കുന്നവരുമായ പെൺമണികൾ കുളത്തിൽ, ആരും കാണുന്നില്ലെന്നുകരുതി കുളിക്കുന്നുണ്ട്.

എതായാലും സ്വന്തം ഭാര്യയില്ലാത്ത ദുഃഖംതീർക്കാനെങ്കിലും അല്പം നുണച്ചിറക്കാം. അവിടെത്തന്നെ കുറേനേരം കണ്ണുംമിഴിച്ച് വായുംപൊളിച്ച് നിന്നുപോയി. പെട്ടെന്ന് ഏതോ ഒരു നാശംപിടിച്ചമുത്തശ്ശി എന്നെക്കണ്ടു. ആ നശിച്ച സാധനം അതിലുണ്ടായിരുന്നതു് ഞാനറിഞ്ഞിരുന്നില്ല. ഒരുകാലത്തു് ഞാൻ പ്രണയിച്ചിരുന്ന ശിരോമണിയും അതിലുണ്ടായിരുന്നു. സ്നേഹത്തിൻെറ അർത്ഥം ദുഃഖമാണെന്ന് എന്നെടുഷനെടുത്തു് പഠിപ്പിച്ചതവളായിരുന്നു. അവൾക്കെന്നെ കണ്ടപ്പോൾ ദേഷ്യം തോന്നി. എനിക്കാണെങ്കിൽ അനുരാഗവും. പെട്ടെന്ന് ട്രാൻസ്ഫർ ഓർഡർ കിട്ടവെ ഞാൻ സ്ഥലംവിട്ടു.

മാനേജർ ഇൻറർവ്യൂ നടത്താൻവേണ്ടി എന്നെയും കാത്തു് ഓഫീസിൽ തനിച്ചിരിക്കയാകും. എന്ന്ഞാൻ കരുതിസമാധാനിച്ചു. അയാളും അല്പനേരം വിഹരിക്കട്ടെ.

കുട്ടികൾ സ്കൂളിൽപോകുന്ന സമയമായി. ആരേയോകാത്തു് നില്ക്കുന്നപോലെ റോഡരികിൽ അല്പം ഇരിക്കാം. പെൺപററം ഉടനെ കടന്നുപോകും. പട്ടാളക്കാരുടെ മാർച്ച്പാസ്പോലാണ് ആ വരവു്. പൂർവ്വകാല പ്രക്രിയകളൊക്കെ ഒന്നാവർത്തിക്കാം. പക്ഷെ കൊട്ടംനിരാശ. അവരുടെയൊക്കെ പിന്നാലെ മന്ത്രിയുടെ പിന്നാലെ പോലീസെന്നപോലെ ഒന്നിന് മൂന്ന് എന്ന നിരക്കിൽ പൂവാലന്മാരും ഉണ്ടായിരുന്നു. ഇവന്മാരെയൊക്കെ ഈ രണ്ട് വെച്ച് കൊടുത്താലെന്താ, അല്ലെങ്കിൽ വേണ്ട അധികാരം കൈവന്ന ശേഷമാകാം.

ഒന്ന് ട്രാൻസ്ഫറായാൽ കൊള്ളാമെന്നു തോന്നി. അടുത്ത ഓഫീസ്ബസ്സ്റ്റോപ്പിലായിരുന്നു. 'താങ്ക് ഗോഡ്''. ആശ്വാസമായി. ഒരുത്തനവിടെ, ഒന്നുവെച്ചാൽ പത്തുകിട്ടുന്ന പരിപാടിയാണ്. ഇപ്പോൾ

ചായക്കും ബിരിയാണിക്കും വകയായി. ആളുകളൊക്കെ അവിടെ കൂടിയതിന്റെ ഫലമായി ഹോട്ടലുകാരും മററും വായും പിളർന്നിരിപ്പാണ്. ഞാനാഹോട്ടലിലേക്കൊന്നുനോക്കി. ദൈവത്തിന്ന് ഇത്ര പെട്ടെന്ന് എന്റെ വായിൽ ഇത്രയധികം വെള്ളം പടച്ചുവിടാൻ മാത്രം അപാരമായ കഴിവുണ്ടെന്ന് അവിടെ തെളിയിച്ചുകഴിഞ്ഞു. ''എടാ ബിരിയാണി, സുഖിയൻ, മുട്ട-ഹൽവ, നിങ്ങളെയൊക്കെ ഞാൻ എടുത്തുകൊള്ളാം. നിങ്ങൾ ഇനിയും ആ അലമാരിക്കുള്ളിൽ ഇരുന്ന് മുഷിയണമെന്നില്ല'' എന്ന് ഞാൻ സ്വയം പറഞ്ഞുപോയി. അവയൊക്കെ എന്നെ കാത്ത് കിടക്കുകയാണ്. അതിയായ സ്വരാജ്യസ്നേഹം കൊണ്ടാവാം നാലുകാശിന്റെ ഖദർഷർട്ടിട്ട് ഇസ്തിരിമായരുതെന്ന് കരുതി കൈകൾ വിടർത്തി പത്ത് കാശ് കിട്ടാൻ എന്നെപ്പോലുള്ളവരുടെ വരവും പ്രതീക്ഷിച്ച് വായും പൊളിച്ച് ക്യാഷിലിരിക്കുന്ന മുതലാളി ആ പലഹാരങ്ങളെ അലമാരിയിൽനിന്ന് ഉന്മൂലനാശം ചെയ്യാൻ എവർറെഡിയായിട്ടിരിക്കുന്നുണ്ട്.

ഞാൻ ഒന്നുവെച്ചു. പത്ത് കിട്ടിയത് വേറേതോ ഒരു നശിച്ച ഹമുക്കിനായിരുന്നു. എനിക്ക് സങ്കടവും ദ്വേഷ്യവും സൈമുൾട്ടേനിയസ് ആയിവന്നു.

ഉടനെ ഒരു ബസ്സ് വന്നു. ഒരു ജനപ്രവാഹം അതിനടുത്തേക്ക് കുതിച്ചു. കൂടെ ഞാനും. ബസ്സോ അതിന്റെ ബോർഡോ ഒന്നും ശ്രദ്ധിക്കുന്നതിന്ന് മുമ്പു തന്നെ ഞാൻ കണ്ടക്ടറവർകളുടെ അനുമതിക്ക് കാത്ത് നില്ക്കാതെ അതിൽ കയറിക്കൂടി. കുട്ടിച്ചാക്കിൽ സാധനങ്ങളുംകൂടെ എണ്ണിയാൽ തീരാത്ത എണ്ണം കുട്ടികളെയുമായി ബസ്സുകയറാൻ വരുന്ന സ്ത്രീകളോട് ആ സർവ്വാധിപതി ദ്വേഷ്യപ്പെടുന്നുണ്ട്. അവന്റെ കട്ടിയുള്ള മീശയും, ചെളിപററിയിട്ടില്ലാത്ത എക്സലൻറു് കാക്കിയും, ഒരു സീററിന്ന്നേരെ തൂങ്ങിക്കിടക്കുന്ന മണിച്ചരടും ഒഴിഞ്ഞുകിടക്കുന്ന സീററുകളും കണ്ടപ്പോഴാണ് അത് 'ചുവന്ന സാധന'മാണെന്ന് എനിക്ക് മനസ്സിലായത്. വലത്ത് കക്ഷത്തിൽ ബാഗും ഇടത്ത് കക്ഷത്തിൽ സൂട്ട്കെയ്സും, തലയിൽ കാക്കക്കൂട്ടും, ചുണ്ടിൽ സിഗററും തോളിൽ കൈക്കുഞ്ഞും, കീശയിൽ ബ്രാണ്ടിക്കുപ്പിയും അരികത്ത് ഭാര്യയും ഒക്കെയുള്ള ചില വെറിയന്മാരും, ഒരു സീററ് കുത്തകയാക്കിവെച്ച് അതിൽനിന്ന് എണീററുകൂടാത്ത കണ്ടൻസരും ഒക്കെ എന്നെക്കണ്ടപ്പോൾ ചിരിതോന്നി. ഞാനിളിഭ്യനായി. ഞാനാ സീററിലൊന്നിരുന്നപ്പോഴേക്കും സ്റ്റാൻറിംഗ്ഓഡർ കിട്ടുകയാൽ ഞാൻ എണീററുനിന്നു. ഈ ബസ്സ് ഞാൻ പ്രതീക്ഷിച്ചതല്ല. ഉടനെ ഇറങ്ങണം. അല്ലെങ്കിൽ ഞാൻ കുതിരവട്ടത്തെത്തിയേക്കും. ഞാനാ മണിച്ചരടൊന്ന് തൊട്ടു. മണി ഒന്നടിച്ചു. അപ്പോഴേക്കും എണീക്കാത്ത പ്രതിമ ഒററച്ചാട്ടത്തിന്ന് ചരടിൽ പിടിച്ച്തൂങ്ങി. മണി രണ്ടടിച്ചു. പക്ഷെ ഞാൻ വിട്ടില്ല. വീണ്ടും ഒന്നടിച്ചു. വാശികൊണ്ടല്ല. ഭയംകൊണ്ട്. നിസ്സാരനായ എനിക്ക്വേണ്ടി ബസ്സ് പോലീസ്സ്റ്റേഷനിലേക്ക് തിരിച്ചു. കുതിരവട്ടം ഇതിലും ഭേദമാണ്. ബസ്സ് നിർത്തിയപ്പോഴത്തേക്ക് ഏതോ ഒരുത്തന്റെ ബ്രാണ്ടിക്കുപ്പിയും ഒരു പെണ്ണിന്റെ വാനിററിബാഗും എടുത്ത് ഞാൻ ചാടി. ഓടുന്നവഴി കുപ്പി പരിഭ്രമിച്ചുനില്ക്കുന്ന ഇൻസ്പെക്ടർക്കിട്ടു കൊടുത്തു. ആശാനത് കിട്ടിയപ്പോൾ സന്തോഷമായി പക്ഷെ ഇതു കണ്ടോടിയ നരച്ച പോലീസുകാരന് വാനിററിയും എറിഞ്ഞുകൊടുത്തു.

ബസ്സ് രണ്ടാമത്തേതുവന്നു. നിർത്തുന്നതിന്നു മുമ്പു ചാടിക്കയറി. ഒരു സീററ്കിട്ടിയതിൽ ഇരുന്നു. അടുത്ത സ്റ്റോപ്പിൽ എത്തിയപ്പോൾ അടുത്തിരുന്ന ആൾ എണീററു. അപ്പോഴേക്കും ഏതോ ഒരു ഉഗ്രൻ പനങ്കുററി എന്റെ മടിയിൽ ഇരിപ്പുറപ്പിച്ചു കഴിഞ്ഞിരുന്നു. വേദന കാരണം ഞാനവനെ മറിച്ചു താഴെയിട്ടു. ഒരു സീററ് കണ്ടപ്പോൾ അവൻ സർവ്വവും മറന്ന് ഇരുന്നതായിരുന്നു. ഞാനൊന്ന് മയങ്ങി. ഞെട്ടിയുണർന്നപ്പോൾ യാത്രചെയ്യുകയായിരുന്ന ഏതോ ഒരു കിഴവിയെ ഞാൻ കെട്ടിപ്പിടിച്ചിരിക്കുന്നു. സാരമില്ല-സ്വപ്നംകണ്ടുപോയതാണ്. സ്വപ്നത്തിൽ പതിനാറുകാരിയായിരുന്നെങ്കിലും പിടിച്ചത് അറുപതായിരുന്നു. ഞാനാകെ വഷളനായി.

ബസ്സിറങ്ങി. ഇനി ഓഫീസും അന്വേഷിച്ചു നടക്കണം. ഉള്ളകാശ് ഒന്ന് പത്തായവഴിയിൽ പോയിരുന്നു.

ഒരു കട്ടൻ കുടിക്കാൻ ഹോട്ടലിൽ കയറി. ചായ കുടിച്ചു. കീശതപ്പി. കാശില്ല. മേലോട്ട് നോക്കി. കാഷ്യർ എന്റെ കരണക്കുററിയെയും ലക്ഷ്യംവെച്ചു നില്പാണ്. ഓട്ടത്തിൽ ഒള്ളകാശ് പോയിരുന്നു. ഞാൻ വിറയ്ക്കാൻ തുടങ്ങി. ക്യാഷ്യർ ബെഞ്ചിന്റെ കാലൂരി. ഞാൻ കൊള്ളാൻ തീരുമാനിച്ചു. എന്തോ ശകുനപ്പിഴ പററിയിട്ടുണ്ടായിരുന്നെന്ന് അപ്പോഴാണെനിക്ക് മനസ്സിലായത്, ഏതായാലും പ്രശ്നംഒത്തുതീർപ്പായി. ഞാൻ വെള്ളംകൊണ്ട്വന്ന് കൊടുക്കാമെന്നേററു. അവർ തപ്പും ബക്കററും എന്റെ കയ്യിൽ തന്നു. വെളിയിലിറങ്ങി. അകമ്പടിക്കാരില്ലാതിരുന്നതിനാൽ ഞാൻ തപ്പ് ഗട്ടറിൽ ഇട്ടുകൊടുത്തു. ഗട്ടർ അത് സസ്നേഹം സ്വീകരിച്ചു. വെള്ളത്തിന്റെ കുറവ് കാരണം അന്ന് അവിടെനിന്ന് ചോറുണ്ടവർക്കെല്ലാം ചോറ് തൊണ്ടയിൽ കുടുങ്ങിക്കാണും. അവർ മുതലാളിയേയും മുതലാളി എന്നെയും ശപിച്ചുകാണും.

എന്റെ ഇത്രയും അമളികൾ വല്ല സഞ്ജയനോ വേളൂരോ മററോ കണ്ടിരുന്നെങ്കിൽ തീർച്ചയായും ഞാനൊരു കഥാനായകനാകുമായിരുന്നു. അവരാരും കാണാഞ്ഞത് ഭാഗ്യം.

ഈ ഗുലുമാലുകൾക്കിടയിൽഞാൻഇൻറർവ്യൂവിനെക്കുറിച്ചു മറന്നുപോയി. രാവിലെ ഇറങ്ങിത്തിരിച്ചതാണ്. നാശംപിടിച്ച അമ്മ സുപ്രതീക്ഷകളുമായി ഇരിക്കുന്നുണ്ടാകും. ഇവിടെ നടന്നതൊക്കെ അവരുണ്ടോ അറിയുന്നു!

എന്തായാലുംശരി മാനേജരെ തൃപ്തിപ്പെടുത്താൻ എന്തെങ്കിലും വേണമല്ലൊ. ഉള്ളപൈസ കൊണ്ട് ഒരു കെട്ട് ബീഡിവാങ്ങാൻ തീരുമാനിച്ചു. സാമ്പത്തികപരാധീനതകാരണം എൻെറ കയ്യിൽ കാശുണ്ടാവുകയില്ല എന്ന് ആ മനുഷ്യനുതന്നെ ഊഹിച്ചാലറിയാമല്ലൊ. വാങ്ങിയ ബീഡി ആരോ ആൺകുട്ടികൾ തട്ടിയെടുത്തു. സൊ അററ്ലാസ്റ്റ് ഞാൻ വായിലെ പല്ലു മുഴുവൻ പുറത്ത്കാണിച്ചു അല്പം ശോഭയോടുകൂടി ഒരു ഇളിപാസ്സാക്കാൻതന്നെ തീരുമാനിച്ചു. പല്ലില്ലാത്ത അയാളോട്ട് പല്ലുകാട്ടി ഇളിക്കുന്നതിൽ എനിക്കഭിമാനിക്കാമല്ല്യൊ.

എല്ലാം കഴിഞ്ഞപ്പോഴേക്കും സമയം അഞ്ചരയായിരുന്നു. അടിയന്തിരാവസ്ഥയായതുകൊണ്ട് പെൻഷനപേക്ഷിക്കാനിട വരുത്താതെതന്നെ നിർബ്ബന്ധിത പെൻഷൻ എന്ന ഒരു സാധനംകൊടുത്ത്സർവ്വീസിൽ ഏറെഴട്ടുകൊല്ലത്തെ ഇളവും അനുവദിച്ചു സെൻറ്ഓഫ് ആക്കുന്ന ഒരു പരിപാടിയുണ്ടെന്നും, അതിൽനിന്ന് രക്ഷ നേടാൻവേണ്ടി, ഓഫീസുകളെല്ലാം രാഷ്ട്രത്തിനെ അമിതമായി സ്നേഹിക്കാനെന്നവണ്ണം പ്രവർത്തനസമയം കൂട്ടിയിട്ടുണ്ടെന്നും, പക്ഷെ ഓഫീസുകൾ പൂർവ്വകാലസമയങ്ങളിൽതന്നെ ക്ലോസ്ചെയ്യുമെന്നുംമൊക്കെ ഞാൻ കേട്ടിരുന്നു. അവസാനം ഞാൻ ഓഫീസ് തിരയാൻ തുടങ്ങി. എല്ലാവരോടും ഞാൻതിരക്കി. ചിലർ ഇങ്ങോട്ടും തിരക്കി. അവസാനം ഒരു പയ്യനോടന്വേഷിച്ചു. നാശംപിടിച്ച ചെക്കൻ ഒരു കള്ളുഷാപ്പിലേക്കാണെന്നെ തിരിച്ചത്. അവസാനം ഞാനതു കണ്ടെത്തി.

ഞാൻ ഓഫീസിലേക്ക് നേരെനടന്നു. ഉള്ളിൽ ആരോ ഇരിക്കുന്നുണ്ടെന്ന് സംശയംതോന്നി. ഗേററിനടുത്തെത്തിയപ്പോൾ വരാന്തയിൽ ഒരുത്തൻ നില്ക്കുന്നത് ഞാൻകണ്ടു. അവൻെറ കോറയാണെങ്കിലും അലക്കിയ പാൻറും, നരച്ചതാണെങ്കിലും ഒരേ കളറിലുള്ള ഷർട്ടുമൊക്കെ കണ്ടപ്പോൾ ഇവൻ മാനേജരാണെന്ന് സംശയിക്കേണ്ടിയിരുന്നില്ല. ആ ഗേററിൻെറ അൻപതടി വിട്ടെങ്ങും ഒരു പശുക്കിടാവിനെ നടക്കാൻ അവൻ സമ്മതിക്കുന്നില്ല.

വരാന്തയിൽ കാലെടുത്തുവെച്ചപ്പോഴേക്കും അവൻ കോളർപിടിച്ചു നീയാര്? എങ്ങോട്ടാണ്? എന്നീ ചോദ്യങ്ങൾക്ക് ഉത്തരംപറയുന്നതിനു മുൻപ് ഞാൻ മുന്പ്നിശ്ചയിച്ച പ്രകാരം ഇളിപുറത്തെടുത്തു. അവൻ വഴങ്ങുന്നില്ല. മാനേജരാകും എന്നുകരുതിയാണ്ഞാൻ ചിരിച്ചത്. പക്ഷെ ഇതിനിടയിൽ അവൻെറ നോട്ടം എൻെറകീശയിലേക്കായിരുന്നുഎന്നുഞാൻ ശ്രദ്ധിച്ചില്ല. ആ ഒഴിഞ്ഞ കീശയിലേക്ക് അവനെ തിരിച്ച്വിട്ട ദൈവത്തോട്ട് പരിഹാസം തോന്നി.

"ഞാൻ ഇൻറർവ്യൂവിനു വന്നതാണ്" ഞാൻ പറഞ്ഞു.

"അതിനു ഇപ്പോൾ മാനേജർ ഔട്ട് ആണ്" അവൻ അധികാരസ്വരത്തിൽ പറഞ്ഞു.

"നിങ്ങൾ ശ്രമിച്ചാൽ ഒന്നു കണ്ടുകൂടെ?" ഞാൻ തിരക്കി.

ആ കുട്ടിദൈവത്തെ ഒന്നു സോപ്പിടാനാണ് ഞാൻ ശ്രമിച്ചിരുന്നത്. അവൻ വിചാരിച്ചാൽ അയാളെ കാണാം. അതവനും അറിയാം..

"നിങ്ങൾക്കൊരു പത്തുരുപ മുടക്കാമോ"? അവൻ ആർത്തിയോടെ ചോദിച്ചു.

"എൻെറ അടുത്തു ഒന്നും ഇല്ലല്ലോ. അദ്ദേഹത്തെ കാണാനെന്തിനാണ് പത്തുരുപ?" ഞാൻ ഇൻറർവ്യൂ കഴിച്ചേ പോകൂ എന്ന മട്ടിൽ ചോദിച്ചു.

"എന്നാൽ യൂആർനോട്ട് സിലക്ടഡ്" എന്നായിരുന്നു ആ ക്രൂരൻെറ മറുപടി. എനിക്കത്ഭുതംതോന്നി. മാനേജരുടെ പ്രവൃത്തി അവൻതന്നെ നിർവ്വഹിച്ചിരിക്കുന്നു. എത്ര എളുപ്പം! അവൻ പത്തുരുപ ഇപ്പോൾ കിട്ടും എന്ന് വിചാരിച്ചിരിക്കയാണ്. എൻെറടുത്തു പത്ത് കാൽപൈസപോലുമില്ല.

ഞാൻ നിരാശനായി ഗെയ്ററ്കടന്നു. പിന്നീടാണ് അവൻ ചോദിച്ച പത്തുരുപ കൈക്കൂലിയാണെന്ന് മനസ്സിലായത്. ഒരുപ്യൂണൻെറ അധികാരത്തെയും കൈക്കൂലിയെയും കുറിച്ചുള്ള ഭാവനയെങ്കിലും എനിക്ക് ബാക്കിയായതിൽ സന്തോഷിച്ചു. പത്തുരുപയുണ്ടായിരുന്നെങ്കിൽ എനിക്ക്ജോലിയായിരുന്നു. എല്ലാവരും പത്തുലക്ഷവും മററും ഇല്ലാത്തതിൻെറ പേരിൽ ജോലികിട്ടാതെ നടക്കുമ്പോൾ ഞാൻ വെറും പത്തുരുപക്ക് ജോലിനഷ്ടപ്പെട്ടവനായി. ഏതായാലും പ്യൂൺ അധികാരമുള്ളവൻ തന്നെയാണ്. ദുഷ്ടൻ! കൈക്കൂലികൊടുക്കാൻ പത്തുരുപയില്ലാതെ പോയത് എൻെറ ദുർവിധി. അങ്ങനെ ആ സാഹസികയാത്രക്കു ശേഷം നിരാശനായി ഞാൻ മടങ്ങി.

# കാണാത്തവ

അബ്ദുള്ള, കൊടോള

II B. A. Economic

രാവിലെ മുഖംകഴുകുമ്പോൾ എന്തോ ഒന്ന് കണ്ണ് തടഞ്ഞ പോലെത്തോന്നി. നിലക്കണ്ണാടിയിൽ നോക്കിയപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. എൻ്റെ മുഖത്തൊരു കണ്ണടയിരിക്കുന്നു! ജീവിതത്തിലിതുവരെ ഞാൻ കണ്ണടവെച്ചിട്ടില്ല. കണ്ണടവെക്കാൻ ആഗ്രഹിച്ചിട്ടുമില്ല. ഞാൻ സ്വപ്നത്തിലല്ല എന്ന് ഉറപ്പിച്ച് കണ്ണട തപ്പിയെടുക്കാൻനടത്തിയ ശ്രമം വിഫലമായി. കണ്ണട മുഖത്ത് ഒട്ടിപ്പിടിച്ചിരിക്കുന്നു!

ഞാൻ ബോധാവസ്ഥയിൽ തന്നെയാണെന്ന് ഒന്നുകൂടി നുള്ളിയുറപ്പിച്ച് പതുക്കെ കോണിപ്പടികളിറങ്ങി നഗരവീഥിയിലെത്തി. നഗരത്തിരക്കിൽ ഒന്ന് മാത്രം ഞാൻകണ്ടു. എല്ലാവർക്കും ഈ സുപ്രഭാതത്തിൽ കണ്ണടമുളച്ചിരിക്കുന്നു! വർണ്ണക്കണ്ണടകൾ! ഒരു പരിചയക്കാരനെക്കണ്ടതു് ഭാഗ്യമെന്നു് കരുതി അയാളുടെ അടുത്തുചെന്നു് വിവരമന്വേഷിച്ചു.

“കണ്ണടയോ!”

അയാൾ ആശ്ചര്യപ്പെടുന്നതു് കണ്ടു് എനിക്കും ആശ്ചര്യംതോന്നി എന്തോ പന്തികേടുണ്ടെന്നു മാത്രം മനസ്സിലാക്കി ഞാൻ ഓടുന്നവാഹനങ്ങളുടേയും ജനങ്ങളുടേയും ഇടയിലൂടെ ഓടി. ഓടിക്കൊണ്ടിരിക്കുമ്പോൾ എൻ്റെലക്ഷ്യം നഗ്നങ്ങളായ കണ്ണുകൾ കാണുക എന്നതായിരുന്നു. ഓട്ടത്തിനിടയിൽ പൊട്ടിയ കണ്ണടവെച്ച ഒരാളെ ഞാൻ കണ്ടു. പൊട്ടിയ ഗ്ലാസിന്നിടയിലൂടെ അർദ്ധനഗ്നങ്ങളായ കണ്ണുകൾകണ്ടു. നേരിയ ഒരാശ്വാസത്തോടെ ഞാൻനിന്നു. ഓടുന്നങ്ങളിൽ ചിലർ ആ മനുഷ്യനെ ചൂണ്ടിപ്പറയുന്നതു കേട്ടു.

“ഭ്രാന്തൻ, ഭ്രാന്തൻ”

പിന്നെ ഞാൻ വീണ്ടുംഓടി.

നേത്രരോഗങ്ങളെയും കണ്ണടകളെയും പറ്റി എന്നോടു് സംസാരിക്കാറുള്ള എൻ്റെ സുഹൃത്താ ഡോക്ടറുടെ ചികിത്സാലയത്തിന്നുമുന്നിൽ ചെന്നുനിന്ന ഞാൻ നെടുവീർപ്പിട്ടു. അദ്ദേഹത്തിൻ്റെ കണ്ണട കണ്ട ഞാൻ തിരിഞ്ഞുനോക്കാതെയോടി.

നഗരം വലംവെച്ചിട്ടും ഞാൻ കണ്ണുകൾകണ്ടില്ല ഗ്രാമം എന്നിൽ പ്രതീക്ഷയുണർത്തി. നഗ ത്തിൻ്റെ മണം തീരെമാറിയിട്ടും വെറും കണ്ണുക കാണണമെന്ന എൻ്റെ ആഗ്രഹം നിറവേററപ്പെടാ കിടന്നു. എഴുപതുവയസ്സായിട്ടും ജീവിതത്തിലൊ ക്കലും ഷർട്ടിടാത്ത കോരൻപോലും കണ്ണടധരിച്ചിരി ക്കുന്നു.

കണ്ണടധരിക്കാത്ത കൊച്ചുകുട്ടികൾ മണ്ണുവാരി കളിക്കുന്ന ഒരാററുവക്കിൽ ഞാൻ സന്തോഷത്തോടെ നിന്നു. എന്നെമറന്നു് ചിരട്ടയിൽ മണ്ണുവാരി അപ്പ വാർത്തു വ്യാകരണമില്ലാത്ത ഭാഷ സംസാരിച്ചു.

എനിക്കെന്നെ ഓർമ്മവന്നപ്പോൾ ഞാൻ വേദന യോടെ മുഖംതടവി.

എൻ്റെ കണ്ണട അപ്രത്യക്ഷമായിരിക്കുന്നു!

വിജയഭാവത്തിൽ ഞാൻ നഗരത്തിലേക്ക് തിരിഞ്ഞോടി.

നഗരത്തിലെത്തിയ എനിക്കു് വീണ്ടും കണ്ണടമു ളച്ചിരിക്കുന്നതു് കണ്ടപ്പോൾ ഞാൻ കരഞ്ഞുപോയി.

ഞാൻവീണ്ടും മുലപ്പാലിൻ്റെ മണമുള്ള കുട്ടികളെ ത്തേടി ഗ്രാമത്തിലേക്കോടി.

# ലക്ഷ്യമില്ലാത്ത യാത്രക്കാരൻ

**എ. കെ. അബ്ദുൽഖാദർ**
I P. D. C.

നിഴലായ് ദുഃഖസ്മൃതി–
        തന്നിഴകളെന്നുള്ളിൽ
ശയനം ചെയ്യുംവഴി–
        താരകൾ തേടിതേടി.

ശ്രീലമാം സൌഭാഗ്യത്തിൻ
        തീരവും തേടി സ്വപ്ന–
ലോലുപനായെത്രയോ
        രാവുകൾ കഴിക്കവെ.

അന്നൊരിക്കൽ ഞാനെന്റെ
        യേദനിൽ സ്നേഹത്തിൻ
മുന്തിരിത്തോട്ടങ്ങളി–
        ലെന്റെ ഹവ്വയോടൊപ്പം

ഒഴുകിപ്പോകെ, കാലം
        പൂവസന്തമായെന്നെ–
ത്തഴുകി, എന്നിൽക്കൂടി
        വളരാൻകൊതിപൂണ്ടു !

പിന്നെയാകൊടും ഗ്രീഷ്മം
        ദുഃഖത്തിൻ ചുട്ടുകാററാ–
യെന്നെ നോവിക്കാനായി
        കാത്തുകാത്തിതന്നപ്പോൾ.

എന്റെ ദൗർബ്ബല്യത്തിന്റെ
        വിഷമുള്ളുകൾ ഭക്ഷി–
ച്ചന്തമറെറാരു ദുഃഖ
        മൂച്ഛയിൽ വന്നെത്തിഞാൻ.

ഈ നിരാശതയുടെ
        നഷ്ടസ്വപ്നത്തിൻമൂക–
ഗാനമായ് വെറുമൊരു
        യാത്രികനായിട്ടെന്നും

നേടുവാനൊരു ബിന്ദു
        പോലുമില്ലാതെന്തിനോ
തേടിയീവഴികളി–
        ലലയുന്നഞാനാവോ !

# LET FOLLY THRIVE

**PUSHPA V. V. ANAND, M. A.,**
**PREVIOUS**

YESTERDAY I stood on the Seashore and watched the sun set. Nearly two small children, a boy and a girl, were busy making a sandcastle. I watched them closely. Across my eyes flashed picture of them growing of and finally grown of a young man, a young woman. The sun set, the Sky flushed a glorious red. My eyes fixed themselves on the horizon.

"I have no mental peace". I turned round impulsively! Two gentlemen engrossed in their personal woes were walking by. I turned back and looked at the horizon. The waves of the sea more a beautiful vimson sheen on them. I looked at the two children. They had dug a hole in the sand and were inviting me to place my feet in it. They covered my feet with sand and strangely enough, looking at their gleeful faces gave me intense satisfaction. I walked round, someone from somewhere gave a piercing wolf-whistle. I jumped up and ran. While I ran I could not help gasping out. "My heart aches and a drowsy numbness pains my lenses." No connection with the situation perhaps but what in life after all a string of connected, unconnected events.

When I was breathless with running, I sat down. Not a soul to disturb my solitude. I saw the two children, my cousins, in the distance. A crab, was crawling on the sand before me. 'Eternity in a grain of sand!'- how perfectly true, I thought I gazed into space. I tried to count the stars as one by one they lit the entire sky. Now the water had a silvery glitter as the moons rays played on the waves. 'Hamlet, Othello, Macbeth,- funny how these characters should come to my mind at that moment. I shook my head. literature has made me mad, I said to myself. I took a handful of sand and watched it slip through my fingers. "I will become a lecturer, no, I will take a Ph. D., no I will take up journalism, or I will work up and go for I. A. S. God! what ambitions and hopes! For what? To do cooking in some kitchen? I shrugged my shoulders Not me, I hate cooking, Oh no! I should not hate it because even today the way to a man's heart is through his stomach". But I hated cooking and enjoyed eating.

I grew restless. A couple moving slowly by attracted my attention. They had their arms round each other. For some unknown, mad reason, I had the crazy wish to see the expression on their faces. I walked by them. The boy looked thrilled and contented. The moonlight shone on his hair. The girl was laughing quietly. There is bliss. I thought. This is heaven on earth. I gazed Wishfully round. I caught hold of my young cousin and kissed his dimpled cheeks. He was surprised at this sudden show of affection. He would not understand-poor boy-what it is to be an adult.

My cousins forced me to tell as tory. I thought of my desire to become a novelist. I sat down and gazed at the young innocent faces before me I told them that I was going to write a novel. I would become very famous and my books would sell like hot cakes. I laughed, laughed so much that my

cousins grew frightened. I told them that while I sat in the class I used to watch the heat waves on the tiles out side. I asked them to come one day and sit in my class and watch the two doves which sat on the tiles every day. They looked bewildered. I forgot that they wouldn't understand. I talked to them about the gardener watering the plants outside our class-room. Often I had watched him gaze in Pride at the flourishing results of his toil. Once I asked him if he enjoyed his work. He looked at me and smiled. I could not understand his smile. Perhaps he was smiling at my ignorance. I asked for a flower. He gave me one. Two Pre-Degree students watched me curiously as I placed the flower on my head. I smiled at them and went to the library. My cousin scolded me with their looks. I stood up and we returned home.

The sky was blue and clear, as I made my way towards the college gate. Suddenly, a speck appeared on the sky. I stood and stared at it. It grew larger. The sun's rays hurt my eyes and yet I stared. The speck turned out to be a bird and it song sweetly as it alighted on the branch of a nearby tree. I smiled and walked on. My head was full of Antony and Cleopatra. I recollected how my friend had turned Antony as a sensuous, faithless coward and how I had disagreed with her. I told her Plutarch is not justified in blackening Antony's character so much. Plutarch suggested that Antony had the sexual morals of a pig. Shakespeare, on the other hand, is human. He is, I think a writer with feeling and depth, perhaps because, as someone said, he too led a bit of a licentious life. Cleopatra, the queen of the Nile, must have found something in him for her to fall head over feels in love with Antony. I thought of Antony and Cleopatra and for no reason at all I giggled, And I went on giggling.

Somebody asked me why I was coming to College and whether I was interested in dramatics. I told her I used to act while at school I remembered how I once acted the part of a mad woman and how many people had come to see me after the drama was over. I laughed when I thought of that. I wished I could act again. I recalled our E. L. T. lecturer appreciating my tense of beauty when I had described English Grammar as beautiful in the E. L. T. Paper. I laughed. Frankly, I come to college to while away my time To get up in the morning, dress to my satisfaction and to concentrate on what was being drilled into our heads. My uncle recently asked me what English literature did for me? It has humanized me, first of all, it has made me sit and think, it has made me laugh and cry, it has made me ecstatic, light-headed and light-hearted. It has opened new vistas of experience for me. It has moulded me, whatever be the foolish 'me' it has moulded. I laughed heartly, this time.

Someone branded me mad recently. That was the best compliment I got. For who can live in this hypocritical world with a same mind. Who, I wonder, is sane? None, for no one can be sane in this world. All are mad in some way or other. Students of Physics and Chemistry may he more practical-minded but even they lose their heads when it comes to angles and curves! I remembered the saying: Even the most foolish women are wise about men and the wisest men make fools of themselves about women! Why not? It is one of the few privileges left to man. Let folly thrive. Adieu.

# മലയാള ചെറുകഥ കാലഘട്ടങ്ങളിലൂടെ

ചന്ദ്രൻ കെ. I B. Sc, (Chemistry)

ഇന്ത്യൻസാഹിത്യം ശാസ്ത്രങ്ങൾ സഞ്ചരിച്ച് അത്യുന്നതമണ്ഡലങ്ങളിൽ വിഹരിക്കയാണിപ്പോൾ. ഇതിന് മലയാളസാഹിത്യം നൽകിയ സംഭാവന കുറച്ചൊന്നുമല്ല. എന്നാൽ മലയാള ചെറുകഥാ സാഹിത്യത്തെ സംബന്ധിച്ചാണെങ്കിൽ അതിന് വളരെ വലിയ ഒരു കാലചരിത്രമൊന്നും പറയാനില്ല.

ഈ മലയാളചെറുകഥാ സാഹിത്യത്തെ നാലുകാലഘട്ടങ്ങളായി തിരിക്കാം. കേസരി ബാലകൃഷ്ണപ്പിള്ള, നായനാർ, ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ, മൂർക്കോത്തു കുമാരൻ, എം. ആർ കെ.സി, കെ. സുകുമാരൻ, ഇ.വി. കൃഷ്ണപ്പിള്ള എന്നിവരടങ്ങിയ പ്രാരംഭഘട്ടം. ഇവരുടെ സൃഷ്ടികൾ പൊതുവെ അനുവാചകരെ രസിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു. ഫലിതം നിറഞ്ഞുതുളുമ്പുന്ന കഥകളായിരുന്നു ഇവർ കാഴ്ചവെച്ചിരുന്നത്. അതിന് കാരണവുമുണ്ട്. അന്ന് ചെറുകഥകളെപ്പറ്റിയറിയാത്ത ഇളംമനസ്സുകളായിരുന്നു ഇവിടെയുണ്ടായിരുന്നത്. ഇന്നത്തെ ഭാഷയിലെഴുതിയാലേ അവർക്ക് മനസ്സിലാവൂ. അതിന് അവർ കണ്ട ഒരായുധമായിരുന്നു ഫലിതം. മലയാളസാഹിത്യത്തിൽ ചെറുകഥയുടെ വിത്തുകൾ നട്ടുപിടിപ്പിച്ചവരാണല്ലോ ഇവർ. ചിരിപ്പിച്ചു ചിന്തിപ്പിക്കുക. ഇതായിരുന്നു അവരുടെ വഴി. എന്നാൽ സാമൂഹ്യപരിഷ്കാരം ലക്ഷ്യമാക്കിയിരുന്ന കുമാരൻ ഇതിൽനിന്നും കുറച്ചു വിഭിന്നനായിരുന്നു.

സ്വാഭാവികതയുടച്ചു നില്ക്കുന്ന ജീവിത ഗന്ധിയായ കഥകളുംകൊണ്ടാണ് രണ്ടാം തലമുറയുടെ രംഗപ്രവേശനം. കേശവദേവ്, തകഴി, മുഹമ്മദ്ബഷീർ പൊൻകുന്നം വർക്കി എന്നിവർ റിയലിസ്റ്റ് കഥകൾക്കും എസ്. കെ. പൊറ്റെക്കാട്ട്, ഉറൂബ് എന്നിവർ റൊമാൻറിക് കഥകൾക്കും ജന്മമേകി. ഇവരിൽ ചില കടപ്പാടുകൾകൂടി കടികൊണ്ടിരുന്നു. ഏകാധിപത്യത്തിന്റെ കരാളഹസ്തങ്ങളിൽപ്പെട്ട് ജനങ്ങൾ വീർപ്പുമുട്ടുമ്പോൾ അവരെ വിമുക്തമാക്കേണ്ട ചുമതല സാഹിത്യകാരനിൽകൂടി വന്നുകൂടി. ലോകത്തിന്റെ മറ്റുചില ഭാഗങ്ങളിൽ ഇതിനെതിരായി നടന്ന ചില സംഭവവികാസങ്ങൾ അവർ കണ്ടുമനസ്സിലാക്കി. അതിനു പിന്നിൽ സാഹിത്യകാരന്മാർക്ക് ചില കൈകളുണ്ടായിരുന്നു. അതോടെ അവരിൽനിന്നും കൊടുംതീ ജനഹൃദയങ്ങളിലേക്ക പടർന്നുപിടിച്ചു. അതോടെ ഏകാധിപത്യം വെണ്ണുവെണ്ണീറായി. അതിനാൽ ഇവരുടെ കഥകളധികവും രാഷ്ട്രീയചായയുള്ളതായി മാറി. അന്നത്തെ സാമൂഹ്യ-രാഷ്ട്രീയമണ്ഡലങ്ങളിലുണ്ടായ മാറ്റത്തിൽ ഈ സാഹിത്യകാരന്മാർക്കുണ്ടായ പങ്ക് കുറച്ചൊന്നുമല്ല.

മൂന്നാമതായാണ് ആധുനിക കാലഘട്ടത്തിന്റെ പുറപ്പാട്. ടി. പത്മനാഭനാണ് അതിനെ മലയാള സാഹിത്യത്തിൽ നട്ടത്. എം. ടി. വാസുദേവൻ നായരിലൂടെയാണ് ഈ കാലഘട്ടം പടർന്നുപന്തലിച്ചത്. കോവിലൻ, നന്തനാർ, എൻ. പി. മുഹമ്മദ്, കെ. ടി. മുഹമ്മദ്, മാധവിക്കുട്ടി മുതലായവരും ഇതിന്റെ വക്താക്കളാണ്. ഇടിഞ്ഞുപൊളിഞ്ഞ തറവാടുകളിൽനിന്നുള്ള ദീനരോദനങ്ങൾ കേട്ട് എം. ടി.യുടെ തൂലികചലിച്ചു. അസ്വസ്ഥരായ തറവാടുകളിലെ പ്രതിനിധികളെ എം. ടി. കഥാപാത്രങ്ങളാക്കി. മനുഷ്യമനസ്സിൽ കിടന്നുരുകുന്ന ചില സങ്കീർണ്ണങ്ങളായ വികാരവിചാരങ്ങളെ മാധവിക്കുട്ടി ആവിഷ്ക്കരിച്ചു. അപ്പോൾ അതിൽ സെക്സിന്റെ ഗന്ധംകലർന്നപ്പോൾ

---

നുണ്ട്. സാധാരണക്കാരിൽ ഭയവും അത്ഭുതവും വളർത്തുവാൻ കംപ്യൂട്ടറിനു കഴിയുന്നതു് ഇതുകൊണ്ടാണ്. ഇലക്ട്രോണിക് പരിപഥങ്ങളുപയോഗിച്ച് വെറും കൂട്ടലും കിഴിക്കലുംകൊണ്ടാണ് യന്ത്രങ്ങൾ ചില അത്ഭുതപ്രവൃത്തികൾ കാണിക്കുന്നതു്. മനുഷ്യമനസ്സിന്റെ സങ്കീർണ്ണസ്വഭാവമെന്നു കണക്കാക്കിയിരുന്ന ഈ യുക്തിബോധം പരിമിതമായ തോതിലെങ്കിലും യന്ത്രങ്ങളെക്കൊണ്ട് അനുകരിപ്പിക്കാൻ കഴിഞ്ഞതു് വലിയൊരു നേട്ടംതന്നെയാണ്. എന്നാൽ നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള യാതൊരു അത്ഭുതപ്രവൃത്തിയും യന്ത്രത്തിനുള്ളിൽ നടക്കുന്നില്ല എന്നതാണ് വാസ്തവം. യുക്തി യന്ത്രത്തിനുള്ളിൽ വിഡംബനം ചെയ്യപ്പെടുന്നുണ്ടെങ്കിൽ അതും യന്ത്രം നിർമ്മിച്ച ശാസ്ത്രജ്ഞന്മാരുടെ ബുദ്ധിപരമായ ഔന്നിത്യത്തെയാണ് കാണിക്കുന്നതു്.

പഴമക്കാർ ആയുധം എടുത്തു പേടിപ്പിച്ചു. കോവിലനും, നന്തനാരും പട്ടാളക്കാരുടെ ജീവിതത്തെ വരച്ചുകാട്ടി. കെ. ടി. മുഹമ്മതും, എൻ. പി. മുഹമ്മതും മനുഷ്യൻെറ ഹൃദയത്തിൽ പച്ചപിടിച്ചുനില്ക്കുന്ന ദുരാചാരങ്ങൾക്കെതിരായി തൂലിക പടവാളാക്കി. ഈ ആധുനിക കാലഘട്ടം എന്തുകൊണ്ടും പുതുമയാർന്നതായിരുന്നു.

അവസാനമായാണി വിഗ്രഹഭഞ്ജകരായ കലാകാരന്മാരുടെ വരവ്. അതുവരെ തുടർന്നുപോന്നിരുന്ന മാമൂലുകളെ അപ്പാടെ മാററി അവർ മലയാളസാഹിത്യത്തിൽ വിപ്ലവം സൃഷ്ടിച്ചു. മററുള്ളവർ നോക്കിനില്ക്കേ ഇവർ ഇവരുടെ സ്ഥാനം മറെറല്ലാററിനുമിടയിൽ സ്ഥാപിച്ചു. യുവജനങ്ങളുടെഹൃദയത്തിൽ വളരെവേഗം അവർ സ്ഥാനം പിടിച്ചു. കാക്കനാടൻ, മുകുന്ദൻ, സക്കറിയ നിർമ്മൽകുമാർ മുതലായവർ സമകാലികഘട്ടത്തിൻെറ വക്താക്കളാണ്. ഇന്നത്തെ യുവാക്കളുടെ വികാര_വിചാരങ്ങളെ, അസ്വസ്ഥതയെ, പഴയതലമുറ അവരോട് കാണിക്കുന്ന വിശ്വാസമില്ലായ്മയെ

പച്ചയിൽ ഇവർ തുറന്നുകാട്ടി. അവരുടെ കഥ
കൈരളീയപശ്ചാത്തലത്തിൽ മാത്രം ഒതുങ്ങിനിന്നി
ഭാരതത്തെ മുഴുവൻ ഒന്നായികണ്ട് ഒരു പ്രസ്ഥാനമെ
നിലയിലായിരുന്നു ഇവരുടെ സൃഷ്ടികൾ. അപരി
തവും സങ്കീർണ്ണവുമായ ചില വശങ്ങളിലേക്ക്
കഥകൾ വെളിച്ചം വീശി.

എന്നാൽ ഇതിലൊന്നും പെടാതെ ഇത്തിക്കണ്ണി
ളായി മലയാള ചെറുകഥയിൽ ആകമാനം പടർ
ടിച്ച ഒരു വർഗ്ഗമുണ്ട്.

യുവജനങ്ങളുടെ ക്ഷുദ്രവികാരങ്ങളിൽനിന്നും
ലെടുപ്പു നടത്തുന്നവരാണിവർ. യാതൊരു പുതു
സൃഷ്ടിക്കാതെ, എഴുതിയതു വീണ്ടും വേറൊരു
ലിയിലെഴുതി ഇവർ കാശുവാരുന്നു. ഈ സെ
മെൻറലിസ്റ്റുകളെ സാഹിത്യത്തിൽനിന്നും പി
പുറംതള്ളിയേ തീരൂ.

കഥ

# മോചനം

ഒ. കെ. അബ്ദുള്ള

രാത്രിയുടെ അന്ത്യയാമത്തിൽ അവൻ ഞെട്ടിയുണർന്നു.

പുറത്ത് കോടമഞ്ഞു പെയ്യുന്നു. തണുത്ത നിലാവെളിച്ചം പരന്നുകിടക്കുന്ന ഇരുട്ടിൽ പടിഞ്ഞാറോട്ട് ഒഴുകിപ്പോകുന്ന നദിയുടെ കൊച്ചോളങ്ങളിലൂടെ ഇലകളുടെ മർമ്മരശബ്ദമായി അവൻ കേട്ടു.

"വരൂ..."

ഗർഭപാത്രത്തിന്റെ ഊഷ്മളതയിൽ മയങ്ങിക്കിടക്കുമ്പോൾ കേട്ട, ജനിച്ചുവീണപ്പോൾ മറന്നുപോയ ശബ്ദത്തിന്റെ ഉറവിടവും തേടി അവൻ ഉഴറി. കാലത്തിന്റെ വഴി മുട്ടിക്കിടക്കുന്ന പാതയിൽ, കോടമഞ്ഞിൽ ഞാൻ കുളിർന്നു വിറക്കുമ്പോൾ ഒരു സ്വെറ്ററില്ലാത്തതിൽ ദുഃഖിക്കുമ്പോൾ വിളിക്കുന്നതാരാണ്.

'വരൂ'

മസ്തിഷ്കത്തിൽ വെളിച്ചം മിന്നിയപ്പോൾ മഞ്ഞിന്റെ തണുപ്പിൽ കുതിർന്ന് അവൻ വാതിൽപ്പോളകളെ ലക്ഷ്യമാക്കി നടന്നു. വർഷങ്ങളോളംതന്നെ ബന്ധിക്കപ്പെട്ട വാതിൽപ്പോളകൾ മുന്നിൽ മരവിച്ചു നില്ക്കുന്നു.

'വാതിൽ തുറന്ന് എന്നെ രക്ഷിക്കൂ' തടവറയുടെ വാതിലിനു മുന്നിൽനിന്ന് അവൻ അട്ടഹസിച്ചു. എനിക്കു പോകണം...എന്നെ വിളിക്കുന്നു.

കോടമഞ്ഞിൽ കിടന്ന എവിടെനിന്നെല്ലാമോ ഇരുട്ടിന്റെ പക്ഷികൾ കരഞ്ഞു. നദിയിൽ കെട്ടുവള്ളക്കാർ അശ്ലീലം തുളുമ്പുന്ന പാട്ടുപാടി. അവന്റെ രക്തമൊട്ടുക്കും വററിയ ശുഷ്കിച്ചകൈകൾ വാതിൽതഴുതുകൾക്കുവേണ്ടി പരതിനടന്നു. ഉറകുത്തിയ വാതിൽ തഴുതുകൾ വലിച്ചുനീക്കിയപ്പോൾ, ചിതൽപ്പുററുകൾ കാർന്നുതിന്ന വാതിൽപ്പോളകൾ അവന്റെ മുന്നിൽ വഴിമാറിക്കൊടുത്തു. വർഷങ്ങളുടെ വൃത്തികെട്ട രൂപങ്ങൾ അവന്റെ പിന്നിൽ മലർന്നടിച്ചു വീണു. മുന്നിൽ പരന്നുകിടക്കുന്ന ചീഞ്ഞളിഞ്ഞ ശവക്കൂമ്പാരങ്ങൾക്കു മുകളിൽക്കൂടി അവൻ ഓടി. രക്തമോട്ടം വററിയ കാലുകൾ തളർന്നില്ല; ഹൃദയം കൂടുതലായി മിടിച്ചില്ല. ഒരു പടക്കുതിരയെപ്പോലെ അവൻ ഓടി.

താഴ്‌വരകൾ പിന്നിട്ടു. പർവ്വതങ്ങൾ കയറി മറിഞ്ഞു. മഹാസമുദ്രങ്ങൾ നീന്തിക്കടന്നു. കൂരിരുട്ടുള്ള ഒരു രാത്രിയിൽ, ഒരു സരസ്വതീക്ഷേത്രം സ്ഥിതി ചെയ്യുന്ന കുന്നിൻ മുകളിൽ അവൻ വഴിമുട്ടിനിന്നു. കോടമഞ്ഞ് പെററിട്ട തണുപ്പിൽ, അർദ്ധരാത്രിയുടെ കൊഴുത്ത ഇരുട്ടിൽ, കുന്നിൻമുകളിലെ ഒരു സത്രത്തിൽ അവൻ കൂടുകെട്ടി.

"തടവറയിൽനിന്നും മറെറാരു തടവറയിലേക്ക്. തടവറകൾക്കുശേഷം തടവറ" അവൻ പാടി.

"കുട്ടീ നീ എന്നെ മറന്നുപോയോ...നിന്റെ വിളി കേട്ടിട്ടാണ് ഞാൻ വന്നത്."

സത്രത്തിന്റെ ജനവാതിലുകൾക്കിടയിലൂടെ അവൻ പുറത്തേക്കുനോക്കി. മുമ്പിലുള്ള റോട്ടിൽക്കൂടി, രാത്രിയിൽ മഞ്ഞച്ച പ്രകാശമുള്ള കാറുകളും ഭാരംകയററിയ ലോറികളും കടന്നുപോയി. പകലിൽ സരസ്വതീക്ഷേത്രത്തിലെ മണിയടികേട്ടു. സത്രത്തിലെ മററു കിളികളെപ്പോലെ അവൻ ജ്ഞാനത്തിന്റെ വിത്തുകൾ കൊത്തിത്തിന്നില്ല. അവനുവേണ്ടി സത്രത്തിന്റെ വാതിലുകൾ വൈകിയ വേളകളിൽ തുറക്കപ്പെട്ടു. സത്രത്തിലെ ശയ്യയിൽ കഞ്ചാവിന്റെ ലഹരിയിൽ അവൻ മയങ്ങിവീണു.

യുഗങ്ങൾ വീണ്ടും അരിച്ചുനീങ്ങി. കോടമഞ്ഞു പെയ്യുന്നു; നിലാവെളിച്ചം പരന്നുകിടക്കുന്ന, മറെറാരു അന്ത്യയാമത്തിൽ ആ വിളി വീണ്ടും കേട്ടു. കഞ്ചാവിന്റെ ലഹരിയിൽനിന്നും അവൻ ഞെട്ടിപ്പിടഞ്ഞെണീറ്റു. ശബ്ദത്തിന്റെ ഉറവിടം തേടി, ജനവാതിലുകൾ തുറന്നു പുറത്തേക്കു നോക്കി. വിജനമായിക്കിടക്കുന്ന സത്രപ്പറമ്പിൽ മുനിഞ്ഞുകത്തുന്ന ചന്ദ്രികക്കുകീഴെ, ഇലകൊഴിഞ്ഞ ഒരു മരം നിശ്ചലമായി നില്ക്കുന്നു.

സത്രത്തിന്റെ വാതിലുകൾ അവൻ വലിച്ചു തുറന്നു. പുറത്തേക്കോടി. വിജനമായ അമ്പലപ്പറമ്പ് കടന്ന്, ഇടവഴികൾ താണ്ടി; ചെളിനിറഞ്ഞ പാടങ്ങളിലൂടെ ചാലിയാറിന്റെ തീരത്തേക്കോടി.

നദീതടത്തിലെ പാറക്കെട്ടുകളിൽ അവന്റെ ഓട്ടം നിലച്ചു. ചാലിയാറിലെ കൊച്ചോളങ്ങൾ പാറക്കെട്ടുകളിൽതട്ടി അവനുവേണ്ടി പാടി. ആകാശത്തിലും നദിയുടെ കയത്തിലും മുനിഞ്ഞുകത്തുന്ന ചന്ദ്രിക അവൻ കണ്ടു.

''നീ വന്നോ...'' ചാലിയാറിൻെറ കയങ്ങളിൽ നിന്നവൾ ചോദിച്ചു.

''നിൻെറ വിളി കേട്ടതുമുതൽ ഞാൻ നിന്നെ തേടുകയായിരുന്നു.''

''എനിക്കു ധൃതിയായി'' അവൾ കേണു.

''എനിക്കും'' അവൻ പറഞ്ഞു.

നദിയിലേക്കിറങ്ങിനില്ക്കുന്ന പാറയുടെ മുനമ്പിൽ ഒരു നിമിഷം അവൻ നിശ്ചലനായിനിന്നു. പിന്നെ കയത്തിലേക്കു കുതിച്ചു ചാടി.

ചാലിയാറിൻെറ കയത്തിൽ മുനിഞ്ഞു കത്തിയ ചന്ദ്രിക ആയിരം കഷ്ണങ്ങളായി ചിന്നിച്ചിതറിയതു അവൻ കണ്ടില്ല.

# നക്ഷത്രങ്ങളെ തേടിയവർ

റസാക്ക്, വളാഞ്ചേരി

വിജനമായ പുഴ

വേനൽക്ഷയംപോലെ ബാധിച്ച് ശോഷിച്ച നീർചാലായി മാറിയിരിക്കുന്നു, പുഴ. പുഴക്കരയിലെ പച്ചക്കറിതോട്ടത്തിൽ മഞ്ഞനിറമുള്ള വലിയ മത്തൻ പൂക്കൾ വിടർന്നിരുന്നു.

നീണ്ടുകിടക്കുന്ന മണലിൽ സൂര്യൻ വിതറുന്ന മരീചികനോക്കി അയാൾ പറഞ്ഞുകൊണ്ടിരുന്നു.

"തടവറയിലെ നരച്ച ഇരുട്ടിന്റെ മനംമടുപ്പിക്കുന്ന ഗന്ധമാസ്വദിച്ച് കാവൽക്കാരന്റെ താക്കോൽ കൂട്ടം കിലുങ്ങുന്ന ശബ്ദത്തിന് ചെവിയോർത്ത്കൊണ്ട് നിമിഷങ്ങളെണ്ണി തീക്കവെ അയാളറിഞ്ഞു—കാവൽക്കാരൻ വരില്ല. തന്റെ മോചനത്തിന്റെ പുലരിജന്മാന്തരങ്ങൾക്കപ്പുറത്താണെന്ന ബോധമുണർന്നപ്പോൾ സ്വയം മോചിതനാവാനുള്ള തീഷ്ണമായ തൃഷ്ണയോടെ അയാൾ തടവറയുടെ ഇരുമ്പഴികൾ രാവാൻതുടങ്ങി.

അയാളറിയാതെ പൂക്കൾവിടരുകയും കൊഴിയുകയും ചെയ്തുകൊണ്ടിരുന്നു. അവസാനം തടവറയുടെ ഇരുമ്പഴികൾ അററുവീഴുന്നതിന് മുൻപ് കാവൽക്കാരൻവന്നു. അപ്പോഴേക്കും മോചനത്തെക്കുറിച്ചുള്ള സുഖകരമായ ഓർമ്മ അവസാനത്തുള്ളിരക്തത്തോടൊപ്പം അയാൾക്ക് നഷ്ടപ്പെട്ടിരുന്നു".

"അവസാനം അയാൾ തടവറയിൽ മോചനം കണ്ടു."

മണലിൽ വിരലുകൊണ്ട് അവ്യക്തമായ ചിത്രങ്ങൾ വരക്കുകയും മായ്ക്കുകയും ചെയ്തുകൊണ്ട് അയാൾ പറഞ്ഞുനിർത്തി.

അവളുടെ മുഖത്തേക്ക് നോക്കി.

അയാളുടെ മടിയിൽ തലവെച്ച് അത്തിയുടെ ചില്ലകൾക്കിടയിലൂടെ കാണുന്ന ആകാശത്തിന്റെ അറുങ്ങിൽ കണ്ണുനട്ടുകൊണ്ട് കിടക്കുകയായിരുന്നു, അവൾ. അവളുടെ മുഖത്ത് അനിർവ്വചനീയമായ ഒരു ഭാവമായിരുന്നു. ആ ഭാവം കൊളുത്തിയ അത്ഭുതത്തോടെ, ഭയത്തോടെ അയാൾ ചോദിച്ചു,

"സുമേ, നീയെന്താണോക്കുന്നത്?"

അവൾ ചെറുതായി ഞെട്ടിയതുപോലെ തോന്നി. പിന്നെ ആകാശത്തിൽ നിന്ന്കണ്ണെടുക്കാതെ പറഞ്ഞു,

"നോക്കൂ...അവിടെ ഞാനൊരു നക്ഷത്രംകണ്ടു-" അയാൾ അവളുടെ വിസ്മിതമോർത്ത് മെല്ലെ ചിരിച്ചുകൊണ്ട് ചുററുംനോക്കി. അവക്ക് ചുററും അത്തിയുടെ നിഴൽ ഒരു വൃത്തമായി കിടന്നിരുന്നു. പിന്നീടയാൾക്കു തോന്നി, അവൾ പറഞ്ഞത് സത്യമായിരിക്കുമെന്ന്.

തനിക്ക് കാണാൻ കഴിയാത്തതില്ലെന്ന് പറയാൻ കഴിയുമോ?

"ഒരുതവണ മാത്രമേ കണ്ടുള്ളൂ. പിന്നെ ഇമകൾ അടച്ച് തുറക്കുന്നതിന് മുമ്പ്തന്നെ അതപ്രത്യക്ഷമായി പക്ഷെ ഞാനത് ശരിക്കുംകണ്ടു. ഒരു വലിയനക്ഷത്രം. അതിന് മൂന്നിതളേ ഉണ്ടായിരുന്നുള്ളു." അവൾ വീണ്ടും ഇമകൾ ചലിക്കാതെ സൂക്ഷിച്ചുനോക്കികൊണ്ടിരുന്നു-

അയാൾ കരയിലേക്കോടിയണയുന്ന കുഞ്ഞോളങ്ങൾക്ക് അടയാളമിടാൻ ശ്രമിച്ചുകൊണ്ടിരുന്നു.

അയാളുടെ ശോഷിച്ച കാലുകൾ ചലിച്ചപ്പോൾ അവൾ എഴുന്നേററു. നിരാശയോടെ, അതിലുപരി രോഷത്തോടെ അവൾ പറഞ്ഞു.

"വീണ്ടും കാണുമായിരുന്നു. പക്ഷേ......"

അവളുടെ മുഖത്ത് മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത നഷ്ടബോധം നിഴലിച്ചിരുന്നു. വീണ്ടുമവൾ മൂന്നിതളുള്ള നക്ഷത്രം അന്വേഷിച്ചുകൊണ്ടിരുന്നു.

സുമേ, നിനക്കിനി ഒരിക്കലുമത് കാണാൻ കഴിയുകയില്ല. വേണ്ട അവളുടെ വ്യാമോഹങ്ങളുടെ കുമിളകളെ കുത്തിപൊട്ടിക്കേണ്ട. അവ സ്വയംതകരട്ടെ.

ശൂന്യമായ മനസ്സിലേക്കെന്തെങ്കിലും ആവാഹിച്ചെടുക്കാൻ, അനാഥമായ മനസ്സിനെ എവിടെയെങ്കിലും തളച്ചിടാൻ ശ്രമിച്ചുകൊണ്ടിരുന്നു, അയാൾ.

വെള്ളമേഘങ്ങൾ കൂട്ടംതെററി അലയുന്ന ആകാശത്തിൽ നോക്കിയിരുന്നപ്പോൾ അയാൾകണ്ടു. പുഴക്കുമുകളിൽ, അത്തിമരത്തിന്മുകളിൽ വട്ടമിട്ട് പറക്കുന്ന കൃഷ്ണപരുന്ത്-അല്ലെന്നറിഞ്ഞിട്ടും അയാൾ അതിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു.

"സുമേ, നീ കണ്ടത് അതിനെയായിരിക്കും."

അവളുടെ കണ്ണുകളിൽ പിണക്കം സൗന്ദര്യമായി പതിയിരുന്നു.

കൊത്തങ്കല്ലുകളിച്ച് കഴിഞ്ഞു്, നേർത്തകൈത്തണ്ടയിൽ അടിച്ച് കടംവീട്ടുമ്പോൾ വേദന ചുണ്ടുകൾക്കിടയിൽ കടിച്ചുപിടിച്ച് പുഞ്ചിരിക്കുന്ന പെൺകുട്ടി. പിന്നീട് ചുവന്ന വിരൽപാടുകളിൽ നോക്കി വിതുമ്പികരഞ്ഞു് അമ്മയോട് പരാതിപറയും. അപ്പോൾ തന്റെ തലമുടികൾക്കിടയിൽ വിരലോടിച്ച് അവർ സമാധാനിപ്പിക്കും.

"മോളേ നിന്നെ തല്ലാനും തലോടാനും എന്നും അവനേ കാണൂ."

പിന്നീട് കോവണിചുവട്ടിലോ, തട്ടിൻമുകളിലോ, നേർത്ത തേങ്ങലുകളുയരുമ്പോൾ പതയുന്ന ഉൾപ്പുളകത്തോടെ ചുവന്ന തുടുത്ത കൈത്തണ്ടയിൽ ചുണ്ടുകൾ ചേർത്തുവെക്കുമ്പോൾ അവളുടെ മുഖത്തുണ്ടായിരുന്ന ഭാവം—

ആ ഭാവം ഒരുനിമിഷം അവളുടെ മുഖത്ത് മിന്നിമറഞ്ഞു- കാച്ചിയ എണ്ണയുടെയും വാസനസോപ്പിന്റെയും സമ്മിശ്രമായ സുഗന്ധത്തിന്റെ ഒരു നുറുങ്ങ് അയാൾ ശ്വസിച്ചു.

"അവധി തീർന്നില്ലേ രാജേട്ടാ—" നഗരത്തെകുറിച്ചും ജോലിയെകുറിച്ചും മറ്റെന്തൊക്കെയോകൂടി അവൾ പറഞ്ഞുകൊണ്ടിരുന്നു. അയാൾ നഷ്ടസ്വപ്നങ്ങളുടെ കഴിമാടങ്ങളിൽ തലോടി ആനന്ദിക്കുകയായിരുന്നു.

"നമുക്ക് നാളെ പോകാം—"

പെൺകുട്ടീ, എന്റെ ദുർവിധി പങ്കിടാൻ നീയെന്തിന് വരണം.

അയാളുടെ ദുർവിധിയുടെ ഒരു ഭാഗമായിരുന്നു അവൾ.

"ഇല്ല. ഞാൻ പോകുന്നില്ല.—" അയാൾക്ക് പോകുന്നതും പോകാതിരിക്കുന്നതും ഒരുപോലെയായിരുന്നു. തന്റെ കഴിവില്ലായ്മയിൽനിന്നു് രക്ഷപ്പെടാൻ, മണലിൽ തലപൂഴ്ത്തുന്ന ഒട്ടകപ്പക്ഷിയെപ്പോലെ, ഫയലുകളിൽ തലപൂഴ്ത്താൻ ഇനി കഴിയില്ല. ചക്കാളയെപ്പോലെ ഒരു വൃത്തത്തിന്റെ പരിധിയിൽ നിരന്തരമായി കറങ്ങാൻ ഇനി കഴിയില്ല. എന്തിനെന്നോ, എവിടെക്കെന്നോ അറിയാതെ ഈ പ്രവാഹത്തിൽ ഒരു പൊങ്ങുതടിയായി കിടക്കാൻ ഇനി കഴിയില്ല—രക്ഷപ്പെടണം. രക്ഷപ്പെടാനുള്ള ഉൽക്കടമായ ദാഹത്തോടെ അയാൾ അവളെ നോക്കി.

അവളുടെ നീലസാരിയിൽ നക്ഷത്രങ്ങൾപോലെ വെയിൽനാളം വീണിരുന്നു. അവൾ വീണ്ടും മുന്നിതളുള്ള നക്ഷത്രം തിരയുകയായിരുന്നു. അത് കണ്ടപ്പോൾ അനുഗ്രഹബോധത്തോടെ, അപരിചിതത്വത്തോടെ അയാളോർത്തു.

തനിക്കും ചുറ്റും നക്ഷത്രം തിരയുന്നവരാണ് ഈ വൃത്തത്തിൽനിന്നു് രക്ഷപ്പെടുന്നതു് മറ്റൊന്നിലേക്കായിരിക്കും—ഇല്ല രക്ഷപ്പെടാനാവില്ല—താനെങ്ങിനെ ഇവിടെയെത്തി?

"ഉണ്ണീകഥയില് ചോദ്യല്ല്യട്ട്യോ—" വെററിലച്ചെല്ലത്തിൽ താളംപിടിച്ച് കഥപറയാനൊരുങ്ങുന്ന മുത്തശ്ശി. ഉണ്ണി ചോദ്യങ്ങളാണെന്നു് മുത്തശ്ശിക്കറിയാമായിരുന്നു. അതു്കൊണ്ടായിരിക്കാം രാജകുമാരിയെ മോഷ്ടിച്ച രാക്ഷസന്റെ കഥ പറയുന്നതിന്നു പകരം പാഞ്ചാലിയുടെ വസ്ത്രാക്ഷേപത്തിന്റെ കഥപറഞ്ഞു തന്നതു്. അവസാനം.........

"മുത്തശ്ശീ, ഞാനെങ്ങനെ്യുണ്ടായേ......?"

മുത്തശ്ശിയുടെ കുഴിഞ്ഞ കണ്ണുകളിൽ അത്ഭുതത്തിന്റെ സംശയത്തിന്റെ നേർത്ത ആവരണമണിഞ്ഞിരുന്നു.

"പതിനാറ് പതിനാറെത്ര്യാ..." അപ്പോൾ താനൊരിക്കലും കണ്ടിട്ടില്ലാത്ത രാത്രിമാത്രം കരയുന്ന ചീവിടിനെക്കുറിച്ചോർത്തുകൊണ്ടിരുന്നു.

"വെറുതെ അതുമിതും പറയാണ്ട് പാഠം വായിച്ചോളൂ—" മുത്തശ്ശിയുടെ മുളവടിയുടെ ശബ്ദം ഇരുട്ടിലൂടെ അകന്നകന്നുപോയി.

മൂന്നിതളുള്ള നക്ഷത്രം നോക്കി കണ്ണ് കഴച്ചപ്പോൾ അവൾ വീണ്ടും പറഞ്ഞു "നമുക്ക് നാളെ പോകാം—"

"ശ്രീയേട്ടൻ എന്നു് വരും?" പെട്ടെന്നയാൾ ചോദിച്ചു.

ബിസിനസ്സ് ടൂറല്ലെ. അറിയില്ല." അവൾ അലസമായി മറുപടിപറഞ്ഞു. ശ്രീയേട്ടന്റെ ഭാര്യ തന്റെ മടിയിൽ തലവെച്ചു് കിടക്കുന്നു. ശ്രീയേട്ടന്റെ ഭാര്യയെ തന്റെ കാമുകി കീഴടക്കിയിരിക്കുന്നു— അയാൾക്ക് കുററബോധം തോന്നിയില്ല.

താൻ ആവശ്യപ്പെടാതെ ആഗ്രഹിക്കാതെ അവൾ തന്ന അവകാശമാണിതു്. മനസ്സിന്റെ വളർച്ചയോടൊപ്പം അവളുടെ രൂപവുമതിൽ വളരുകയായിരുന്നു.. അതിന് കാരണക്കാരൻ താനായിരുന്നില്ല.

"സമത്വേ അവനുഴിഞ്ഞിട്ടതാ—" എന്നിട്ടവസാനം തന്റെ ദുർവ്വിധിയിൽ സഹതപിച്ചുകൊണ്ടവർ ചിരിച്ചു.

“രാജൂം ശ്രീനീം നിക്കെന്താ വ്യത്യാസം?—”

രാജു ശ്രീനിയായിരുന്നില്ല. തന്റെ അവകാശം മറ്റൊരാൾ തട്ടിയെടുക്കുന്നത് തളർന്ന മിഴികളോടെ നോക്കിയിരിക്കാനേ കഴിഞ്ഞുള്ളു.

അയാൾ തന്റെ നിർജ്ജീവമായ കാലിൽനോക്കി നെടുവീർപ്പിട്ടു.

“നമുക്ക് നാളെ പോകാം—” നഗരത്തിലെ നക്ഷത്രങ്ങളെക്കുറിച്ചോർത്തുകൊണ്ടവൾ വീണ്ടും പറഞ്ഞു.

“ഞാൻ പോകുന്നില്ല—” അവൾ അത്ഭുതത്തോടെ നോക്കിയിരുന്നു. പിന്നെ പൊട്ടിച്ചിരിച്ചു; ചരൽക്കല്ലുകൾ വെള്ളത്തിലെറിയുന്നതുപോലെ വശ്യമായ ചിരി. ഉന്മത്തനാക്കുന്ന ചിരി. ചിരിയുടെ അലകൾ പ്രതിധ്വനിച്ചവസാനിച്ചപ്പോൾ അയാളുടെ ശരീരത്തിലെവിടെയൊക്കെയോ ഒച്ചുകൾ ഇഴയുന്നുണ്ടായിരുന്നു.

അവളുടെ ചുണ്ടിലെ പുഞ്ചിരിയുടെ അവസാനനാളം ചുണ്ടുകളിൽവീണു കത്തിയെരിഞ്ഞപ്പോൾ അയാൾ അസ്വസ്ഥനായി. നനഞ്ഞ കടലാസിൽ വീണ മഷിപോലെ അസ്വസ്ഥത മനസ്സിൽ പടർന്നപ്പോൾ അയാൾ എഴുന്നേറ്റു.

ആത്മവഞ്ചനക്ക് കഴിയില്ല—രക്ഷപ്പെടണം. ഊന്നുവടി കൈകൾക്കിടയിൽ ഇറുക്കിക്കൊണ്ടെഴുന്നേറ്റപ്പോൾ അയാളുടെ ഇടതുകാൽ തറക്ക് മുകളിൽ തൂങ്ങി നിന്നിരുന്നു.

“ഞാൻ പോകുന്നു.” ചുട്ടതിക്കുന്ന മണലിലൂടെ പിന്നീടൊന്നുകൂടി തിരിഞ്ഞുനോക്കാതെ അയാൾ നടന്നു നീങ്ങി.

നിരാശയോടെ, നഷ്ടബോധത്തോടെ അവൾ വീണ്ടും മൂന്നിതളുള്ള നക്ഷത്രമന്വേഷിച്ചുകൊണ്ടിരുന്നു.

പുഴ അപ്പോഴും വിജനമായിരുന്നു.

# നഷ്ടസ്വപ്നങ്ങൾ

— by RAJEEVAN E. I B.com

അയാൾ അവസാനം എത്തിയത് പുഴക്കരയിലായിരുന്നു. തോണി അക്കരെനിന്നും വരുന്നതേയുണ്ടായിരുന്നുള്ളു. അമരത്തിരുന്ന് തുഴയുന്ന വൃദ്ധനായ കടത്തുകാരൻ അയാളെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു—

വൃദ്ധൻ മുട്ടുമറയാത്ത മുണ്ടുടുത്തിരുന്നു. അയാളുടെ ഊന്നുവടി തോണിപ്പടിയിൽ ചാരിവെച്ചിരുന്നു. വൃദ്ധന്റെ നീണ്ട മൂക്കിന്റെ അററത്ത് വെള്ളപ്പൈയ്യുള്ള കണ്ണട സ്ഥലം പിടിച്ചിരുന്നു—

തോണി കരക്കടുത്തപ്പോൾ ചുവന്ന തൊണ്ണുകാട്ടി വൃദ്ധൻ അയാളോട് ചിരിച്ചു.

തോണി വീണ്ടും യാത്രയാരംഭിച്ചിരുന്നു. "മോനെങ്ങട്ടാ" ? "അറിഞ്ഞൂട". "എവിട്ന്നാ വരുന്നത്"" ?

"അമ്മയുടെ ഗർഭപാത്രത്തിൽനിന്ന് — ജനറൽ ഹോസ്പിററലിൽനിന്ന്—പട്ടാള ക്യാമ്പുകളിലെ ഫാമിലികോർട്ടറുകളിൽനിന്ന്— സ്കൂളിൽനിന്ന് — കോളേജിൽനിന്ന്—എന്റെ ഗ്രാമത്തിൽനിന്ന്—ഇവിട്ന്നെല്ലാം ഞാൻ വരുന്നു. ഞാൻ മാത്രമല്ല എന്റെ പിറകെ ലക്ഷക്കണക്കിലാളുകൾ വരുന്നു."

"എന്തിനാ പോണത്", മോൻ ? "

"ചുവന്ന തൊണ്ണുകളിൽ കൂർത്ത പല്ലുകൾ വന്നപ്പോൾ അമ്മ മുലപ്പാല് തരാതെയായി. അതുകൊണ്ട്" ഞാൻഎന്റെഅപ്പത്തിന്റെഅന്വേഷണത്തിലാണ്"".

---

നാം പലവിധത്തിലും ഉപജീവിക്കുന്നുണ്ട്. ആധുനിക ശാസ്ത്രം നമ്മുടെ ചിന്താമണ്ഡലത്തിൽ പല വിപ്ലവങ്ങളും സൃഷ്ടിച്ച് മുന്നേറുകയാണല്ലോ! വസ്തുനിഷ്ഠമായ ശാസ്ത്രത്തിന്റെ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് നാം ഏവരും അറിഞ്ഞിരിക്കേണ്ടതുണ്ട്. ഒരു വസ്തുവിന്റെ യഥാർത്ഥരൂപം മനസ്സിലാക്കാൻ ശാസ്ത്രം നമ്മെ സഹായിക്കുന്നു. വിദ്യാഭ്യാസത്തിലൂടെയും നമുക്ക് നേടാൻ കഴിയുന്നത് സത്യത്തെ സ്വീകരിക്കുവാനും തെററുകളെ തിരസ്കരിക്കുവാനുമുള്ള ശക്തിയാണ്! ഈ ശക്തിതന്നെയാണ് സാമൂഹ്യമാററത്തിന്റെ ബീജവും !!

---

ഓടിവന്ന ക്ഷീണത്തിൽ അയാളപ്പോഴും കിതക്കുന്നുണ്ടായിരുന്നു. വൃദ്ധൻ ചിരിക്കുകമാത്രം ചെയ്തു. ആ ചിരിയിൽ സാമ്രാജ്യങ്ങൾ അടന്നുവീഴുന്നുണ്ടായിരുന്നു. വെട്ടാനോങ്ങിയ വാളുകൾ ഉറയിൽ ഒളിപ്പിക്കാനുള്ള ശക്തിയുണ്ടായിരുന്നു. വൃദ്ധന്റെ കഷണ്ടിത്തല സൂര്യരശ്മി തട്ടി പ്രതിഫലിച്ചു.

തോണി അക്കരെയെത്തിയിരുന്നു. അയാൾവെപ്രാളത്തോടെ കരക്കിറങ്ങി. നിസ്സഹായനായി അയാൾ പൂഴിയിൽ ഇരുന്നു.

"ഞാനിനി എന്തുചെയ്യണം, എവിടേക്ക്പോവും ഞാൻ"

അയാളുടെ കൈയ്യിലെ ചുരുട്ടിപ്പിടിച്ച കടലാസ്സുകൾ വിയർത്തുനനഞ്ഞിരുന്നു.

"നിനക്കാരാവണം, കുട്ടീ"
"എനിക്ക് ഞാനാവണം"

"എങ്കിലതാ ആ വഴിക്ക് പൊയ്ക്കോളൂ. അവിടെ വിശാലമായൊരു ലോകമുണ്ട്. സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു അവിടെ നിനക്ക് ലഭിക്കും. അവിടെ പോയി സ്വതന്ത്രനായി, നീയായി ജീവിക്കൂ. നിന്റെയെല്ലാവിവരവും ആ കടലാസിൽ ഒതുങ്ങിനിൽക്കുന്നു. അത് കാണിച്ചാൽ നിന്നെ അവർക്ക് മനസ്സിലാവും. പോകൂ! വേഗമാവട്ടെ"

അയാൾ എന്തോ ചോദിക്കാൻ തുനിയുമ്പോഴേക്കും വൃദ്ധന്റെ തോണി പുഴയുടെ നടുവിലെത്തിയിരുന്നു.

വൃദ്ധൻ പറഞ്ഞവഴിയേ അയാൾ നടന്നുതുടങ്ങി. ചെല്ലുന്തോറും വഴി ദുർഘടമാവുകയായിരുന്നു. കരിങ്കൽച്ചീളുകൾ വഴിയിൽ മുഴച്ചുനിന്നിരുന്നു. മുൾപ്പടർപ്പുകളിൽനിന്നും മൂർഖൻപാമ്പുകൾ അയാളെനോക്കി ഇളിച്ചുകാട്ടി. വഴിയിലെ കുഴികളിൽ വീഴാതെ അയാൾ ശ്രദ്ധിച്ചുനടന്നു.

ചെന്നെത്തിയത് ഒരുകോട്ടയുടെമുന്നിലായിരുന്നു, അയാൾ. കോട്ടക്ക് പുറവും കരിങ്കൽഭിത്തിയുണ്ടായിരുന്നു. അവിടെ പൂച്ചട്ടികളിൽ വിവിധ വർണ്ണത്തിലുള്ള

പൂക്കൾ വിടർന്നുനിന്നിരുന്നു. കോട്ടക്ക് കനത്ത ഇരുമ്പു വാതിൽ ഉണ്ടായിരുന്നു. ചന്ദനത്തിരിയുടെ ഗന്ധം കാററിൽ അലിഞ്ഞുചേർന്നിരുന്നു.

അയാൾ മുട്ടിയപ്പോൾ ഉഗ്രശബ്ദത്തോടെ വാതിൽ തുറന്നു. ഉള്ളിൽനിന്നും പുറത്തു്വന്നതു് കറുത്തവസ്ത്രങ്ങൾ ധരിച്ച നാലു് ആളുകളായിരുന്നു. അവരുടെ കൈയ്യിൽ കയറും, കന്തവും, കത്തിയും ഉണ്ടായിരുന്നു. കോട്ടക്കുള്ളിൽനിന്നു് ദുർഗ്ഗന്ധംവമിച്ചിരുന്നു അപ്പോൾ.

"ഞാൻ വന്നിരിക്കുന്നു. എനിക്കു് ഞാനാവണം. എന്നെ ഞാനാവാനനുവദിക്കൂ"

അയാളുടെ ശബ്ദംകേട്ട അവർ അട്ടഹസിക്കുകയായിരുന്നു.

"നിനക്കു് നീയാവണം അല്ലേ, വാ, നിന്നെ ഞങ്ങൾ നീയാക്കിത്തരാം" അവർ അയാളെ കയറുകൊണ്ടു് വരിഞ്ഞുകെട്ടി. ഒരു സത്വം അയാളുടെ നാഭിക്ക്'കന്തംകൊണ്ടു് ആഞ്ഞുകുത്തി. മറെറാരുത്തൻ അയാളുടെ ഭംഗിയുള്ള മുടിമുറിച്ചു് അയാളെ മൊട്ടയാക്കി. നാലാമൻ അയാളുടെ കയ്യിലെ കടലാസ്സു് ചുരുൾ തട്ടിപ്പറിച്ചെടുത്തു. അയാൾ വേദനകൊണ്ടുറക്കെക്കരഞ്ഞെങ്കിലും അതൊരു വനരോദനമായി പ്രതിധ്വനിച്ചു. ഈ

സമയം നാലുപേരും ആ കടലാസിനു്. വേണ്ടിയു[...]
പിടിവലിയിലായിരുന്നു.

പരാക്രമത്തിന്നിടയിൽ അയാളുടെ കെട്ടുകൾ അ[...]
ഞ്ഞിരുന്നു. ചോര ഒലിപ്പിച്ചുകൊണ്ടയാൾ കോ[...]
വിട്ടോടി.

"പിടിയവനെ—അവനെ വിടരുതു്". പിറ[...]
അവരും അട്ടഹസിച്ചുകൊണ്ടോടി.

അയാൾ ഓടിയെത്തിയതു് പുഴക്കരയിലായിരു[...]
അവിടെ വൃദ്ധനുണ്ടായിരുന്നില്ല. വൃദ്ധൻ തോണിയി[...]
മരിച്ചുകിടന്നിരുന്നു അതിനുചുററും കഴുകന്മാർ വട്ട[...]
പറന്നിരുന്നു.

പിറകെ വന്നിരുന്നവർ അയാളെ കല്ലെറിഞ്ഞോ[...]
ടിച്ചു. ഭയന്നോടിയഅയാൾ എത്തിയതു്അറബിക്കട[...]
ലായിരുന്നു. തിരയോടൊപ്പം കടലിലേക്കു് പോവ[...]
അയാളെരക്ഷിക്കാൻ അവിടെ ആരും ഉണ്ടായിരുന്നി[...]
പിറകെവന്നിരുന്ന നാലുപേർ വൃദ്ധന്റെ ശവംതിന്[...]
യായിരുന്നു. തിരമാലകൾ അയാളുടെ മൊട്ടത്തലയ[...]
തട്ടി ചിന്നിച്ചിതറി. അറബിക്കടലിന്റെ അഗാ[...]
ധതയിലേക്കു് അയാൾ താഴുകയായിരുന്നു.

ചെറുകഥ

# ഒരു ഗാനം

ഗീത - II B. A.

പാറക്കെട്ടുകൾക്കിടയിൽ ഇടക്കിടെ പച്ചപിടിച്ചു കിടക്കുന്ന നിരപ്പല്ലാത്ത ഭൂമി. ഏതൊ നഷ്ടബോധത്തിന്റെ പല്ലവി പാടുന്ന സന്ധ്യ.

ഈ മുഹൂർത്തത്തിൽ വിലക്കുകൾ വകവെക്കാതെ, ക്ഷണിക്കപ്പെടാത്ത അതിഥിയായി എന്തിനിവിടെ വന്നു ?

ഇപ്പോൾ തന്റെ അസ്വസ്ഥതകളെ അവഗണിച്ച് പുറത്തെ അരുണിമക്കുനേരെ കണ്ണടച്ച്, സ്വന്തം പുതപ്പിനുള്ളിൽ മറയാമായിരുന്നു. ഏതെങ്കിലുമൊരു തടിച്ച ബുക്കിൽ സ്വയം തളച്ചിടാമായിരുന്നു.

എന്നിട്ടും, എന്തൊ തിരയാനുണ്ടെന്ന ഭാവമുണ്ടായതെന്തിന് ? ജനിസ്മൃതികളിൽ മറന്നുപോയതെന്തോ.........

പുലരികൾ കാൽചിലങ്കകൾ ശബ്ദിക്കമാറ് താഴ്വരകളിൽ നൃത്തമാടി. നിഴലുകൾ പരത്തി സന്ധ്യകൾ തളർന്നുവീണു. പിന്നെ, ഇരുണ്ട യാമങ്ങളിൽ ഭൂമി ഉറങ്ങി.

ദിവസങ്ങളുടെ ഉദയാസ്തമനങ്ങൾ..... ഋതുക്കളുടെ ആഗമവിയോഗങ്ങൾ.... കാലത്തിന്റെ പ്രവാഹം.... പിന്നെ മനുഷ്യന്റെ നിസ്സഹായതയും.

അപ്പോഴെല്ലാം ഈ പാറക്കെട്ടുകൾ ഏതോ നിജ്ജനിയിൽ ലയിച്ചു. പശ്ചാത്തലമൊരുക്കിയ പ്രകൃതി ആസ്വാദനത്തിന്റെ ഊഷ്മളതക്കുവേണ്ടി കാത്തുകിടന്നു.

മദിച്ച സൂര്യൻ ആവിയായി മാറി. ആകാശത്തിൽ ഇരുണ്ട മേഘങ്ങൾ സമ്മേളിച്ചു. മഴത്തുള്ളികൾ പാറക്കെട്ടുകളിൽ ചിതറി. പിന്നെ ഒരു ഹിമാവരണത്തിനുള്ളിൽ സ്വയം മറഞ്ഞു.

കൈയ്യെത്താവുന്ന ദൂരത്തിൽ കോളേജ്. അതിൽ, മറ്റാത്ത ഉത്സാഹത്തോടെ, കണ്ടുമറക്കുന്ന നിഴലുകൾ ഇഴഞ്ഞുനടന്നു.

ഹോസ്റ്റലുകളെ മയക്കിക്കൊണ്ട് രാത്രികൾ വരാന്തകളെ ഉണർത്തിക്കൊണ്ട് പകലുകൾ. അപ്പോഴെല്ലാം, എന്നെങ്കിലും പതിയുന്ന കാലടികൾക്കുവേണ്ടി കൊതിച്ച ശിലകൾ.

അങ്ങകലെ, ഒരു ഋജുരേഖയായി മാറിയിരിക്കുന്ന ആഴി. ആ ആഴിയിൽ തിരമാലകളില്ല. ഒരു ഋജുരേഖ മാത്രം.

വേദങ്ങൾ തപസ്സിരുന്നേക്കാവുന്ന ഈ പാറക്കെട്ടുകൾ ആരുടേയും മുദ്രസ്സൾമാവശ്യപ്പെട്ടില്ല. എന്നിട്ടും, ഒരപ്രതീക്ഷിത നിമിഷത്തിൽ മെഴക്കാന്ന കാലടിപ്പാടുകൾ വീഴ്ത്തി ഞങ്ങളിവിടെയെത്തി.

" ഈ പാറക്കെട്ടുകൾ നമ്മുടേതു് മാത്രമാണ് " ചിത്ര പറഞ്ഞു. "മററാരും ഇവിടെ വരാറുണ്ടാവില്ല."

അവളുടെ ശബ്ദം, തണുത്തകാററിൽ കൂടുതൽ ചിലമ്പിച്ചതായി തോന്നി. ഒരിക്കൽ പിരിയണമെന്നു് ഓക്കാതിരുന്ന ദിവസങ്ങളിൽ, ഇവിടെയിരുന്നു് പറങ്കിയണ്ടികൾ പെറുക്കിയിരുന്നതിനെ അവൾ ഓത്തിട്ടുണ്ടാവാം.

ഓർമ്മകളെ ഡയറിയിലൊതുക്കി അവൾ കടന്നുപോയി. പിന്നെ ശാശ്വതമായി ബന്ധവിമോചനം വരുമെന്നു് തോന്നിയ നിമിഷത്തിൽ അവൾ യാത്ര ചോദിക്കാൻ തിരിച്ചെത്തി. എന്നോടും, പാറക്കെട്ടുകളോടും, പിന്നെ.... അങ്ങകലെ ഋജുരേഖയായി മാറിയ നീലക്കടലിനോടും.

സൃഷ്ടിയുടെ ഭ്രമണങ്ങൾ വേഗത്തിൽ നടക്കവെ, കാലം ഒരിക്കലും തളക്കപ്പെടാറില്ല. ബുദ്ധിക്കും ഇന്ദ്രിയങ്ങൾക്കും അതീതമായ അനുസ്യൂതതയിൽ സ്വന്തംവില പേശലുകൾ നടത്തുന്ന മനുഷ്യർ, വെറും ഭ്രഷ്ടബുദ്ധികൾ.

ഞാനും, നീയും വെറും സങ്കല്പങ്ങൾ; ഏതോ വിരുദ്ധതയുടെ സന്തതികൾ. പിന്നെ എന്തിനു് നമ്മുടെ വേർപാടുകളിൽ ദുഃഖിക്കണം? കൂടിക്കാഴ്ചകളിൽ സന്തോഷിക്കണം ?

അലയടിച്ചുയരുന്ന തിരമാലകൾ ഇവിടെ ഒരു ഋജുരേഖയിൽ സമ്മേളിക്കുന്നു. പിന്നെ നമ്മുടെ ദുഃഖങ്ങളും, വികാരങ്ങളും.

മണിക്കൂറുകൾ കഴിഞ്ഞാൽ നാം പിരിയുമെന്ന വ്യഥ നിന്റെ നിഴലിൽ കളങ്കം ചാർത്തുന്നു. അപ്പോൾ പിന്നെ ഈ മൌനത്തിന്റെ അർത്ഥം ? കുറച്ചു നിമിഷങ്ങളിലെങ്കിലും നിനക്ക് വാചാലയായിക്കൂടെ ?

തന്റെ മിഴികളിലെ അസഹ്യത മനസ്സിലാക്കിയിട്ടെന്നപോലെ അവൾ പുലമ്പി.

"എന്തെങ്കിലും പറയൂ."

"About what ? About whom ?"

"നിന്റെ boyfriendനെപ്പററി... ചിലപ്പോൾ"

"Oh! no, please..."

"എങ്കിൽ..."

വീണ്ടും സ്മൃതിപഥത്തിൽ അസ്വസ്ഥത. സ്വരബോധമില്ലാത്ത വാക്കുകൾ.

അപ്പോഴേക്കും അവളുടെ വാക്കുകളിലെ ശ്രദ്ധമുഴുവൻ നശിച്ചുകഴിഞ്ഞിരുന്നു. അങ്ങകലെനിന്ന് ഒരുകൂട്ടം പക്ഷികൾ പറന്നുവന്നു. അവയിലൊന്ന് ഏതോ വേദനയുടെ അസഹ്യതയിൽ ഉടഞ്ഞ പാറക്കെട്ടുകളിൽ വീണു.

അതിന്റെ പതനത്തിൽ കണ്ണും നട്ടിരിക്കവെ, മററു പക്ഷികൾ അകന്നുപോയി. അവ മഞ്ഞിന്റെ വെളുത്ത കൂടാരത്തിനുള്ളിൽ മറഞ്ഞപ്പോൾ ചിത്രയെ ശ്രദ്ധിച്ചു. അവൾ അലക്ഷ്യഭാവത്തിൽ പക്ഷിയെ നോക്കിയിട്ട്, ഉറക്കെ ചിരിച്ചു.

"You are laughing !"

"ഊം."

"പക്ഷെ ചിത്ര, എനിക്ക് ചിരിക്കാൻ സാധിക്കുന്നില്ലല്ലൊ."

അപരിചിതമായ പാതയിൽ സ്വന്തം ലക്ഷ്യബോധങ്ങളെ നഷ്ടപ്പെടുത്തിയ പക്ഷി. താഴേക്കു നോക്കാനറിയാത്ത മിഴികളുമായി പറന്നകന്ന സഹചാരികൾ.

ഈ പാറക്കെട്ടുകളിൽ തളർന്നുവീഴുന്നതിനു മുമ്പുവരെ നക്ഷത്രങ്ങളെ സ്വപ്നം കണ്ടുനടന്ന പക്ഷി. ഏകാന്തനിമിഷങ്ങളിലെ ഗാനംകൊണ്ടു തൃപ്തിയടഞ്ഞ പക്ഷി, ഒരു ജീവിയിലും, വേദനയുടെ വിഷം കുത്തിയില്ല. എന്നിട്ടും......

"വരൂ, നമുക്ക് മടങ്ങാം. നേരംവൈകുന്നു. എനിക്ക് 12.30ന്റെ ട്രെയിനിനു് പോകണം."

ചിത്ര തന്റെ ഇഷ്ടാനിഷ്ടങ്ങളെ വകവെക്കാതെ പറഞ്ഞു. തിരിച്ച് ഹോസ്റ്റലിലേക്ക് നടക്കുമ്പോൾ, ഇതുവരെ അവളോടൊന്നും പറഞ്ഞില്ലല്ലൊ എന്നോർത്ത് ദുഃഖിച്ചു; സ്വയം മാപ്പുചോദിച്ചു.

ഹോസ്റ്റലിൽ മടങ്ങിപ്പോകുന്നവരുടെ സമ്മിശ്രത. വെറുമൊരതിഥിയായി ഇന്നലെ വന്ന ചിത്ര, ഇന്ന് യാത്രചോദിക്കുന്നു; പഴയസ്മരണകളെ വെറുതെതാലോലിക്കുന്നു.

"Hope we will meet again"

അവളുടെ വാക്കുകളിൽ നിരാശ മാത്രമെ നിഴലിച്ചിരുന്നുള്ളു. പക്ഷെ, അതു വെറുമൊരു തോന്നലായിരുന്നു. കാരണം അപ്പോഴേക്കും മനസ്സ്, ആശങ്കകളുടേയും, നിരാശകളുടേയും അതിർത്തികളെ ലംഘിച്ചുകഴിഞ്ഞിരുന്നു.

അവൾ കടന്നുപോയി. ഉച്ചവെയിൽ മയങ്ങി. അങ്ങകലെ, വയൽവരമ്പുകൾ, പരിപ്പുര, തൊങ്ങൽ എല്ലാം കണ്ടുമറന്ന കാലടികളെ പ്രതീക്ഷിച്ച്കിടന്നു.

അമ്മ തെക്കേമുറി തുറന്ന് ജനൽപ്പടികളും, ഉമ്മറപ്പടിയും തുടച്ചു. അമ്മമ്മ തുളസിയും, കുരുമുളകുമിട്ട് എണ്ണ മൂപ്പിച്ചു. മകളെ കാത്തിരുന്നു. അപ്പോഴെല്ലാം... ചേച്ചിയുടെ കണ്ണുകൾ കൂടുതൽ വിത്രപങ്ങളായി.

പിന്നെ സന്ധ്യ വന്നു. ഈ സന്ധ്യ ഞ
രാവിനേയും, പകലിനേയും കൂട്ടിയിണക്കാനുള്ള ശ്ര
വുമായി. അരുണിമ ആകാശത്തിൽ വിലയം പ്രാപി
ച്ചപ്പോൾ താൻ വീണ്ടും അസ്വസ്ഥമായി.

വാർഡന്റെ മുറി അടഞ്ഞുകിടന്നു. വിലക്കുകളെ
ഓർക്കാൻപോലും കഴിയാത്തൊരാലസ്യം തന്നെ
ബാധിച്ചു. അപ്പോഴേക്കും രാവിലെ കണ്ട പക്ഷി
മേലെ പറന്നുവന്ന്, തന്നിൽ കൂട്ടുകെട്ടി പാർത്തിരുന്ന

അങ്ങിനെ വീണ്ടും ഈ പാറക്കെട്ടുകളിലെത്തി
ചേതനകൾ അസ്തമിക്കുന്ന നിർവൃതിയായി, ഒരി
കാററ് സ്വാഗതമരുളി.

ഓ! ആ പക്ഷി...ആ പക്ഷിയിൽ ചലനമുണ്ട്
അതിന്റെ സിരകളിൽ ഈ സന്ധ്യ ഒഴുകി ന
ക്കുന്നുണ്ട്. ഒരു പക്ഷെ, നക്ഷത്രങ്ങളുണരുന്ന രാത്രി
യിൽ ഈ ചലനങ്ങൾ നിശ്ചലമായിരിക്കും.

സൂക്ഷിച്ചു നോക്കുമ്പോഴും, അതിന്റെ മിഴികളി
സ്വപ്നമെഴുതിയ കറുത്ത രേഖകൾ! സ്വന്തമായി ഒന്നോ
രണ്ടോ വർണ്ണപ്പീലികൾ മാത്രമുള്ള ആ പക്ഷിയിൽ ഇ
നിമിഷത്തിലും ആശങ്കകൾ !

സന്ധ്യയുടെ തുടിപ്പാർന്ന ഈവേളയിൽ പക്ഷി
ഗാനത്തിനു മോഹിക്കുന്നതുപോലെ ! വർണ്ണപ്പൊലി
യുള്ള ഒരു രൂപത്തെ തിരയുന്നതുപോലെ !

പക്ഷേ... ഈ പക്ഷി വെറുതെ മോഹങ്ങൾ ച
ക്കുകയാണ്. രാത്രിയുടെകല്ലറയിൽ പ്രവേശിക്കുമ്പോ
ഒരു കൂട്ട് മോഹങ്ങളുടെ വിത്ത് പാകി മറയുകമാ
മാണ്.

ഇവിടെ പാദസരമണിഞ്ഞ പുലരികളുടെ കാ
കൾ തളരുന്നു. കുങ്കുമമെറിഞ്ഞ സന്ധ്യകൾ മയങ്ങ
വീഴുന്നു. പിന്നെ, ഒരു പക്ഷിയും.

ഏതൊ ജന്മങ്ങളുടെ തടവറയിൽനിന്ന് മോച
തയാവാൻ ഇവിടെ വന്നെത്തിയ പാവം പക്ഷി തള
പോയി.

ഇവിടെ എന്റെ സംയമങ്ങൾക്ക് അതിരുക
നിർണ്ണയിക്കപ്പെടുന്നു. ഇവിടെ എന്റെ ശാന്തി ജ്വ
ക്കുന്നു. എന്റെ ചിറകുകളും തളരുന്നു.

സൂര്യൻ, സന്ധ്യയെ മടക്കിഅയച്ച് സ്വയം അ
ത്യക്ഷനായി. അങ്ങകലെ ആഴി, ചക്രരേഖയിൽനിന്ന
നേർത്ത ആരവമായി മാറുകയാണ്. മനസ്സ് മററൊ
ഗാനത്തിനരങ്ങൊരുക്കുകയാണ്, മററൊരു രൂപത്തെ
ധ്യാനിക്കുകയാണ്.

ചെറുകഥ

# ഒരു കാത്തിരുപ്പിനുശേഷ

എം. പ്രസ

സായാഹ്നമലയുന്ന തീരം.

—ശൈത്യപ്പിറവിയ്ക്കുശേഷം ശൂന്യതയിൽ, താഴ്‌വരകളിൽ, അലഞ്ഞു്, ക്ഷീണിച്ചെത്തിയ ഗ്രീഷ്മപ്പക്ഷി. ഭൂമിയാകട്ടെ, മഞ്ഞുതുള്ളികളെ പുൽകിക്കിടന്നതിനുശേഷം തണുപ്പുററിക്കിടക്കുന്ന ഞരമ്പുകളെ ഊതിയാററാൻ ഒരു വേനൽ രശ്മിയെ കാത്തിരിക്കയായിരുന്നു.

ഒരു നഷ്ടസാമ്രാജ്യത്തിൻെറ സംഗീതത്തെക്കുറിച്ചോർത്തിരിക്കവെ, വിരസതയുണർന്നുകിടന്ന ദിനപ്പാട്ടുകളെക്കുറിച്ചോർത്തു അവൾ. അന്നു്, അവളിൽ കത്തിപ്പടരുന്ന മോഹത്തിൽ ഒരു പകലിൻെറ അവസാനത്തിൽ വൈകിയെത്തുന്ന സായാഹ്നത്തിനു് സംതൃപ്തിയുടെ തുടപ്പായിരുന്നു. അയാളാകട്ടെ, ആകാശച്ചെരുവിൽ നിറംമാററമുണ്ടാവുന്നതും നോക്കിയിരുന്നു.

മഞ്ചാടിമരങ്ങൾ തിങ്ങിതണലാർന്ന തീരത്തേക്കു്, മലകളെ തഴുകി കീഴോട്ടിറങ്ങുന്ന സായാഹ്നക്കാററു്. വിജനതയിൽ അടയിരിക്കുന്ന നിശ്ശബ്ദതയ്ക്കു മുകളിൽ കാററിൻെറ ഗാനം.

'ശില്പി' ഒരോർമ്മത്തെററു വന്നതുപോലെ പെട്ടെന്നവൾ വിളിച്ചു.

അയാൾ, ഏററവും ഇഷ്ടപ്പെട്ട ഒരുപേരു് കേട്ടതു് പോലെ, സായാഹ്നക്കാററിനെ മറന്നു്, നിശ്ശബ്ദതയിലൂടെ നേടിയെടുത്ത ഒരു നിർവൃതി മറന്നു്, അവളുടെ പുമലിൽ മുഖമമർത്തി. 'ഒരിക്കൽക്കൂടി-നീയങ്ങനെ വിളിക്കു. ജീവിതത്തിൻെറ തിരക്കിൽ ഞാനെല്ലാം വലിച്ചെറിയുകയായിരുന്നു. ഇനിയെങ്കിലും ഞാനുണരട്ടെ. എൻെറ സ്വരം ഞാൻ കേൾക്കട്ടെ...!

അപസ്മരണകളിൽ നിന്നു് തികച്ചും മുക്തയാവാൻ കഴിയാതിരുന്ന അവൾ, മറുപടിയൊന്നും പറയാനാവാതെ, അയാളുടെ നഷ്ടപ്പെട്ട യൌവനമെങ്ങനെയായിരുന്നുവെന്നോർത്തു.

പെട്ടെന്നു്, ഇക്കാലമത്രയും ചോദിക്കാതിരുന്ന ഒരു ചോദ്യമയാൾ ചോദിച്ചു; പതിവിലേറെ സ്'ഫം തയാന് അയാളുടെ സ്വരം, തീരത്തെക്കൊഴുകി. 'നോക്കു, നാം എവിടെയായിരുന്നു ഇക്കാലമത്രയും? പരസ്പരം കാണാതെ......സ്നേഹിക്കാനാവാതെ......!

ഇപ്പോൾ, യാമങ്ങൾക്കുശേഷം കണ്ണടയ്ക്കുന്ന
വരെ അവളോർക്കാറുണ്ടായിരുന്ന കാര്യവും അതുത
യായിരുന്നു. വൃദ്ധതയുടെ ദുഃഖസ്വരമില്ലാതെ,നിറ
സ്വപ്നവുമായി, കിടക്കവെ യാമങ്ങൾ പെട്ടെ
തീരുന്നതുപോലെ, ഗ്രാമമുണരുമ്പോൾ വയൽ
യിൽ പൊട്ടിച്ചിതറുന്ന പ്രഭാതത്തിനു് പണ്ട്‌ക
മറന്ന അതേ ഛായ.

'ഞാനെന്തുപറയാൻ...' അവളോർക്കയാ
രുന്നു: 'ഒരു രാത്രികൊണ്ടു എന്നെ വഞ്ചിച്ചു ക
കളഞ്ഞ എൻെറ ഭർത്താവിനെപ്പററിയോ? പി
കിളിവാതിലുകൾ തുറന്നിട്ടു്, കമുങ്ങിൻതോട്ടത്തി
നിഴൽപ്പാടുകളിൽ കാലടികളമരുന്നതും കാതോ
രുന്നു. ഗ്രാമവും, പിന്നെ, എൻെറ തടവറയും ഉ
മ്പോൾ ഞാൻമാത്രം ഏങ്ങി. പിന്നെ സമാധാന
'വരും വരാതിരിക്കില്ല.-അയാൾ, അവളുടെ ശബ്ദ
നായി മഞ്ചാടിമരങ്ങളുടെ സ്വരത്തിൽ നിന്നക
കാത്തിരുന്നു.

അവൾ പറയാനാവാതെ മയങ്ങിഇരുന്നു.പി
മഞ്ചാടിക്കുരുകൾ പെറുക്കി കൈവെള്ളയിൽ
ഞെരിച്ചു് അവളെന്തൊക്കെയോ വ്യക്തമാക്കി: '
യെ കൊത്തിക്കീറുന്ന മദ്ധ്യാഹ്നത്തെപ്പോലെ എ
കൊത്തിക്കീറിയ ഒരു രാത്രി...നോക്കു, അന്നെന
രാത്രിയുടെ ഗന്ധം നഷ്ടപ്പെട്ടു...പിന്നീട് അ
ളെയും...' അയാൾ, അവളിലെ കാലഘട്ടങ്ങൾ
റത്തെ പെൺകുട്ടിയുടെ ദുഃഖകഥകേട്ടു; അവളി
അടർന്നുപോയ ധാവള്യത്തെ കണ്ടു. പെട്ടെന്നവൾ മ
ടിക്കുരുകൾ ഓരോന്നായി എറിഞ്ഞുകളഞ്ഞു്,
ത്തിലെ ദുഃഖച്ഛായമാററി, അയാളുടെ മുഖത്തേ
നോക്കി ദാർഢ്യത്തോടെ പറഞ്ഞു: 'ഇനിയൊരി
അയാൾ വരാതിരിക്കട്ടെ.'

അയാളാകട്ടെ, അവളുടെ മുഖത്തെ ക്ഷുബ്ധനി
വികാരത്തെ പഠിക്കുകയായിരുന്നു.

'നീ എന്തൊക്കെ ശില്പങ്ങൾ നിർമ്മിച്ചിട്ടുണ്ട്'

അയാൾ, ഒരു നിമിഷം, മണ്ണിൽ പുഴ്'ന
ഒന്ന വെയിൽരശ്മികളെ നോക്കി.

'കരിങ്കല്ലിൽ, എൻെറമ്മയുടെ ശില്പം. മ
പെണ്ണും എൻെറ ഭാവനയിലുണ്ടായിരുന്നില്ല.'

സായാഹ്ന രശ്മികൾക്കപ്പുറത്ത് പെട്ടൊന്നൊരു ജന്മത്തെ കാത്തിരിക്കുന്ന സന്ധ്യ.

'നോക്കൂ, എൻ്റെ അമ്മ മരിച്ചപ്പോൾ, ഇപ്പോൾ നിന്നെ കണ്ടെത്തുന്നതുവരെ ഞാനേകനായിരുന്നു! എൻ്റെ ശില്പഗൃഹത്തിൽ ഞാനേറെനേരം ചെലവാക്കി!' അയാളുടെ സ്വരംവിറച്ചു. മുടിച്ചുരുളുകൾ മഞ്ചാടിമരങ്ങൾക്ക് കീഴെ പാറിക്കളിച്ചു. ദൗർബല്യം മാത്രം ഉൾക്കൊള്ളുന്ന ഒരു താഴ്‌വരയിൽ, ചുരുണ്ടു പുണർന്ന് കിടക്കുന്ന മനസ്സ്.

അന്ധകാരംപോലെ കുന്നുകൾക്ക് താഴെ താഴ്‌വര. വൈകിമാത്രം പ്രഭാതമെത്തുന്ന താഴ്‌വരയിൽ ജീവിതത്തിൻ്റെ അസ്ഥിതപദ്ധമേറ്റു കിടക്കുന്ന ഒരു കൂട്ടം ജനം. പാറക്കൂട്ടങ്ങളിൽ ചവിട്ടി, ഇരുണ്ട വഴികൾ കടന്ന് അയാൾ വയൽവരമ്പിലെത്തുമ്പോൾ പ്രഭാതമേറെ കഴിഞ്ഞിരിക്കും. പിന്നെ, സൂര്യച്ചൂടിൽ തെരുവിലെ തൊഴിൽശാലയിലെത്തുമ്പോൾ പ്രഭാതത്തിൻ്റെ അവസാനരശ്മിയും വീണുകഴിഞ്ഞിരിക്കും. വീണ്ടും വീടിൻ്റെ നിശ്ശബ്ദതയിലേക്കിഴഞ്ഞെത്തവേ, താഴ്‌വരയിലെ മറിച്ചു വെളിച്ചത്തിൽ കാലടിപ്പാടുകളുമതന്നതും കാതോർത്തിരിക്കുന്ന അമ്മ.

'പക്ഷേ, ഞാനൊരിക്കലും സംതൃപ്തനായിരുന്നില്ല. എൻ്റെ മനസ്സ് എൻ്റെ ദാഹവുമായി പുണർന്നു കിടന്നു. എനിക്ക് വരയ്ക്കാനോ ശില്പം നിർമ്മിക്കാനോ കഴിഞ്ഞില്ല. ജീവിതത്തിൻ്റെ നിസ്സഹായതയിൽപെട്ട് എനിക്കൊന്നിനും കഴിഞ്ഞില്ല!

താഴ്‌വര മുഴുവൻ നിശ്ശബ്ദമായിരിക്കെ, അയാൾ മനസ്സ് കടലാസ്സിൽ രചിച്ചു. പ്രഭാതമുണർന്നുകഴിയുമ്പോൾ ഉറങ്ങാതിരുന്ന രാത്രിയുടെ ആലസ്യവുമായി വിരലുകളിൽ പറ്റിപ്പിടിച്ച ചായങ്ങളയാൾ തുടച്ചുകളഞ്ഞു. പിന്നെ, സ്വസ്ഥതയില്ലെന്നോണം വെറുതെ പിറുപിറുത്തു: 'എനിക്ക് വയ്യ ഫാക്ടറിയിൽപോവാൻ. ഞാൻ ചിത്രങ്ങളുണ്ടാക്കാൻ പോകുന്നു! അപ്പോൾ, വഴങ്ങളായി, ജീവിതത്തിൻ്റെ ഭാരമിറക്കിവെയ്ക്കാനാവാതെ കേഴുന്ന അമ്മ, മുഖത്തെ നനവ് തുടച്ചുകളഞ്ഞ് വീണ്ടും വീണ്ടും പുലമ്പും: 'മോനെ, ഏകലവ്യാ നീ ഇന്നലെകൾ മറന്നോ? അമ്മയോടുള്ള കടപ്പാടുകൾ...? അമ്മയുടെ വിഷമങ്ങൾ...?' മുഴുവൻ പറയാനാവാതെ തേങ്ങുമ്പോൾ അയാൾ വീണ്ടുമൊരു കൊച്ചുകുഞ്ഞായി തീരുമായിരുന്നു.

'ഏകലവ്യനെ അവൻ്റെ അമ്മ തടവിലിട്ടു കുട്ടീ. ഒരുരാത്രി അമ്മയെ കഥ പറഞ്ഞുറക്കിയ അച്ഛൻ പിന്നീടുണർന്നില്ല. അങ്ങനെ, അമ്മ കണ്ണീരുകൊണ്ടെനിക്ക് തടവറ സൃഷ്ടിച്ചു. നോക്കൂ, തുവരച്ചെടികൾ പടർന്നുകിടക്കുന്ന തീരത്തിരുന്ന്, ഞാനെത്രയോ സായാഹ്നങ്ങൾ കരഞ്ഞു....!

അവൾ സമാധാനിച്ചു: ഒരു താഴ്‌വരയിൽ ഒറ്റപ്പെട്ടുപോയ ഏകലവ്യനെന്ന പക്ഷിയെ കണ്ടെത്താനായിരുന്നു ഞാനിത്രയും നാൾ കാത്തിരുന്നത്. കേൾക്കാത്ത കാലടിശബ്ദത്തിനായി കരഞ്ഞതിതിന്നായിരുന്നു.

—അവൾ, അയാളുടെ മുടിയിൽ വിരലോടിക്കുകയും, അയാളെ സമാധാനിപ്പിക്കാൻ വെറുതെ എന്തൊക്കെയോ സംസാരിക്കുകയും ചെയ്തു.

'നിൻ്റെ ശില്പഗൃഹം കാണാൻ ഞാൻ വരട്ടെ?' അയാൾ, അടക്കാനാവാത്ത സന്തോഷത്തോടെ അവളെനോക്കി: 'ജീവിതത്തിൻ്റെ നിസ്സഹായതയിൽ-ഒപ്പം മോഹത്തിൽ-പെട്ട് ഞാനെന്തൊക്കെയോ ചെയ്തു. എല്ലാംനിനക്കു കാണിച്ചുതരാം. പറഞ്ഞുതരാം!

അയാളുടെ സ്വരത്തിനു അവളൊരിക്കലും കേൾക്കാതിരുന്ന ആത്മാർത്ഥതയുണ്ടായിരുന്നു. അവളിരുന്ന് മയങ്ങാനാരംഭിച്ചപ്പോൾ, അയാൾ അവളെപിടിച്ച് തണുപ്പാർന്ന മണ്ണിൽ കിടത്തി. എന്നിട്ട്, അവൾക്കൊരു കവിത മൂളിക്കൊടുത്തു: 'നോക്കൂ, കടലുകൾ കടന്ന് നമ്മെ പുണരാനെത്തുന്ന കാറ്റ്'. വിജനതയാർന്ന തീരങ്ങൾ. ഇവിടെ, സൃഷ്ടിപ്പിയുണർത്തുന്ന നിശ്ശബ്ദത. പിന്നെ, തീരങ്ങളെ തേടിയെത്തുന്ന നിലാവ്'.

......'ശേഷം പറയാനാവാതെ അയാൾ മൂകനായപ്പോൾ അവൾ സംതൃപ്തയായിരുന്നു; ഗന്ധം നഷ്ടപ്പെട്ട ഒരു രാത്രി വീണ്ടും അവളെ പുണർന്നു.

ചെറുകഥ

# പരീക്ഷണം

ഹമീദാ എ. എം. II P.D.C.

പക്ഷേ, ഏതുശക്തിയാണ് എന്നെ ഇങ്ങനെ തള്ളിക്കൊണ്ടുപോകുന്നതു്? സ്ത്രീസാമീപ്യത്തിനുള്ള മോഹമല്ല—അല്ല! പിന്നെ ഏതുശക്തി? പ്രകൃതി എന്താണ് ഇതുകൊണ്ടുദ്ദേശിക്കുന്നതു്? അമ്മേ, എത്തിച്ചേരാൻ വയ്യാത്ത ലക്ഷ്യം നീ എന്തിനു് മുന്നിൽ കാണിക്കുന്നു? സാഫല്യത്തിനു് സാദ്ധ്യതയില്ലാത്ത വികാരങ്ങൾ എന്തിനുണർത്തുന്നു? സമന്വയിക്കാനാകാത്ത വൈരുദ്ധ്യങ്ങളെ എന്തിനു് പ്രകോപിപ്പിക്കുന്നു? പാവപ്പെട്ട ഈ മനുഷ്യനു് ഇതു് താങ്ങാനാവുന്നില്ലെന്നു് നീ അറിയുന്നില്ലേ? ജീവിതം നിനക്കു് ഒരു പരീക്ഷണം! ക്രൂരമായ നിൻറ പരീക്ഷണം......

പ്രിയപ്പെട്ടവളേ, സാധാരണ മനുഷ്യരെപ്പോലെ ഞാൻ നിൻറ മുമ്പിൽ ഇരുന്നു് വർത്തമാനം പറഞ്ഞു ഇറങ്ങിപ്പോന്നു. എൻറ ഉള്ളിൽ ഒരഗ്നിപർവ്വതം പൊട്ടിയൊലിക്കുകയായിരുന്നെന്നു് നീ അറിഞ്ഞുകാണില്ല. നിനക്കിതൊരു വൈതൃണവിഹാരം. എനിക്കിതു് നുറുങ്ങിവീഴലാണ്.

ഹൃദയമേ, വേദനിക്കൂ! വേദനിച്ച് വേദനിച്ച് നീ സ്വയം ശക്തിപ്പെടു! എല്ലാ ദൗർബ്ബല്യങ്ങൾക്കുമെതിരായി നീ വേദനയിലൂടെ ഉറച്ചുറച്ചു കഠിനമാകൂ!

നിന്നെ സന്ദർശിച്ചതു് തുറന്നിട്ട അണക്കെട്ടുപോലെയുള്ള ഹൃദയവുമായി; പോയതു്.........

"ചിരികൊണ്ടൊന്നും കാര്യമില്ല...... ഭിക്ഷാംദേഹിയായി അഗ്നിസംഗീതത്തിൻറ പുറകെ നടന്നാലും സാക്ഷാത്കാരം ലഭിക്കുമെന്നു് തോന്നിപ്പോകുന്നു എന്നെഴുതിയതും" ആരാണ്? മറന്നുപോയോ?

"എൻറ സിരകളിലാകെ പടർന്നുകയറുന്ന ഈ തീനാളങ്ങളിൽനിന്നു് മോചിപ്പിക്കാൻ അങ്ങയ്ക്കു് പോലും കഴിയുമോ? ഇല്ല എന്നു് എൻറ മനസ്സു് മന്ത്രിക്കുന്നു...... എഴുതിയതല്ലേ?"

അതോ മറന്നോ?

"നാം, നാം...... ഒന്നിൻറ രണ്ടുപകുതികൾ.... പൂർണ്ണതയുടെ അർദ്ധാംശങ്ങൾ...... തേടിത്തേടി നടന്നു് അവസാനം കണ്ടെത്തിയവർ......"

സൗന്ദര്യത്തേയും വൈരൂപ്യത്തേയുമല്ല, ഒരു ശക്തിയെ, എന്നിൽ കൊടുംകാററും കുളിർനിലാവും സൃഷ്ടിക്കാൻ കഴിവുള്ള ശക്തിയെ, ആ ശക്തി എന്നിലുണ്ടാക്കിയ അനുഭവങ്ങളുടെ പ്രകാശരേഖാടുകൂടിയല്ലാതെ, ബാഹ്യരൂപത്തെപ്പോലും എനിയ്ക്കിന്നു് കാണാൻ കഴിയില്ല. എനിയ്ക്ക് ആകെ കൂടിയുള്ളതു് എൻറ മനസ്സാണ്.

പ്രിയപ്പെട്ടവനേ ലോകത്തിൻറമുമ്പിലുംഞാനിതാ നിൻറ കുഞ്ഞിൻറ അമ്മയായിരിക്കുന്നു. നീ എൻറ ആത്മാവിൽ നിക്ഷേപിച്ച ജീവബിന്ദു എൻറ ആത്മാവിൻറ ചൈതന്യം ശ്വസിച്ചു വളരുന്നു. ആ വളരുന്ന ഭാരം ഇത്രകാലം വഹിച്ച വേദനയോടും ആശ്വാസത്തോടും പ്രസവിക്കയാണ് ഞാനിന്നു്. അതിൻറ വേദന...... അതിൻറ ആശ്വാസം...... അങ്ങനെ പ്രിയപ്പെട്ട എൻറ കുഞ്ഞാണ് എനിയ്ക്കു് നിങ്ങൾതന്ന ഈ ലിഖിതസ്മരണകൾ. എഴുതികഴിഞ്ഞ അദ്ധ്യായങ്ങൾ, അഥവാ എഴുത്തുകൾ, കുഞ്ഞിനെ താലോലിക്കുംപോലെ വീണ്ടും വീണ്ടും വായിക്കുകയും കണ്ണീർമുത്തുകൾ അണിയിക്കുകയും ചെയ്യുന്നു.

ഇങ്ങനെ താൻ അവൾക്കയച്ചതും അവൾ തനിക്കയച്ചതുമായ എഴുത്തുകളിലെ കാര്യമാത്രപ്രസക്തമായ ചിലഭാഗങ്ങൾ രവി ഇരുന്നു ചിന്തിക്കയാണ്.

എന്തിനെന്നെ ഒരു സാഹിത്യകാരനാക്കി? ഒരു കവിയാക്കി? അല്ലെങ്കിൽ 'അവൾ' എന്ന പെണ്ണിനെ താനെങ്ങിനെ പരിചയപ്പെടാനിടയായി? അവൾക്കെന്തിനു് ദൈവം സാഹിത്യവാസന കൊടുത്തു? എന്തിനവളെ ഒരു കൊച്ചു എഴുത്തുകാരിയാക്കി? അല്ലെങ്കിൽ അവൾക്കെങ്ങിനെ വായനാശീലമുണ്ടായി? ഇതൊന്നുമില്ലെങ്കിൽ അവൾ തൻറ കൃതികൾ വായിക്കാനിടവരികയില്ല. വായിച്ചാൽതന്നെ അഭിപ്രായം എഴുതി അറിയിക്കുകയും കൂടുതൽ പരിചയപ്പെടുകയും ചെയ്യുകയില്ലായിരുന്നു.

എന്തിനധികം? ഞാൻ എൻറ തൂലികയെ നിയന്ത്രിക്കേണ്ടതായിരുന്നു. കടിഞ്ഞാണില്ലാത്ത തൂലിക എന്നെ ഒരു മാസ്മരവലയത്തിൽ കുടുക്കുകയല്ലേ ചെയ്തതു്? അല്ലെങ്കിൽ- തൂലികാ സുഹൃത്തായെന്നു് വിചാരിച്ച് ഞാനെന്തിനവളെ പ്രേമിച്ചു? അതും മററാരാളുടേതാകാൻ പോകുന്ന ഒരു പെണ്ണിനെ— ഓ - അതു് പിന്നീട്—ബന്ധം മുറുകിയപ്പോഴല്ലേ അറിഞ്ഞതു്? അതോ—അവൾ ഒരു വഞ്ചകി ആയിരുന്നിരിക്കണം. അല്ലെങ്കിൽ എന്തുകൊണ്ടവൾക്ക് ആദ്യമേ പറഞ്ഞുകൂടാ ഞാൻ മററൊരുവൻേറതാണെന്നു്? അതേ...... വഞ്ചകി...... കടുത്ത വഞ്ചകി......

പക്ഷേ, അവൾ അറിയിക്കാഞ്ഞിട്ടാണോ? അല്ല...... വാസ്തവത്തിൽ താൻ പിന്മാറിയാൻ തയ്യാറായില്ല. ആശിച്ചതു കിട്ടുകതന്നെവേണം എന്നശാഠ്യം.

ആ ശാഠ്യം എൻറ കൺമുമ്പിൽവെച്ച് അവളുടെ കഴുത്തിൽ താലികെട്ടുന്നതു കാണാൻ ഇടയാക്കി. ദൈവമേ – ഇതെന്തു് പരീക്ഷണം? ക്രൂരമായ പരീക്ഷണം.

# ‘‘ഫീനിക്സ്’’

ഫാസൽ മഹമൂദ് എം. S
I B. Sc. (Physic

വർണ്ണങ്ങളുടെ, മനംമടുപ്പിക്കുന്ന അർത്ഥശൂന്യതയുടെ ലോകം. പൊള്ളയായ വികാരങ്ങളുടേയും വിചാരങ്ങളുടേയും സാമ്രാജ്യം. ഫലസിദ്ധി നേടാൻ തപസ്സിന്നു വേണ്ടിയുള്ള തങ്ങളുടെ ഊഴവും കാത്തുനില്ക്കുന്ന താപസന്മാരുടെയും തപസ്വിനികളുടേയും താഴ്‌വര. വിശുദ്ധിയുടെ പർണ്ണശാല മലീമസമാക്കിയ നിസ്സംഗരുടെ വിലാസഭൂമി.

അവനും ഈ താഴ്‌വരകളിൽ മോക്ഷം നേടാൻ വേണ്ടി വന്ന ഒരു ഭക്തനായിരുന്നു. എന്നിട്ടോ? ലഹരിയുടെ തിമിരം ബാധിച്ച നിമിഷങ്ങളെക്കുറിച്ചോർത്തവൻ പതുക്കെ പിന്മാറിയിട്ട് തന്റെ പുറന്തോടിനകത്തേക്ക് തലവലിച്ച് കളഞ്ഞു. സുന്ദരമായ സ്വപ്നത്തിന്റെ സാക്ഷാത്ക്കാരവും കാത്തുനടന്നിരുന്ന മനസ്സ്. അവിടെയെന്നും വിരുന്നുവരാറുണ്ടായിരുന്ന ഏതാനും പരിചിതമായമുഖങ്ങൾ. എന്നിട്ടോ, അവനുംതന്നെയീയിരുണ്ട തടവറക്കുള്ളിലെ തടവുകാരനെപ്പോലെ കരുതി. കുററം തന്റേതു് തന്നെയായിരുന്നുവോ? ‘‘കുട്ടീ ഈ തടവ് ശിക്ഷ നമ്മൾ അനുഭവിച്ചേതീരൂ’’. എന്നും കോളേജിലേക്കുള്ള യാത്രയിൽ ബസ്സ് സ്റ്റോപ്പിൽവെച്ച് കണ്ടുമുട്ടാറുള്ള നരച്ച തലമുടിയുള്ള ഒ
മനുഷ്യൻ ഒരിക്കൽ പറഞ്ഞു. ആ ഉപദേശം കേട്ട് ഒ
വിഡ്ഢിയെപോലെ വിളറിനിന്നു. പക്ഷെ ദാഹിച്ചു
യുന്ന വേഴാമ്പലിന്ന് ഒരു തുള്ളി ജലംകൊണ്ട് ദാഹ
ശമിക്കില്ലെന്ന് അദ്ദേഹത്തിന്നറിവില്ലായിരുന്നു.

ഋതുഭേദങ്ങൾക്കൊണ്ട് നെയ്തുടുത്ത തന്റെ സ്വ
ഒരു നിമിഷത്തിന്റെ ചിലന്തിവലയിൽ കുരുങ്ങിക്കി
ന്നതു് കണ്ടപ്പോൾ മനസ്സ് തേങ്ങി. ദുഃഖത്തിന്റെ
സാഗരം അലറിയടിച്ചു. തിരമാലകൾ ഉയർന്നുപൊങ്ങി
പക്ഷെ രണ്ട് കണ്ണുകൾ ശാന്തതയുടെ പുലരിയുമാ
മനസ്സിൽ സ്ഥലം പിടിച്ചു. ഒരു നിമിഷാർദ്ധംകൊണ്ട
മനസ്സിൽ ഒരു വർണ്ണപുഷ്പംവിടർന്നു. അതിന്റെസുഗന്ധ
ആത്മാവിന്റെ അജ്ഞാതമായ മേഖലകളിൽ ചല
മുയർത്തി. തന്നെ തിരിച്ചറിയുവാൻ ആ കണ്ണുകൾ
പരിചിതത്വം ഇല്ലായിരുന്നുവെങ്കിലും തന്റെ സ്വ
ത്തിലെ ഒരു വർണ്ണം അതിൽ ദർശിച്ചു. പക്ഷെ
കണ്ണിന്ന് മുമ്പിൽ താനൊരു പുൽക്കൊടിയായിരുന്നു
തനിക്ക്തന്നെ അതു് ആദ്യമേ അറിവുണ്ടായിരുന്നില്ലേ
പക്ഷെ............ . വാടിയ പുഷ്പം അതിന്റെ പ

നവും കാത്തുവിളറിനിന്നു. ഓരോ ഇതളുകളായികൊഴിഞ്ഞുപോകുന്ന മരണത്തെ അതു് മുമ്പിൽകണ്ടു. "നിനക്കും ഇതുതന്നെയാണ് ഗതി". തൊട്ടടുത്ത് നിന്നാരോ മണിച്ചപ്പോൾ ഞെട്ടി. പക്ഷെ അതു് സ്വന്തം ആത്മാവിൻെറ രോദനമാണെന്നറിഞ്ഞപ്പോൾ ആശ്വാസപൂർവ്വം അവൻ കരഞ്ഞു.

മനസ്സിൽ ശൂന്യത സ്ഥാനം പിടിച്ചു. തിക്താനുഭവങ്ങൾ ഒരു വ്രണംപോലെ പടർന്നുകയറിയപ്പോൾ, ഈ കരിങ്കൽ ചുമരുകൾക്കിടയിൽ ശ്വാസംമുട്ടിയപ്പോൾ അല്പം ശുദ്ധവായുവിനു് വേണ്ടി കൊതിച്ചു. തനിക്കിവിടെ നിന്നു് മോചനമില്ലെന്നറിഞ്ഞപ്പോൾ അവൻ നിർവ്വികാരതയെ ശരണം പ്രാപിച്ചു. ഈ വരണ്ട മരുഭൂമിയിൽ മരുപ്പച്ച കാണാത്ത പഥികരിൽ ഒരാളായി നിസ്സഹായതയുടെ ഭാണ്ഡവും പേറിയവൻനടന്നു. "നിങ്ങൾക്കെന്താണൊരു വിഷാദം." എന്നും കറുത്ത പൊട്ടു് തൊടുന്ന സ്മിതയെന്ന പെൺകുട്ടി ഒരിക്കൽ ചോദിച്ചു. "കുട്ടീ ഞാനെൻെറ ദുഃഖങ്ങളുടെ തടവിലാണ്", അവൻ നിർവ്വികാരനായി മറുപടിപറഞ്ഞു. തണുത്ത ദിനരാത്രങ്ങൾക്കുവേണ്ടി കാററിൻെറ കാലടിസമയവും ചെവിയോർത്തു് കൊണ്ടു് സമയം അക്ഷമത പ്രകടിപ്പിച്ചു. കുട്ടിക്കാലത്തു്, പാപികളെ ശിക്ഷിക്കുവാൻവേണ്ടി നരകത്തിൽ വലിയ ദണ്ഡുകളുമായി നടക്കുന്ന മാലാഖമാരുടെ കഥ പറഞ്ഞുതന്നിരുന്ന വെളുത്ത താടിയും കുഴിഞ്ഞ കണ്ണുകളുമുള്ള വൃദ്ധൻ. അയാളുടെ കഥകേട്ടദിവസങ്ങളിലൊക്കെ ദണ്ഡുകളുമായിനടക്കുന്ന ഭീകരന്മാരെ കണ്ടു് ഉറക്കത്തിൽനിന്നു് ഞെട്ടിയുണർന്നു കരയുക പതിവായിരുന്നു. വർഷങ്ങൾക്കുശേഷം വീണ്ടും അതേ പേക്കിനാവുകൾ കണ്ടു് മനസ്സു് മരവിച്ചു.

"എടോ അവൻ ഒരു എല്ലൻടിക്കാരനാണെടോ" പുറകും പരിഹാസത്തിൻെറ കൂർത്തശരങ്ങൾ. അവയിൽ പുരട്ടിയ വിഷം ഹൃദയത്തിൽ വ്യാപിച്ചു. പക്ഷെ ദൃഢതബാധിച്ച മനസ്സു് അവയെ അതിൻെറ മതിൽക്കെട്ടിനുള്ളിലേക്കു് പ്രവേശിപ്പിച്ചില്ല. അവൻ എല്ലാമറിഞ്ഞിട്ടും ഒരു പൊട്ടനെപ്പോലെ നടിച്ചു.

നഗരത്തിൽ തിരക്കേറിയ സന്ധ്യകളിൽ ആയിരങ്ങളുടെ പ്രവാഹത്തിലൊരുവനായി ലക്ഷ്യബോധമില്ലാതെ അവനും ഒഴുകി.

വാരാന്ത്യത്തിൽ എന്നും അവനേയും പ്രതീക്ഷിച്ച് കടൽക്കരയിൽ കാത്തുനിൽക്കുന്ന സുജയൻ എന്ന സുഹൃത്തു്. തിരമാലകളുടെ മധുരമായ സംഗീതവും നുണഞ്ഞുകൊണ്ടു് കടലിൽ മുങ്ങിമരിക്കുന്ന പകലിനെ കണ്ടപ്പോൾ അവനിൽ വിരസത പടർന്നുകയറി.

എന്നും നിറംമങ്ങിയ സാരിയുടുത്തു് തലയും കുനിച്ചു് കടന്നുപോകുന്ന വസുന്ധര ടീച്ചർ, അവർക്കു് കാലം നിഷേധിച്ച സുന്ദരമായ കവിതയുടെ ദുഃഖകരമായ ഈരടികളെക്കുറിച്ചു് അവനോടു് പറഞ്ഞു. വിസ്മൃതികളുടെ ഓളങ്ങളിൽ ദുഃഖങ്ങളെ ഒഴുക്കിയിട്ടു് പുതിയ തീരവും തേടി അവർ നടക്കുന്നു.

അവൻെറ മനസ്സു് മുമ്പു് താൻ പാടിയ ഗാനശകലങ്ങളേയും തേടിയലഞ്ഞു. അവൻ നവമായ ഒരു ഉദയത്തിനുവേണ്ടി ആശിച്ചു. താൻ പിന്നിട്ട ദുഃഖത്തിൻെറ അലയടികൾ അമർന്നുകിടക്കുന്ന ഇരുണ്ട ഗർത്തങ്ങളെ പിന്നിൽക്കണ്ടവൻ സംഭീതനായി. ചിതയിൽനിന്നുയിർത്തെഴുന്നേററ ഫീനിക്സ് പക്ഷിയായി അവൻമാറി.

ഇരുട്ടിൽ വെളുത്ത പൂക്കൾ വീണ്ടും ചിരിച്ചു. പതുക്കെ ഒഴുകുന്ന ദിനരാത്രങ്ങളുടെ അനന്ത ശബ്ദത്തിൽ അവൻ എല്ലാം മറന്നു. നീലിമയുടെ വള്ളിക്കുടിലിൽ ശംഖുപുഷ്പങ്ങൾ വിരിഞ്ഞു. കാത്തുനിന്ന ഒരു പുലരിക്കു് വേണ്ടി സന്ധ്യ വീണ്ടും തേങ്ങി. പുതിയ സ്വപ്നങ്ങൾ വിരിയിക്കാൻ വേണ്ടി അടയിരിക്കുന്ന പിടക്കോഴിയായി അവൻ. തൻെറ സ്വപ്നങ്ങളുടെ നാളത്തെ പ്രഭാതവും പ്രതീക്ഷിച്ചവനിരുന്നു.

# രക്ഷകനെ കാത്ത്, വീണ്ടും

സമത് കാട്ടാളി

I M. A. Eng.

ഞങ്ങളെ കുറച്ചുപേരെ പണ്ടൊരു താഴ്‌വരയിലാരോ ഒരു ചങ്ങലയിൽ ബന്ധിച്ചു. കുത്തനെ ഉയർന്നുനിന്ന കുന്നിന്റെ ചെരിവിൽ, ബന്ധനത്തിൽ നിന്നും രക്ഷപ്പെടാനാവാതെ, കോച്ചിവിറക്കുന്ന മഞ്ഞിലും, അണപൊട്ടിയൊലിക്കുന്ന കാറ്റിലും, ഒരു സുരതാവേശംപോലെ പെയ്യുന്ന മഴയിലും ഞങ്ങൾ കഴിഞ്ഞു. ഋതുക്കളും, കാലവും ഞങ്ങളുടെ തൊലിപുറമെ, ആഴത്തിലല്ലാത്ത പല മാറ്റങ്ങളുംവരുത്തി. ഉള്ളിൽ വളരെ ലോലമായി മിടിക്കുന്ന ഹൃദയസ്പന്ദനങ്ങൾ ഞങ്ങൾ വ്യക്തമായികേട്ടുകൊണ്ടിരുന്നു.

ലോലമായ ആ ചിലന്തിവലയിൽ, നിഷ്ക്രിയരായി, ഇടക്കിടക്ക് ഉള്ളിൽ പൂക്കുന്ന സൈക്കഡെലിക്ക് പൂക്കളുടെ വർണ്ണങ്ങളിൽ നഷ്ടപ്പെട്ടുകൊണ്ട് ഞങ്ങൾ കിടന്നു. കാലുകളും കൈകളും ചലിപ്പിക്കുമ്പോൾ മന്ദം മന്ദം അടിവെച്ചുനീങ്ങുന്ന പെൺകുട്ടികളുടെ, ഭംഗിയുള്ള കണങ്കാലിലെ പാദസ്വരംപോലെ ചങ്ങലകൾ കിലുങ്ങുകയും, പിന്നെ ഏതോ, അവാച്യസുന്ദരനാദവീചിപോലെ ഹൃദയത്തിന്റെ ഉള്ളിലേക്കിറങ്ങുന്ന ആ ശബ്ദത്തിൽ നിർവൃതിയടഞ്ഞു കണ്ണടച്ചുകിടക്കുകയും ചെയ്തു. ഉദയവും, അസ്തമയവും—അതുണ്ടാക്കുന്ന മാറ്റങ്ങളെക്കുറിച്ചു ബോധവാന്മാരാകാതെതന്നെ ഞങ്ങളെ ദുഃഖിപ്പിച്ചുകൊണ്ടിരുന്നു. പിന്നെ പലതിനുമെന്നപോലെ, കാരണമില്ലാതെ ദുഃഖിക്കുക ഞങ്ങളുടെ സ്വഭാവമായിത്തീരുകയും ചെയ്തു.

കുന്നിന്റെ മറുഭാഗത്തുനിന്ന് പുകച്ചുരുളുകൾ ആകാശത്തേക്കുയരുന്നതും, അന്തരീക്ഷത്തിൽ ഒരു തരം കറുത്തപക്ഷികൾ—അവയൊക്കെ ഞങ്ങൾക്കജ്ഞാതങ്ങളായിരുന്നു—വട്ടമിട്ടു പറക്കുന്നതായും, ഒരുദിവസം കാണുകയും, പിന്നെ അവിടെ എന്തു സംഭവിക്കുന്നുവെന്നറിയാനുള്ള തൃഷ്ണ ഞങ്ങളിലേറി വരികയുംചെയ്തു.

പക്ഷെ, ബലമുള്ള ചങ്ങലകളാൽ ബന്ധിക്കപ്പെട്ടതിനാൽ ഞങ്ങൾക്കൊരിക്കലും ചലനസ്വാതന്ത്ര്യമുണ്ടായിരുന്നില്ല. മറുഭാഗത്തുയരുന്ന പുകച്ചുരുളുകളെ നോക്കി നെടുവീർപ്പിടുകയും, പിന്നെ, അവിടെ നടക്കാനിടയുള്ളതിനെക്കുറിച്ചെല്ലാം, ഭാവനക്കു യോജിച്ച വിധം, വർണ്ണപ്പൊലിമയോടെ, പരസ്പരം സംസാരിക്കുകയും മാത്രമായി ഞങ്ങളുടെജോലി. എന്നാലും ഒരു ദിവസം ഈ കുന്ന്കടന്നു അപ്പുറത്തെ താഴ്‌വരയിൽ പോകണമെന്നുള്ള ആഗ്രഹം ഞങ്ങളുടെ ഓരോരുത്തരുടെ ഉള്ളിലും വളർച്ച് പ്രാപിക്കുന്ന ഒരു ഭ്രൂണമായി മിടിച്ചുകൊണ്ടിരുന്നു. ചില നിമിഷങ്ങളിൽ, ഈ ദുർബലമായ കൂടുപൊളിച്ച് അതു പുറത്തുവരുമെന്നോർത്ത് ഞങ്ങൾ ഭയചകിതരാകുകയുമുണ്ടായി.

കുന്നിനപ്പുറത്ത് പോകാനുള്ള ആഗ്രഹം തലക്കുമുകളിൽ ഒരു ഉച്ചസൂര്യനെപ്പോലെ ജ്വലിക്കുകയും അതിന്റെ കൂർത്ത നഖങ്ങളേറ്റു ഞങ്ങൾ പുളയുകയും ചെയ്തു.

പിന്നെ കുറച്ചുപേരെ, അപ്പുറത്തെ വിവരങ്ങളറിയാൻ, കുന്നിൻമുകളിലേക്കയച്ചു ഞങ്ങൾകാത്തുകിടന്നു.

വളരെയധികം ആഴ്ചകളും, മാസങ്ങളും കഴിഞ്ഞതിന് ശേഷമാണവർ മടങ്ങിയെത്തിയത്. മടങ്ങിയെത്തിയപ്പോഴേക്കും ഞങ്ങളിൽനിന്നും വളരെ വ്യത്യസ്തരായ അവർ, ഞങ്ങൾക്കറിയാത്ത പലതിനേക്കുറിച്ചും ഉച്ചത്തിൽ സംസാരിച്ചു. അപ്പുറത്ത് താഴ്‌വരയിൽ പൊട്ടിച്ചെറിഞ്ഞ ചങ്ങലക്കെട്ടുകളെക്കുറിച്ചും, പിന്നെ താഴ്‌വരയാകെ രക്തപുഷ്പങ്ങൾ പൂത്തുലഞ്ഞതും കേട്ടു ഞങ്ങൾ കോരിത്തരിച്ചു. ഇവിടെ ഞങ്ങളും ആയുധങ്ങൾ മൂർച്ചകൂട്ടാൻ തുടങ്ങി.

പൊടുന്നനെ, ഒരു നിമിഷത്തിന്റെ വിഭ്രാന്തിക്കും ആശയക്കുഴപ്പത്തിനും ശേഷം, ഇവർ, ഞങ്ങൾക്കു ചുറ്റും വർണ്ണപുഷ്പങ്ങൾ വിടർന്നുവെന്നു പറഞ്ഞപ്പോൾ, ഞങ്ങളത്ഭുതപ്പെട്ടു. കാരണം, ഞങ്ങളൊന്നും കണ്ടില്ല. ഇതു പറഞ്ഞപ്പോൾ, ഞങ്ങളുടെ കണ്ണുകൾക്ക് മാരകമായ, ഏതോ രോഗമാണെന്നു പറഞ്ഞു ഞങ്ങളെ അന്ധരാക്കി.

പക്ഷേ ഇപ്പോഴും, അപ്പുറത്തെ താഴ്‌വരയിൽ നിന്നും സുഗന്ധം വഹിച്ചെത്തുന്ന കാറ്റ് ഞങ്ങളെ ആവേശം കൊള്ളിക്കുന്നുണ്ട്.

# സാക്ഷാത്ക്കാരം ഞങ്ങൾക്കോ

**—രാജൻ**

മരിച്ചുപോയ ഇന്നലെകൾ—അവക്ക് സമ്മാനിക്കാൻ കഴിഞ്ഞത് സുഖമായാലും ദുഃഖമായാലും ശരി—അവയുടെ ഓർമ്മകളിൽ മുഴുകിയിരിക്കുക—വ്യർത്ഥമായ ഇരിപ്പ്—ഇന്നലെച്ചെയ്ത തെററിനെക്കുറിച്ച് പശ്ചാത്തപിക്കുക,—ഇന്നലെച്ചെയ്ത ശരിയെക്കുറിച്ച് അഭിമാനംകൊള്ളുക—ഇന്നലെകളെക്കുറിച്ചോർമ്മിച്ച് ദുഃഖിക്കുന്നവരും സന്തോഷിക്കുന്നവരും വിഡ്ഢികളത്രെ.

ഒരിക്കലും വരാത്ത നാളെയെക്കുറിച്ചുള്ള മോഹനസ്വപ്നങ്ങളിൽ മുഴുകുന്നവരും അങ്ങനെതന്നെ. നിങ്ങളില്ലാത്ത നാളയെക്കുറിച്ച് എന്തിന് ചിന്തിച്ച് ദുഃഖിക്കണം ?

സ്വാഭാവികമായും ഒമർഖയ്യാമിന്റെ അഭിപ്രായത്തിലേക്ക് നിങ്ങളെത്തുന്നു. പക്ഷേ ഇന്നിന്റെ അസ്തിത്വം നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. കഴിഞ്ഞുപോയ നിമിഷം ഇന്നലെയും വരാൻപോകുന്ന നിമിഷം നാളെയുമാകുമ്പോൾ—കഴിഞ്ഞ നിമിഷത്തിൽച്ചെയ്തത് മാററാനും, വരാൻപോകുന്ന നിമിഷത്തിൽ സംഭവിക്കുന്നത് അറിയാനും സാദ്ധ്യമല്ല. ഇവിടെ ഇന്നിന് തീരേ പ്രസക്തിയില്ല.

ഇന്നലെകളിലോ, ഇന്നിലോ, നാളെകളിലോ ജീവിക്കാൻ സാദ്ധ്യമല്ലാതായിരിക്കേ ജീവിതത്തിനും അതിന്റെ അസ്തിത്വം നഷ്ടപ്പെടുന്നു.

ഞങ്ങൾ ആശിക്കാറില്ല. നിരാശയുണ്ടാകും എന്നറിയുന്നതുകൊണ്ട്. ഞങ്ങൾ ആശിക്കുന്നത് ഞങ്ങൾക്കുള്ളതല്ല. ഇവിടെ വിപ്ലവകാരികൾ സന്യാസികളായി മാറുമ്പോൾ, അവർ തെരുവുകളിൽക്കൂടെ നടക്കുമ്പോൾ ഞങ്ങൾക്കെന്താണ് ആശിക്കാൻ കഴിയുക ?

പൊള്ളയായ ആദർശങ്ങളും പറഞ്ഞ്, നാളത്തെ സുപ്രഭാതത്തിന്റെ പേരുംപറഞ്ഞ്, നിങ്ങൾ ഞങ്ങളെ വഞ്ചിച്ചു. ഓരോ പ്രാവശ്യവും ഞങ്ങൾ വഞ്ചിക്കപ്പെട്ടപ്പോൾ നിങ്ങൾ കൈകൊട്ടിയാർത്തു. ആത്മാർത്ഥത ഞങ്ങൾക്കാവശ്യമില്ല. അതു് ഞങ്ങളെ നശിപ്പിച്ചു. ബന്ധങ്ങൾ വെറും പാഴ്‌വാക്കുകളായി മാറി. വ്യർത്ഥമായ ശബ്ദകോലാഹലങ്ങളുടെ ഇടയിൽ ഞങ്ങളുടെ ശബ്ദം എന്നോ ഞങ്ങൾക്കു നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ആവർത്തനത്തിന്റെ വിരസതയെക്കുറിച്ചോർത്ത് നെട്ടവീർപ്പിടുകയല്ലാതെ മറെറാന്നും ചെയ്യാൻ ഞങ്ങൾക്കു കഴിയില്ല. ഞങ്ങളുടെ സ്ഥാനങ്ങൾ നിങ്ങൾ സൃഷ്ടിച്ച

വിട്ട യന്ത്രങ്ങൾ ഏറെറടുത്തിരിക്കുന്നു. അവക്കിടയ
നഷ്ടപ്പെട്ടുപോയ ഞങ്ങളുടെ ഐഡന്റിററി അ
ഷിച്ച്, സ്വന്തം ജന്മത്തെ വിഴുപ്പ് ഭാണ്ഡമായി
യിൽവെച്ച് ശപിക്കപ്പെട്ട ഒരു അശ്വത്ഥാമാവാ
വഴിത്താരകളിൽ തണലുനോക്കി ഞങ്ങൾ നടന്നു.

മരണവുമായി തൽക്കാലം ഒരൊത്തുതീർപ്പുണ്ട
യന്ത്രങ്ങളായി അവയ്ക്കിടയിൽ നിങ്ങൾ ജീവിക്ക
സംശയങ്ങളില്ലാതെ നിങ്ങൾക്കെല്ലാററിനും ഉ
മുണ്ട്. ഗീതയും, ബൈബിളും, ഖുർ—ആനും, ദ
ക്യാപ്പിററലും നിങ്ങളുടെ ഉത്തരങ്ങളായിരുന്നു. ത
പ്പറഞ്ഞവരെ വീണ്ടും തലയിലെടുത്തുവെക്ക
നിങ്ങളുടെ മുമ്പിൽ ഞങ്ങളുടെ് വാദങ്ങൾ
താഴ്ത്തുന്നു.

ഞങ്ങളുടെ ദൈവങ്ങളെ, ഞങ്ങൾക്കാരാധി
നുള്ള വിഗ്രഹങ്ങളെ നിങ്ങൾ തകർത്തു. പ
ഞങ്ങൾക്ക് യാതൊന്നും നിങ്ങൾ തന്നില്ല.

ആൽബേർ കമ്യൂ എഴുതി.

“മനുഷ്യൻ മരിക്കുന്നു, അവൻ സന്തുഷ്ടനല്ല.”

മരണത്തിന്റെ അനിവാര്യതയെ മുന്നിൽ ക
കൊണ്ട്, ഓരോ അടിവെപ്പിലും മരണത്തെ പ്രതീ
ച്ചുകൊണ്ട്, പേടിയിൽ കഴിയുന്ന ഞങ്ങൾ. പുറ
ക്കുള്ള വഴി അന്വേഷിച്ച് ചിലർ ചുമരിൽ തല്ലി
പൊളിക്കുക. വ്യർത്ഥമായ ആത്മഹത്യ. ഒരിക്കലും
കണ്ടുപിടിക്കാൻ ഞങ്ങൾക്ക് സാദ്ധ്യമല്ല. മരണ
ന്നെതിരെ പൊള്ളയായ, അർത്ഥശൂന്യമായ പ്രതിഷേ
ങ്ങൾ, വ്യർത്ഥമായ ശബ്ദങ്ങൾ ഒരു ഭ്രാന്തനെപ്പോ
വിളിച്ചുപറയാനെ ഞങ്ങൾക്കു കഴിവുള്ളു. അതിന
ത്രമെ കഴിയുകയുമുള്ളു. ജനിച്ച അന്നുതന്നെ നിങ്ങ
ദൈവം ഞങ്ങളെ മരണശിക്ഷക്കു വിധിച്ചു. നിങ്ങ
ശ്രുപാഠപ്രകാരം.

കാളിദാസനും, ഷേക്സ്പിയറും തുടങ്ങി. വള്ളച്ച
മാധവൻവരെയുള്ളവർ പ്രേമത്തിന്റെ കഥ പറ
ഇവിടെ, കവി പാടിയപോലെ, കല്ലോലിനികൾ
കളഗീതംകൂടെ ഇടറിപ്പോകുന്ന, പൊങ്കലും, പൊ
ണവും, സംഗമസന്ധ്യകളും എന്നോ മറഞ്ഞുപോ
ഈ ഉഷ്ണഭൂമിയിൽ ഞങ്ങൾക്ക് സാക്ഷാത്കാര
മരണമോ.

# സായാഹ്നത്തിലെ നിഴൽ

മോഹനൻ സി. II B. Sc., Chemistry

ഠ

ത്തിലച്ചുകഴിഞ്ഞ കാററിൻെറ പ്രകാശത്തിൽ ശൂന്യതയുടെ ആവരണമിട്ട പ്രകൃതി. നിമ്നോന്നതങ്ങളിൽ പൗർണ്ണമി തേടി അലയുന്ന അമാവാസി. വെളുപ്പിലൂടെ കടന്നുവന്ന കറുപ്പിൻെറ തുള്ളികൾ അവിടവിടെ ഉററി വീണിരുന്നു. അവയുടെ പ്രവാചകരെപ്പോലെ നിഴലുകൾ...... അനന്തമായ പ്രപഞ്ചത്തിൻെറ ഒരററംമുതൽ മറേറ അററംവരെ പരന്നുകിടക്കുന്ന നിഴലുകൾ......

നിഴലുകളിൽ പതഞ്ഞുപൊങ്ങിയ അപരിചിതത്വം. നോട്ടങ്ങളായി മുഷിഞ്ഞ വസ്ത്രങ്ങളിലും മററും അറച്ചറച്ച ചോദ്യങ്ങളായി മനസ്സിലും അന്വേഷ്യ.

" — എവടേക്കാ പോണ്? "

പ്രപഞ്ചത്തിലെ ഉത്തരങ്ങളില്ലാത്ത ചോദ്യത്തിലെ ആദ്യത്തെ ചോദ്യം—പ്രഭാതം പ്രദോഷത്തോട്; അല്ല വഴിയറിയാത്തവൻ വഴിതേടുന്നവനോട് ചോദിക്കുന്നു.

"—തെക്കോട്ടാപ്പാ, ഒറാക്കണ്ണൻെറ വണ്ടി വരുന്നുണ്ട്".

സ്വപ്നച്ചിറകുകൾ വെച്ച് കുന്നിൻ ചെരുവിലൂടെ അദൃശ്യമായ സ്ഥലത്തേയ്ക്കുള്ള യാത്ര—സൃഷ്ടിയുടെ ആഴിയിൽനിന്ന് പുറത്തിറങ്ങിയമുതൽ സ്വപ്നംകണ്ട യാത്ര—

ഭ്രത ഭാവിവർത്തമാനങ്ങളെ അലിയിപ്പിക്കുന്ന താളം—തട്ടിയും മുട്ടിയുംനീങ്ങുന്ന കുളമ്പടികളുടെ താളം—കാലമെന്ന സാരഥിയ്ക്കു പിറകിൽ വിധിയുടെ നിഴൽപ്പാടിലിരിക്കുന്ന അവൻ—മറെറാത്ത രാഗമായ്......

പൂക്കളെ ഇഷ്ടപ്പെട്ടപ്പോൾ അജ്ഞതയുണർത്തിയ ജിജ്ഞാസ. കാണുമ്പോൾ അറിയാതെ ഉണരുന്ന തലങ്ങളിൽ അജ്ഞത തേടിയലഞ്ഞു. നിലാവൂറുന്ന മരച്ചില്ലകളിലും മധുരേതിഹാസങ്ങൾ തുളുമ്പുന്ന മരവിപ്പിലും ആയിരം കാതങ്ങൾ പിന്നിട്ടു. ശൂന്യതയിൽനിന്ന് ഇഴഞ്ഞുവരുന്ന ആയിരം വർണ്ണരശ്മികൾ ചേർത്ത് ബന്ധനത്തിൻെറ വല നെയ്യുന്ന എട്ടുകാലി കുറുകെയും നെടുകെയും ചാടികൊണ്ടിരുന്നു.

കോളേജ് വരാന്തയിലെ ആയിരം നിസ്വനങ്ങളിലൂടെ കഥപറയുന്നു. അവിടെ നിറക്കൂട്ടങ്ങളിൽ കലരാനാവാതെ വേർപെട്ട നിന്നു. അവിശ്വാസം പരത്തിയ നിഴലിൽ ജിജ്ഞാസ വീണടഞ്ഞു. വർഷങ്ങളോളമായി അടുത്തുകഴിഞ്ഞിട്ടും പരസ്പരമറിയാതെ അകലുന്ന സുഹൃദ്വലയം. പ്രപഞ്ചത്തിലെ എണ്ണമററ കണികകളിലൊന്നായി അലിയുന്നു.

നഷ്ടപ്പെട്ടുകൊണ്ടിരുന്ന ഹൃദയത്തിൻെറ മൃദുലത പുതിയ കളം വരക്കുമ്പോൾ അടന്നുവീഴുന്ന നിശ്വാസങ്ങൾ. അർത്ഥകാമങ്ങൾ നഷ്ടപ്പെട്ടവനെപ്പോലെ ഒന്നിലും സായൂജ്യമടയാതെ അലഞ്ഞു.

" —ഇവ്ട്ന്നങ്ങട്ടു വണ്ടി പോവില്യ."

ആരോടെന്നില്ലാത്ത വണ്ടിക്കാരൻെറ ശബ്ദത്തിൽ ഞെട്ടിയുണർന്ന നിശ്ശബ്ധത.

ഇവിടെ അനന്തമായ ഒരു യാത്രയുടെ മരണം...... മറെറാരു കാത്തിരിപ്പിൻെറ ജനനം......

നദീമുഖം തെതെങ്ങുകളുടെ തളർന്ന നിഴലും മുഷിഞ്ഞ ആത്മാവുംകൊണ്ടു നിറഞ്ഞിരുന്നു. ഇന്നലെയുടെ സ്വപ്നം കരിഞ്ഞ നദീതീരത്തുള്ള പടർന്ന മരത്തിന്മേൽ നിറയെ കറുത്ത ഇലകളായിരുന്നു. കൊഴിഞ്ഞു വീണ അതിൻെറ തണലിൽ ചതഞ്ഞരഞ്ഞ ഒരു പകൽ തളർന്നുകിടക്കുന്നു.

അവനിലെ ഭാരങ്ങളെല്ലാം അടർന്നടയുന്നതുപോലെ ഒഴുക്കിലെ സുഖകരമായ ഒഴുക്കിൽ ലയിച്ച് മനസ്സ് പ്രജ്ഞയില്ലാതെ ബന്ധനങ്ങളററു കിടക്കെ, ഒരു നിഴൽ...... രഹസ്സിൽ — സദാസമയവും സംതൃപ്തി കളിയാടുന്ന കാട്ടുമായ് താദാത്മ്യം പ്രാപിച്ച് മരവുരി ധരിച്ച ആദിവാസി. അവിടങ്ങളിലെ വിളനിലങ്ങളിൽ അലിഞ്ഞ്, ആചാരങ്ങളിൽ ലയിച്ച്, മനസ്സുകളുടെ ഏകത്വത്തിൽ......

—സ്വയം മനസ്സിലാക്കേണ്ടിവന്നപ്പോൾ മുന്നിലെ പൊട്ടിയ കണ്ണാടിയിലെ അപ്രാപ്യ രൂപം.

പെട്ടെന്നിറങ്ങിവന്ന ഒരുന്മാദത്തിൽ നീഹാരത്തിൽ പൊതിഞ്ഞ പുഴക്കര. കടപ്പുറത്തെ പൂഴിമണലിൽ ചിതറിക്കിടക്കുന്ന നിഴലുകൾ. കാലം ചിറകൊടിച്ചവരുടെ...... പറന്നു പറന്നു തളർന്നവരുടെ......

സുതാര്യമായ ഏതോ ഒരു വികാരത്തിൽ നിർല്ലീനമായ നിഴലുകളിൽ ഒരു മുമുക്ഷുക്കുടി. തോണിയും കാത്തിരിക്കുന്ന അവരിൽ പങ്കുചേർന്നപ്പോൾ അവൻെറ കണ്ണുകളിൽ ആസക്തിയുടെ അലകളുണ്ടായിരുന്നു. അകലെ മഞ്ഞിൻ പുകമറയ്ക്കപ്പുറമാണ് ലക്ഷ്യം...... ഒരു ദ്വീപ്...... അജ്ഞാതമായ ഒരു പ്രകാശവലയത്തിൽ അതിനുചുററും എന്തെല്ലാമോ വട്ടമിട്ടു പറക്കുന്നു. മോചിതമായ ആത്മാവുപോലെ......

പുഴയിൽ മേഘങ്ങൾ അനന്തതയിലേയ്ക്ക് ഒഴുകുന്നതും ശ്രദ്ധിച്ചിരിക്കുമ്പോൾ പടർന്നമരത്തിൻെറ നിഴൽ ഓളങ്ങളിലൂടഞ്ഞു കലങ്ങുന്നുണ്ടായിരുന്നു. ഏഴുന്നേററപ്പോൾ അവൻെറ നിഴലും. അപ്പോൾ ഏതോ പരിവേഷത്തിൽ കുടുങ്ങിനിന്ന അവൻ പണ്ടെന്നോ കേട്ടുമറന്ന ഉടുക്കുകൊട്ടലിൻെറ താളത്തിൽ ലയിക്കുകയായിരുന്നു.

# ശിലാഗർഭ

— ബഷീർ ഐക്കരപ്പടി III B. C

റെയിൽവെസ്റ്റേഷനിൽ കാൽകുത്തിയപ്പോൾ നൈമിഷികമായ അപരിചിതത്വം. യാത്രക്കാരുടെയും കൂലിക്കാരുടെയും തിരക്ക്. പരിചയമില്ലാത്ത മുഖങ്ങൾ. പരിവർത്തനത്തിന്റെ ഗർഭം പേറിയ ചുററുപാടുകൾ. സൂട്ട്കെയിസും കയ്യിൽ തൂക്കിക്കൊണ്ട് പുറത്തുകടന്നു. ടാക്സിക്കാരുടെ ശല്യത്തിൽനിന്നൊഴിഞ്ഞുമാറി.

വിമാനത്തിൽനിന്നും ഇന്ത്യയിൽ_കേരളത്തിൽ_ ചവിട്ടിയതുമുതൽ മനസ്സ് ആശങ്കാകുലമാണ്. അപകടത്തിന്റെ കയങ്ങളിലേക്ക് മാത്രം വഴിയറിയുന്ന ചിന്തകൾ. അഭിലാഷങ്ങളുടെ ചിതാഭസ്മങ്ങൾക്കു മുമ്പിൽ കണ്ണീർ പൊഴിക്കേണ്ടിവരുമെന്ന തോന്നൽ ഉള്ളിൽ ഒരു നെരിപ്പോടിരുന്നു പൊള്ളുകയാണ്. നന്ദികെട്ടവനാണ് ഞാൻ. കുററബോധത്തിന്റെ സൂചിമുനകൾ ശരീരത്തിന്റെ ഓരോ പരമാണുവിലും കുത്തിത്തുളയ്ക്കുന്നു.

ഭൗതികത്വത്തിന്റെ അതിപ്രസരം ബാധിച്ച് ആർത്തിരമ്പുന്ന ആ പട്ടണത്തിലെ അഞ്ചുവർഷത്തെ ജീവിതം! അതോടുകൂടാ...... ബന്ധങ്ങൾ ഛേദിക്കപ്പെട്ടു. കടപ്പാടുകൾ വിസ്മരിക്കപ്പെട്ടു. രണ്ടുവർഷം മുമ്പാണ് കമലത്തിന്ന് അവസാനമായി കത്തയച്ചതു്; മറുപടി ഉണ്ടായില്ല.

മധുവിധുവിന്റെ മധുരാനുഭൂതിയുമായാണ് അമേരിക്കയിലേക്ക് പറന്നതു്. സ്നേഹനിധിയായ, കമലത്തിന്റെ അച്ഛൻ, ഉപരിപഠനത്തിന്ന് വേണ്ടി നിർബ്ബന്ധിച്ചു. അദ്ദേഹത്തിന്റെ ബാങ്ക് അക്കൌണ്ട്പോലും എന്റെ പേരിലേക്ക് മാററി. ആ നല്ലവനായ മനുഷ്യനെ വിസ്മരിച്ചുകൊണ്ട്—കൃതഘ്നനായിക്കൊണ്ട്— ജീവിതത്തിലെ ആദ്യത്തെ പാപംചെയ്തിരിക്കുകയാണ് ഞാൻ. വഷങ്ങൾക്ക്മുമ്പ് ജന്മം നല്കിയ പിഞ്ചോമനയുടെ മുഖം കാണാൻപോലും എനിക്കാഗ്രഹമുണ്ടായില്ല. വിസ്മൃതിയാൽ സ്വർഗ്ഗം സൃഷ്ടിക്കുന്ന അമൂല്യവസ്തുവുമായി ജീവിതം തള്ളിനീക്കി.

കമലം പ്രസവിച്ചു എന്ന എഴുത്തുകിട്ടി. കുട്ടിക്ക് ഗോപി എന്നു പേരിടാൻ നിർദ്ദേശിച്ചു. അത്രമാത്രം! പുസ്തകക്കെട്ടും നെഞ്ചിൽവെച്ച് സ്കൂളിലേക്ക് പോ… ഓമനക്കുഞ്ഞേ ! നിനക്ക് ജന്മംനല്കിയ അച്ഛനെപ്പ… വല്ലബോധവുമുണ്ടോ നിനക്ക്. നന്ദികേടിന്ന് ജീ… നല്കിയ ഈ രൂപത്തെ കാണുമ്പോൾ നിനക്കെ… തോന്നും ?

മുമ്പിൽകണ്ട റോഡിലൂടെ നടന്നു. കൂററൻ ബി… ഡിംഗുകൾ ഇരുഭാഗത്തും ഉയർന്നുവന്നിരിക്കുന്നു. മ… ബ്രിഡ്ജിലൂടെ താഴേക്കിറങ്ങിയപ്പോൾ പഴയ … കൾ ! ആനന്ദത്തിന്റെ വസന്തങ്ങൾ സൃഷ്ടിച്ച അ… സംഭവങ്ങളുടെ മായാത്ത സ്മരണകൾ ! വർഷങ്ങ… മറകൾ തുളച്ചു പുറത്തുവന്ന പച്ചപിടിച്ച ഓർമ്മ… മസ്തിഷ്കത്തെ തളത്തുന്നു. പശ്ചിമചക്രവാളത്തിൽ … പ്രപഞ്ചം. റോഡിൽ എട്ടപ്പുകളുടെ നീണ്ടനിഴലു… മരനിഴലുകൾക്കിടയിലൂടെ ജീവിക്കുന്ന നിഴല… ഞാൻ നടന്നു. ഓർമ്മകളെ വാരിപ്പുണർന്നുകൊണ്ട് … ഷനിൽ തെല്ലുനേരം നിന്നു.

ചുററുപാടും ശ്രദ്ധിച്ചു. കമലത്തിന്റെ വീട്… കുള്ള റോഡ് ? വഴി മാറിയോ ? ഇല്ല. അതാകാ… ആ പഴയക്ഷേത്രം. തെക്കോട്ടുള്ള റോഡിലൂടെ ഇ… നടന്നു. ഉൽക്കടമായ ഒരന്വേഷണത്തിന്റെ … പോലെ. പലരും തുറിച്ചുനോക്കി.

"ഇവനെ എവിടെയോവെച്ച് കണ്ടിട്ടുണ്ട്"… ചിലർ അഭിപ്രായം പറഞ്ഞു.

കൂട്ടംകൂടിവരുന്ന കുറെസ്ത്രീകൾ! അക്കൂട്ടത്തില… എന്റെ പ്രിയപ്പെട്ട കമലം ? അന്വേഷണത്തി… കനംതൂങ്ങിയദൃഷ്ടികൾ അവരുടെനേരെതിരിച്ചു. … എന്തൊക്കെയോ അടക്കിപ്പിടിച്ചു സംസാരി… സംശയത്തിന്റെ ചുഴിയിൽ പെട്ടപോലെ … വീണ്ടും വീണ്ടും തിരിഞ്ഞുനോക്കിക്കൊണ്ടിരുന്നു.

ആ പഴയ ക്ഷേത്രം ! കാലത്തിന്റെ കറക്ക… യാതൊരു മാററവും വരാതെ തലഉയർത്തി നി… ചരിത്രത്തിന്റെ ശിലാഗർഭംപോലെ അതി… കുംഭകം പഴയപ്രതാപം തലയിലേററി നിൽ… ഞാനും കമലവുംകൂടി പലതവണ ഇരുന്ന സം…

ക്ഷേത്രനടയിലെ ആൽത്തറ കണ്ടപ്പോൾ അന്തംവിട്ടു നിന്നുപോയി.

എത്രയോ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ആൽത്തറ. അതിൽ ചെന്നിരുന്നപ്പോൾ മനസ്സും മസ്തിഷ്ക്കവും രോമാഞ്ചംകൊണ്ടു. സ്മരണകൾക്ക് അഭിവാദ്യം നേർന്നുകൊണ്ട് ഒരു തൈമണിത്തെന്നൽ അവിടെ പുററിക്കറങ്ങി. അവിടത്തെ മണൽത്തരികൾക്ക് കമലത്തിൻെറ നിറവും പുതുമയുള്ളതായി തോന്നി.

മധുരിക്കുന്ന സ്മരണകളുടെ മണിത്തേരിൽ സഞ്ചരിച്ചപ്പോൾ സമയംപോയതറിഞ്ഞില്ല. നേരം സന്ധ്യയാകാറായി. ചുഴന്നെററു ചുററുംനോക്കി. പരിചയമുള്ള ഏതെങ്കിലും മുഖം കണ്ടെങ്കിൽ......... കമലത്തിൻെറ വീട്ടിലേക്ക് ഇനിയൊരു ഫർലോങ്ങ് ദൂരമേയുള്ളു. നേരെ അങ്ങോട്ട് പോവുകതന്നെ. ആൽത്തറയോട് യാത്രപറഞ്ഞുനടന്നു. ശിരസ്സ് ശിലാനിർമ്മിതമാണെന്ന് തോന്നി. ചിന്താഭാരത്താൽ അത് താങ്ങാൻ കഴിയുന്നില്ല. വീടിനോടടുക്കുംതോറും നെഞ്ചിടിപ്പ് വർദ്ധിച്ചു. പാദങ്ങൾക്ക് ശരീരത്തെ ചുമക്കാൻ കെല്പില്ലെന്നു തോന്നി.

ആശങ്കകൾ... !

വേദനകൾ...... !!

പ്രതീക്ഷകൾ......... !!!

വീർത്തുപൊട്ടാറായ ഒരു ബലൂൺപോലെയായി ജിജ്ഞാസകൾ ചിന്തകളെ പ്രതിരോധിക്കുന്നു. ഭൂമിയുടെ ആകർഷണശക്തി നശിച്ചിരിക്കുമോ ?

ഒന്ന്......... രണ്ട്......... പാദവ്യത്യാസങ്ങൾ! വീടിൻെറ മുമ്പിലെത്തി. അല്ല, ഇതു് കമലത്തിൻെറ വീടല്ല. അതാ, ആ പാരിജാതകം, ആ വയസ്സൻമാവ്. എല്ലാം അതുതന്നെ. എന്നാൽ ഈ ക്ലററൻ എടുപ്പ് എങ്ങിനെ വന്നു. പഴയ പുര പുതുക്കിപ്പണിയിച്ചതാകുമോ ?

കണ്ണുകൾ തിരുമ്മി വീണ്ടും നോക്കി. അല്ല, ഇതു് മറേറതോ വീടാണ്. സ്വപ്നമോ ? യാഥാർത്ഥ്യമോ ?... എൻെറ തലക്ക് വല്ല തകരാറും സംഭവിച്ചോ ?

അന്വേഷിക്കാൻ......... ആരെയും പുറത്തുകാണുന്നില്ല. പുറത്തുള്ള കാളിംഗ്ബെല്ലിലേക്ക് വിറക്കുന്ന കൈകൾ ഉയർന്നു. ഇല്ല, ആരും, വരുന്നില്ല.

ബെല്ല് വീണ്ടും ശബ്ദിച്ചു. ഒരു കാൽപെരുമാററം കേട്ടു. ഒരു മദ്ധ്യവയസ്ക്ക വന്നു; വാതിൽ തുറന്നു.

‘‘ഇതു് കമലത്തിൻെറ വീടല്ലെ ? ’’

‘‘ഏതു് കമലത്തിൻെറ ? നിങ്ങൾ ആരാണ് ? ’’

‘‘രജിസ്ത്രാറുടെ മകൾ കമലം’’.

‘‘അവർ ഇവിടെനിന്നും പോയിട്ട് കുറെകാലമായല്ലോ’’ എൻെറ ഉള്ളിലൂടെ ഒരിടിവാൾ മിന്നി.

‘‘നിങ്ങൾ അവരുടെ ആരാണ് ? ’’ വീണ്ടും ചോദ്യം. എൻെറ ചങ്ക് പൊട്ടുന്നതായി തോന്നി.

‘‘ഞാൻ അവരുടെ ഒരു ബന്ധുവാണ്; എത്രകാലമായി താമസം മാററിയിട്ട് ? ’’

‘‘അവരുടെ അച്ഛൻ മരിച്ചശേഷം ഒരു കൊല്ലം ഇവിടെ താമസിച്ചു. പിന്നെ ഈ വീടും സ്ഥലവും ഞങ്ങൾക്ക് വിററു. അവർ എവിടേക്കോ പോയി. രണ്ടുവയസ്സ് പ്രായമുള്ള ഒരു കുട്ടിയുമുണ്ട് അവർക്ക്. അവരുടെ ഭർത്താവ് അമേരിക്കയിലോ മറേറാ ആണെന്ന് കേട്ടു.’’

ഭർത്താവാകുന്ന മഹാപാപി ഞാനാണെന്ന് ഉറക്കെ വിളിച്ചുപറയാൻ തോന്നി.

‘‘ഇപ്പോൾ അവർ എവിടെയാണ് ? ’’

‘‘അറിയില്ല. രണ്ടുകൊല്ലമായി അവരെപ്പററി ഒന്നും അറിയില്ല.’’

# THE EVENING FUN

M. ZARINA NAGOE
I P. D. C. P.2

THE howl of the storm and the pitter patter of the rain disturbed my sleep in the small hours of the morning. By dawn the violence of the elements has abated, but there was still a steady downpour and the sky was an unbroken grey.

When I woke, I saw surprisingly my cousins in the living room. They reached home quite early as their parents left for Bangalore on some urgency. If was a stroke of luck that there was no school that day.

At about 8-30 we had our break-fast. Mother had prepared some special dishes as there were guests. For some time all were engaged in reading newspapers, magazines or other periodicals. After that we played Table-Tennis for half an hour.

The rain had almost stopped about 3 o' clock. My cousin and I decided to go out just for the fun of it. My mother told us that we were fools to have a walk on such a rainy day. But it would be an experience to be out, after the rain. The sun gleamed through the scattered clouds. We were having our pleasant walk when the spicks of thick black clouds gathered together in the sky. Within a moment the weather changed and there was a heavy downpour which made our walk unpleasant. We saw people in a queue standing in front of shops as if they were waiting for free samples and getting wet by the drips from the neighbours umbrella. Meanwhile we both reached a shelter under a banyan tree. we were dripping wet as a drenched cock, with our clothes close to our body. We didn't know how many were watching us and making fun. We didn't know what to do. We simply stood face to face. We wanted to reach home and change our clothes. Oh! who's that ......? A girl accompanied by an elderly woman shuffled out of a shop and got into the waiting ambassador. They were just standing at us. I didn't recognize the girl or the woman. I wondered who it would be? Anyway they wanted to help us. That car moved towards us. Oh! it's my old classmate Linda! She had changed much. I couldn't recognize her. She called out my name and asked, "Couldn't you recognize me, your friend Linda?" She laughed and got into the car. Her mother felt pity for us. Their house was near by and asked us to go there. We both squeezed in. I introduced my cousin to them. When me reached her quarters Linda's grandpa glared at us through his horned spectacles. Linda explained everything to him. Aunt Polley (as we called Linda's mother) offered us necessary clothes to change and gave us steaming coffee. I think that Linda was a chatter box. She explained in an exaggerating manner the condition in which she caught sight of us. She dialled to get mother and told her all that happened. For sometime I couldn't hear anything but her laughs. She was happy to know that we were in safe place. She asked us to return as soon as the rain stopped. I think that God had heard her prayer and the rain calmed down. Linda's father was kind enough to give us a lift to our home. We thanked them from the bottom of the heart for all their generosity and got into the car.

Grr...rr...... the car started and we were on our way home.

# ഉദയം

കെ. അഹമ്മദ്, II Bcom,

രാപ്പാടികളുടെ ശബ്ദംനിലച്ചു, മഞ്ഞുപെയ്യുന്ന, പൂനിലാവ് പരന്നൊഴുകുന്ന ആ രാത്രിയിൽ ഉറക്കമുപേക്ഷിച്ച് ഞങ്ങളിരുന്നു. ഏതോ ഒരു ദൂതനെ കാണാൻ. രാത്രിയുടെ അന്ത്യയാമത്തിൽ മാത്രം എത്താറുള്ള ആ ദൂതനെക്കാത്ത് ഞങ്ങൾ ആകാംക്ഷയോടെയിരുന്നു. കൊററിയുദിക്കാൻ ഗർഭംധരിച്ച മാനക്കോണിൽ നക്ഷത്രങ്ങൾ ചിമ്മിക്കെട്ടുന്നു.

സെക്കൻറുകൾ മിനുററുകളായി രൂപപരിണാമം ചെയ്തപ്പോൾ, നിദ്രാദേവി ചിലരെ സ്നേഹിക്കാൻ തുടങ്ങി. ദൂതനെക്കാത്തിരിക്കുന്ന ഞങ്ങൾക്ക് നിദ്രാദേവിയുടെ കാമാവേശത്തെ പുച്ഛത്തോടെ നോക്കിക്കാണാനെ കഴിഞ്ഞുള്ളു. മററുള്ള ദിവസങ്ങളിൽ അവളുടെ വാതിലിൽ മുട്ടിയാൽപ്പോലും അവൾ തുറക്കാറില്ല.

'ദൂതൻ വന്നോ'? ചിലർ അന്വേഷിച്ചു. അവൻ ദൈവദൂതനാണോ? അല്ല! ആണ്! രണ്ടുമാണ്. ഞങ്ങളെന്ന വർഗ്ഗത്തിന് രണ്ടും ഒന്നാണ്. കാത്തുനിൽപ്പുവിരസമാണ്. അക്ഷമരായ, ലക്ഷ്യബോധമില്ലാത്ത, ചിലർ താവളം വിട്ടിറങ്ങാൻ തുടങ്ങി. ശേഷിച്ചിരുന്നവരിൽ ഒരാൾ ആവേശത്തോടെ വിളിച്ചു പറഞ്ഞു, "അതാ അവൻ കിഴക്കൻമലയുടെ ഉച്ചിയിൽ" ഞങ്ങൾ ആവേശത്തോടെ നോക്കി. അതെഅവൻ തന്നെ, ജീവിതത്തിൽ ആദ്യമായാണ് അവനെകാണുന്നത്. തേജസ്സുള്ളമുഖം. ആഹ്ലാദത്തിമർപ്പാണ് ആ അന്തരീക്ഷത്തിന്റെ ബഹളംകേട്ടുണർന്ന, താവളം കാവല്ക്കാരനായ ഭൂതംപറഞ്ഞ് അതു സൂര്യോദയമാണ്. പണ്ട് ഞങ്ങൾ ദിവസേന രാവിലെ ആദ്യംകാണുന്നത് അവനെയാ.

താവളത്തിൽ അവശേഷിച്ചിരുന്നവരിൽ നിന്ന് കൂട്ടച്ചിരി. ഭൂതത്തിന്റെ അജ്ഞതയോർത്തായിരിക്കാം. ചിരിയുടെ പ്രതിധ്വനി അന്തരീക്ഷത്തിൽ അലകൾ സൃഷ്ടിച്ചു.

# WAS IT FUN?

M. HAZINA NAGORE
I B.Sc. Botany

"Read and find out the answer," the lecturer asked us. I looked at my watch. Oh God! still fifteen minutes for the bell! Fifteen long minutes.........I wanted to get immediately out of the class to catch the bus. But, what would my teacher think of me!

My eyes were wandering over the last paragraph of the lesson for the answer. Tick, tick. It was not the watch but my anxiety. At the long last, the bell rang. The conscientious teacher detained the class further. I was feeling awfully indignant with him. Why did he want to complete the lesson at that particular moment when I had to go? He seemed to be indifferent towards the football match.

Without waiting for anybody I rushed to the bus stop. To my despair I was three minutes late for the bus. I had to reach home at least by five. The droning sound of the Sarathi bus, sneezing and wheezing up the hill was being heard. It was an old slow snail, notorious for break-downs. The urgency pushed me in. It was heavily loaded with people going to the 'Santosh Trophy Tournament'. The bus crawled. Exactly at four fifty-five the bus came to a dead halt at Kallai Bridge. We looked out for the mobile court. But it was not there. A break-down as usual.! I got down and walked away to my house 100 metres away.

Gosh! I found none ready to go out. "Where to?" "Didn't I tell you?" To the stadium where the finals of 'Santosh Trophy Tournament' was played. I asked mother what had happened. "Your brother didn't get the tickets for all of us" came the snapping reply. I was terribly disappointed. We gave up all hopes of witnessing the match. Even if we could get tickets, the possibility of getting seats was remote.

At 5-30 my father came with four passes which he managed to get from the president. Mother, sister, brother and I got dressed up quickly.

As we were stepping out of the house, one of our neighbours commented. "How is it that you see the match? You are too late. There will be a big crowed". Why couldn't the old bitch keep quiet? I thought.

We reached the main road. Not a single autorickshaw was seen. We moved forward to find out one. After a short while an old auto came galloping by, with a dark jocky. We got in, but would go only to the junction two furlongs away from stadium because of heavy human traffic. We got down and walked again for ten more minutes. The road to stadium was flooded with people. Never had we seen such a spate! We were drifted to a gate. "Where are you going? It's not the way" we turned to see the smouldering eyes and the corkscrew moustache of a skinny faced policeman. He guided us to the right gate. While he talked, his long jumbled teeth were moving up and down.

We floated along with thousands of others and were pushed into the stadium ground. Chairs and gallery were completely occupied. We didn't know where to look for a seat. At last, the policeman with the jumbled teeth showed us a nice corner where there was some space. We four sat comfortably there.

The players shuffled out of the crowd in coloured uniform and moved to the ground one after another. The play commenced with a bang. The poor ball rolled to and fro and sometimes soared high leaving the players to roll down. It appeared that the ball was more

active than the players. It the ball acted like the pied piper and dragged them along the ground. Like a master magician it charmed the teams and the spectators and after inciting the players to scuffle and quarrel, it escaped from scene. The crowd roared and screamed.

I was more be witched by the dymanism of the ball than by the lumbering movements of sluggish players. The young man who sat beside me was mad with vicarious experience. When he saw the ball without defence near the penalty-box he kicked unconciously the bald head of the oldman in front of him. The poor oldman! fell down on his nose. The policeman with corkscrew moustache came to his help. Shouting and hooting filled the atmosphere. Ho! the referee was frequently looking at his watch. There came the long half-time whistle.

We had a cup of coffee each during the interval. My small brother was gabbering about the players when he was taking the coffee. Unfortunately he placed the cup on the bamboo stand and at the next moment he placed his leg on the cup. Klang! the cup broke to peices. It seemed that the broken pieces were mischievously laughing at his idiocy. "Kid, this is not ball, it is a cup". Somebody called out from behind. The coffee-men was grumbling something. Mother had to pay for the cup. The lean police man was watching us with his smouldering eyes. He gave a look with a silent warning we should behave in a better way.

Interval was over; the match resumed. Even though it was not as thrilling as the 1st half it had a competitive spirit. When the play was drawing to an end and the team which we supported was gaining point, my bad luck began. One of the new, good slippers slipped out of the gallery and fell right down. Where? I didn't know. I didn't know what to do with the other slipper? I thought of Cindrella with one slipper. I got a very stingy snap from my mother for not being careful. One broke the cup, one lost slippers, what next? All the fun dissappeare into the thin air. I could not see any sign o my dear sandals. The only help I could get wa from the stern, stoopy police-man with th terrifying moustache. Cleverly I approache the police-man and informed of the missi slipper. I expected a scornful retort. B suprisingly, in spite of his uncouth appearan he was a kind man. He said he would find i Nobody would care about a lost slipper. B this was mine, dear to me, chosen by mys

The team we supported won the trop All of us were happy, but the l slipper was worrying me. How could find it in that over flowing crowd. Winne were having their celebrations. The wh atmosphere was lit up with crackers. It d fine designs in the sky. People congratula them and Consoled the other. A magnific sight indeed, except for the loss of any slipp We slowly turned our way towards the ga Some how I mustered up courage and ask the lean police man whether he enqui about my poor slipper? Thank Go Someone had got it. While the slipper slipp down it had hit on somebody's head. had caught hold of it to find out the ow and return the blow. So I was to receive blow on my head. But finding me as a go child he gave the slipper back. Thus I h my luck back again. The smouldering e police man was smiling at us through corner of his lips, seeing my happiness. gave a piece of advice to be careful not lose things like that next time when we wo go there. My little brother rep "Thank you, gentleman, we won't be com here next day because the match was o so we won't lose anything." "You smart boy, but don't break any cup home." The police man patted on his h and smiled. Then he turned and wa away. Our mother didn't feel angry wit After all it was a day fill of fun and wo We strolled along with others to our sweet home silently waiting a little far for our arrival.